33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

December 22, 2025 Vol. XXXIII No. 52



BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY

SUNNY
FINANCIAL STRATEGIES, LLC

Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com

- Comprehensive Financial Planning
- Risk Management & Insurance: Life/Disability/Long Term Care/Health/Medicare
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Business Plans/Employee Benefits/Pension
- Retirement Income/Retirement Savings
- Tax Planning Strategies
- Estate Planning: Trusts/Wills
- Education Funds



www.sunnyfinancial.com

475 N Martingale Rd, Suite 1250, Schaumburg, IL 60173

Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.

SECURE TAX SERVICES

DBA Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone: 630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

Free Electronic Filing

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients

Home Visits Available



Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB A+ Rating Better Business Bureau

33rd Year of Service 2025

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 പോറ്റിക്ക് ഒന്നരക്കോടി നല്കിയെന്ന് സ്വർണവ്യാപാരി

9 ഇ.എൽ. ഏലിക്കുട്ടി: പ്രതീകവും മാതൃകയും

15 പിസിഎൻഎകെ ഹൂസ്റ്റൺ പ്രൊമോഷണൽ മീറ്റിംഗ്

17 ഫിയാക്കോനയുടെ സിൽവർ ജൂബിലി

21 സാന്റാ മീറ്റ് ആൻഡ് ഗ്രീറ്റ് ഉത്സവമാക്കി ഡാളസ് ഇടവക



## ക്രിസ്മസ് ആശംസകൾ

നമുക്കു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രത്യാശയും സമാധാനവും ക്രിസ്മസിലൂടെ ലോകത്തിന് ലഭിക്കുന്നതിനായി നമുക്ക് പ്രത്യാശിക്കാം. പുൽക്കൂട്ടിലെ ഉണ്ണീശോയുടെ ജനനം പുതുജീവനും പ്രതീക്ഷയും നൽകട്ടെ. **കേരള എക്സ്പ്രസ്സിന്റെ** എല്ലാ മാന്യവായനക്കാർക്കും സന്തോഷവും സമാധാനവും ശാന്തിയും പ്രത്യാശ നിറഞ്ഞതുമായ **ക്രിസ്മസ് ആശംസകൾ!**

# ശബരിമല വിമാനത്താവളം: വിജ്ഞാപനം റദ്ദാക്കി

കൊച്ചി: ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി ചെറുവള്ളി എസ്റ്റേറ്റും സമീപപ്രദേശങ്ങളും ഏറ്റെടുക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും അനുബന്ധ റിപ്പോർട്ടുകളും ഹൈക്കോടതി റദ്ദാക്കി.

വിമാനത്താവളത്തിനായി 2570 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് അത്യാവശ്യമാണോയെന്നു ശാസ്ത്രീയമായി തെളിയിക്കാൻ സർക്കാരിനു സാധിക്കാത്ത സാഹചര്യത്തിലാണ് ഹൈക്കോടതിയുടെ നടപടി.

ഒരു പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ആ പദ്ധതിക്ക് ആവശ്യമുള്ള ഏറ്റവും കുറഞ്ഞ അളവ് മാത്രമായിരിക്കണം ഏറ്റെടുക്കേണ്ടതെന്നാണ് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ പറയുന്നത്.

എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച് വലിയ വിമാനങ്ങൾ ഇറങ്ങുന്ന വിമാനത്താവളങ്ങൾക്ക് പോലും 1200 ഏക്കർ മതിയാകുമെന്നിരിക്കെ 2570 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന്റെ ആവശ്യകത കോടതി ആരാഞ്ഞു.

ഭാവി വികസനത്തിനായി ഇത്രയും ഭൂമി വേണമെന്നായിരുന്നു സർക്കാരിന്റെ വാദം. എന്നാൽ, എന്തു വികസന പ്രവർത്തനങ്ങൾക്കാണ് ഇത്രയധികം ഭൂമി ഏറ്റെടുക്കുന്നതെന്നു വ്യക്തമാക്കുന്നതിൽ സാമൂഹികാഘാത പഠന വിഭാഗം വിദഗ്ധ സമിതിയും സർക്കാരും പരാജയപ്പെട്ടെന്ന് കോടതി കണ്ടെത്തി. എന്തൊക്കെ വികസനമാണ് ഉദ്ദേശിക്കുന്നതെന്നോ അതിന് എത്ര ഭൂമി വേണമെന്നോ റിപ്പോർട്ടുകളിൽ കൃത്യമായി പറഞ്ഞിട്ടില്ലെന്നും കോടതി വ്യക്തമാക്കി.

സാമൂഹികാഘാത പഠന റിപ്പോർട്ടിലും ഭൂമിയുടെ അളവ് സംബന്ധിച്ച ഭാഗങ്ങളും കോടതി റദ്ദാക്കി. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ കൃത്യമായ അളവ് നിർണയിക്കാൻ പുതിയ സാമൂഹികാഘാത പഠനം നടത്താൻ കോടതി നിർദേശിച്ചു.

വിമാനത്താവളം, ഡാം തുടങ്ങിയ സാങ്കേതിക (ശേഷം 34-ാം പേജിൽ)

# ശ്രീനിവാസൻ ഓർമയായി

തൃപ്പൂണിത്തുറ: ചിരിപ്പിച്ചും ചിന്തിപ്പിച്ചും മലയാളിമനസുകളിൽ ചേക്കേറിയ പ്രിയതാരം ശ്രീനിവാസൻ ഇനി ദീപ്തമായ ഓർമ. അഭിനയം, തിരക്കഥ, സംവിധാനം എന്നിങ്ങനെ ചലച്ചിത്രമേഖലയിൽ തൊട്ടതെല്ലാം പൊന്നാക്കിയ ശ്രീനി, ജീവിതത്തിൽ നാട്യങ്ങളേതുമില്ലാത്ത പച്ചമനുഷ്യനുമായിരുന്നു. എന്നും കാണുന്ന നാട്ടുകാരനെപ്പോലെ, ശ്രീനി സൃഷ്ടിച്ചതും വേഷമിട്ടതുമായ കഥാപാത്രങ്ങളോടു മലയാളി അത്രമേൽ താദാത്മ്യം പ്രാപിച്ചു. അതുല്യകലാകാരന് അവസാന യാത്രാമൊഴിയേകാൻ ഡിസംബർ 21-ന് രാവിലെമുതൽ ഉദയംപേരൂർ കണ്ടനാടുള്ള പാലാഴി വീട്ടിലേക്ക് ജനസഞ്ചയം ഒഴുകുകയായിരുന്നു.



അന്ത്യാഞ്ജലി അർപ്പിക്കാനെത്തിയവരുടെ നിര നീണ്ടതോടെ രാവിലെ പത്തിന് തുടങ്ങാനിരുന്ന സംസ്കാരച്ചടങ്ങുകൾ ഒരു മണിക്കൂർ വൈകി 11-ഓടെയാണ് ആരംഭിച്ചത്. മൂത്ത മകൻ വിനീത് ശ്രീനിവാസനാണ് അന്ത്യകർമങ്ങൾ ചെയ്തത്. സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ബഹുമതികളുടെ ഭാഗമായി പോലീസ് ഗാർഡ് ഓഫ് ഓണർ നൽകി. തുടർന്ന് ബന്ധുജനങ്ങളുടെയും ആരാധകരുടെയും കണ്ണുകളെ ഈറനണിയിച്ച് വിനീത് ചിതയ്ക്കു തീ കൊളുത്തി.

അഗ്നിയാളിത്തുടങ്ങിയ ചിതയെ നോക്കി മകൻ ധ്യാൻ മുഷ്ടി ചുരുട്ടി അച്ഛനെ അഭിവാദ്യം ചെയ്തു. ചിതയെരിയും മുമ്പ് സംവിധായകൻ സത്യൻ അന്തിക്കാട് തന്റെ പ്രിയ സുഹൃത്തിനു പേനയും കടലാസും സമർപ്പിച്ചു. 'എല്ലാവർക്കും നന്മകൾ വരട്ടെ' എന്നെഴുതിയ പേപ്പർ സത്യൻ ചിതയിലേക്കു വെക്കുമ്പോൾ വിതുമ്പുകയായിരുന്നു. ഉച്ചസൂര്യനെ സാക്ഷിനിർത്തി അഗ്നിനാളങ്ങൾ ചിതയെ വിഴുങ്ങിയതോടെ മലയാള സിനിമയുടെ ശ്രീ ഓർമത്തിരയിലേക്ക് മറഞ്ഞു.

ഡിസംബർ 20-ന് ശനിയാഴ്ച രാവിലെ ഡയാലിസിസിനായി ഇടപ്പള്ളി അമൃത ആശുപത്രിയിലേക്ക് കൊണ്ടുപോകവേ ആരോഗ്യസ്ഥിതി മോശമായ ശ്രീനിവാസനെ, തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിലെത്തിച്ചപ്പോഴേക്കും രാവിലെ 8.30-ഓടെ മരണം സ്ഥിരീകരിക്കുകയായിരുന്നു. ചലച്ചിത്ര, രാഷ്ട്രീയ, സാമൂഹ്യ മേഖലകളിൽനിന്ന് ഒട്ടേറെ പ്രമുഖർ പ്രിയതാരത്തിന് അന്ത്യാഞ്ജലിയർപ്പിക്കാനെത്തി. കേരളസർക്കാരിന്റെ പ്രതിനിധിയായി മന്ത്രി പി. പ്രസാദ് സംസ്കാരച്ചടങ്ങിൽ പങ്കെടുത്തു.

തലശ്ശേരിക്കു സമീപം പാട്യത്ത് പരേതരായ ഉച്ചമ്പള്ളി ഉണ്ണിമാഷിന്റെയും ലക്ഷ്മിയുടെയും മകനായി 1951 ഏപ്രിൽ ആറിനാണ് ജനനം. സൗത്ത് പാട്യം യു.പി. സ്കൂൾ, കൂത്തുപറമ്പ് മിഡിൽ സ്കൂൾ, കതിരൂർ ഹൈസ്കൂൾ, മട്ടന്നൂർ പഴശ്ശിരാജ എൻഎസ്എസ് കോളജ് എന്നിവിടങ്ങളിലാണ് പഠനം പൂർത്തിയാക്കിയത്. ഇക്കണോമിക്സിൽ ബിരുദമെടുത്തശേഷം മദ്രാസ് ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു.

അക്കാലത്ത് ഇൻസ്റ്റിറ്റ്യൂട്ടിലെ വൈസ് പ്രിൻസിപ്പലായിരുന്ന നാട്ടുകാരൻകൂടിയായ എ. പ്രഭാകരനാണ് ശ്രീനിവാസന് അഭിനയപാഠങ്ങൾ പറഞ്ഞുകൊടുക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത്.

(ശേഷം 34-ാം പേജിൽ)

# രാഷ്ട്രപതി ഒപ്പിട്ടു; വിബി-ജി റാം ജി ബിൽ നിയമമായി

ന്യൂഡൽഹി: യുപിഎ സർക്കാരിന്റെ അഭിമാനപദ്ധതിയായിരുന്ന മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കു പകരം കേന്ദ്രസർക്കാർ കൊണ്ടുവരികയും പാർലമെന്റിന്റെ ഇരുസഭകളിലും പാസാക്കുകയും ചെയ്ത 'വികസിത് ഭാരത് ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ)' ബില്ലിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഔദ്യോഗിക ഒപ്പ് രേഖപ്പെടുത്തി. ഇതിനുപിന്നാലെ കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതോടെ ബില്ല് നിയമമായി.

പാർലമെന്റിലെ ഇരുസഭകളിലും പ്രതിപക്ഷം ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തിയെങ്കിലും അതു മുഖവിലയ്ക്കെടുക്കാതെയാണു കേന്ദ്രസർക്കാർ ബില്ല് പാസാക്കിയത്. വിബി-ജി റാം ജി എന്ന ചുരുക്കപ്പേരിലാണ് നിയമം അറിയപ്പെടുക. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ പേരും ഘടനയും മാറ്റിയുള്ള ബില്ല് സെലക്ട് കമ്മിറ്റിക്കു വിടണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം ഉൾപ്പെടെ നേരത്തേ കേന്ദ്രസർക്കാർ തള്ളിയിരുന്നു.

(ശേഷം 34-ാം പേജിൽ)

# ടി.പി. കേസ് പ്രതികൾക്ക് വീണ്ടും പരോൾ

കണ്ണൂർ: ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതികൾക്കു വീണ്ടും പരോൾ അനുവദിച്ചു. മുഹമ്മദ് ഷാഫി, ഷിനോജ് എന്നിവർക്കാണ് പരോൾ ലഭിച്ചത്. 15 ദിവസത്തെ പരോളാണ് ഇരുവർക്കും ലഭിച്ചത്.

സ്വാഭാവിക പരോൾ എന്നാണ് ജയിൽ അധികൃതർ അറിയിക്കുന്നത്. ഒരു വർഷം ജയിലിൽ കിടക്കുന്ന വർക്ക് 60 ദിവസം പരോൾ നല്കാമെന്ന് ചട്ടമുണ്ടെന്നാണ് ജയിൽ വകുപ്പ് അധികൃതർ നല്കുന്ന വിശദീകരണം. ടി.പി. വധക്കേസിലെ അഞ്ചാം പ്രതിയാണ് ഷാഫി മുഹമ്മദ്. ഷാഫിക്ക് കൊലപാതകത്തിൽ നേരിട്ട് പങ്കുണ്ടെന്നു കോടതി കണ്ടെത്തിയിരുന്നു. കേസിലെ നാലാംപ്രതി ടി.കെ. രജീഷിനു 20 ദിവസത്തെ പരോൾ ലഭിച്ചിരുന്നു. ഏതാനും മാസം മുൻപ് ആയുർവേദ ചികിത്സയ്ക്കും പരോൾ നല്കി. കേസിലെ പ്രതികൾക്കെല്ലാം അനർഹമായ പരോളും ആനുകൂല്യങ്ങളും നല്കുന്നുവെന്ന് ആരോപണം നിലനിൽക്കുന്നതിനിടെയാണ് വീണ്ടും പരോൾ നല്കിയത്.

# ശബരിമല: പോറ്റിക്ക് ഒന്നരക്കോടി നല്കിയെന്ന് സ്വർണവ്യാപാരി

തിരുവനന്തപുരം: ശബരിമല സ്വർണ്ണക്കൊള്ളയിൽ ഉണ്ണികൃഷ്ണൻ പോറ്റിക്ക് ഒന്നരക്കോടി രൂപ നല്കിയെന്ന് അറസ്റ്റിലായ ബെല്ലാരിയിലെ സ്വർണ വ്യാപാരി ഗോവർധൻ എസ്ഐടിക്ക് മൊഴി നല്കി. എസ്ഐടി അറസ്റ്റ് ചെയ്ത ചെന്നായിലെ സ്മാർട്ട് ക്രിയേഷൻസ് ഉടമ പങ്കജ് ഭണ്ഡാരി, സ്വർണ വ്യാപാരി ഗോവർധൻ, ഉണ്ണികൃഷ്ണൻ പോറ്റി എന്നിവരെ ഒന്നിച്ചിരുത്തി ചോദ്യം ചെയ്യാനും വിശദമായ തെളിവെടുപ്പിനുമായി മൂന്നുപേരെയും അന്വേഷണസംഘം കസ്റ്റഡിയിൽ വാങ്ങാനായി കോടതിയിൽ അപേക്ഷ നല്കും.

ഉണ്ണികൃഷ്ണൻ പോറ്റി സ്വർണ്ണപ്പാളി നല്കിയതിനു പ്രതിഫലമായിട്ടാണ് ഒന്നരക്കോടി രൂപ നല്കിയതെന്നാണ് ഗോവർധന്റെ മൊഴി. എന്നാൽ, സംഭവം നടന്ന കാലയളവിൽ സ്വർണ്ണത്തിന് ഇപ്പോഴുള്ളയത്ര വിലയില്ലാതിരിക്കെ എന്തിനാണ് ഉണ്ണികൃഷ്ണൻ പോറ്റിക്ക് ഭീമമായി തുക നല്കിയതെന്നു സ്ഥിരീകരിക്കേണ്ടതുണ്ട്.

സ്മാർട്ട് ക്രിയേഷൻസിൽ സ്വർണം വേർതിരിച്ചെടുക്കാനുള്ള സംവിധാനമില്ലെന്നതുൾപ്പെടെ നേരത്തെ മൊഴി നല്കിയിരുന്ന പങ്കജ് ഭണ്ഡാരിയുടെ മൊഴികളിലെ പൊരുത്തക്കേടുകളിൽ നിന്നാണ് ഇരുവർക്കും സ്വർണക്കൊള്ളയിൽ പങ്കുണ്ടെന്ന് എസ്ഐടി കണ്ടെത്തിയത്. നേരത്തെ പങ്കജിനെയും ഗോവർധനെയും എസ്ഐടി സാക്ഷിപ്പട്ടികയിലായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, ശബരിമലയിലെ സ്വർണമാണെന്ന് അറിഞ്ഞുകൊണ്ട് ഇരുവരും കൊള്ളയ്ക്കു കൂട്ടുനിന്നെന്നു കണ്ടെത്തിയതിനെ തുടർന്നാണ് അറസ്റ്റുണ്ടായത്. കേസ് അന്വേഷണത്തിൽ എസ്ഐടിയുടെ മെല്ലെപ്പോക്കിനെ ഹൈക്കോടതി വിമർശിച്ചതിന്റെ പശ്ചാത്തലത്തിലാണ് ഇരുവരെയും എസ്ഐടി അറസ്റ്റ് ചെയ്തത്. ദേവസ്വം ബോർഡ് മുൻ അംഗങ്ങളിലേക്ക് അന്വേഷണം പോകാത്തതിനെയും കോടതി വിമർശിച്ചിരുന്നു. അതേസമയം, ഗോവർധനിൽനിന്ന് ശബരിമല സ്വർണപ്പാളി പുരാവസ്തു തട്ടിപ്പു സംഘങ്ങളിലേക്ക് എത്തിയിട്ടുണ്ടെന്ന സംശയം എസ്ഐടിക്കുണ്ട്.

## ഡൽഹിയിൽ ഇനി ബിഎസ്–4 മാത്രം

ന്യൂഡൽഹി: ഡൽഹിയിലെ നിരത്തുകളിൽ ഇനി ബിഎസ്-4 എഞ്ചിൻ ഉള്ള വാഹനങ്ങൾ മാത്രമേ അനുവദിക്കൂവെന്നു സുപ്രീം കോടതി. 10 വർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങൾക്കും 15 വർഷം പഴക്കമുള്ള പെട്രോൾ വാഹനങ്ങൾക്കും ഡിസംബർ 18 മുതൽ പ്രവർത്തനാനുമതിയുണ്ടാകില്ല എന്ന മുൻ ഉത്തരവിലാണു കോടതി മാറ്റം വരുത്തിയത്. ഇന്ത്യയിലെ 15 വർഷം പഴക്കമുള്ള പെട്രോൾ വാഹനങ്ങൾക്കും 10 വർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങൾക്കും സാധാരണയായി ബി.എസ്-3 (ഭാരത് സ്റ്റേജ് 3) എഞ്ചിനായിരിക്കും ഉണ്ടാകുക. ഇതിനു ശേഷമാണു ബിഎസ്-4 എഞ്ചിനുകൾ പുറത്തിറങ്ങിയത്. നേരത്തെ, ഡൽഹി സർക്കാർ സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ, 10 വർഷം പഴക്കമുള്ള ഡീസൽ വാഹനങ്ങൾക്കും 15 വർഷം പഴക്കമുള്ള പെട്രോൾ വാഹനങ്ങൾക്കും കർശനമായ നടപടികൾ ഉണ്ടാകില്ലെന്നു സുപ്രീം കോടതി ഉത്തരവിട്ടിരുന്നു. ആ ഉത്തരവിൽ അവ്യക്തതയുള്ളതായി പരാതിയുണ്ടായിരുന്നു.

ഭാരത് സ്റ്റേജ് 4 (ബിഎസ്-4) എന്നത് 2017-ൽ ഇന്ത്യയിൽ നടപ്പിലാക്കിയ മലിനീകരണ നിയന്ത്രണ മാനദണ്ഡമാണ്. മുൻഗാമിയായ ബിഎസ്-3 യേക്കാൾ വാഹനങ്ങളുടെ മലിനീകരണം കുറയ്ക്കുന്നതിനുള്ള ഒരു വലിയ ചുവടുവെപ്പായിരുന്നു അത്. നൈട്രജൻ ഓക്സൈഡുകൾ, കണികാ പദാർത്ഥങ്ങൾ, ഹൈഡ്രോകാർബണുകൾ എന്നിവ ഉൾപ്പെടെയുള്ള അന്തരീക്ഷ മലിനീകരണത്തിനു കാരണമാകുന്ന പദാർത്ഥങ്ങളുടെ അളവ് നിയന്ത്രിക്കുന്നതിനാണു ബിഎസ്-4 മാനദണ്ഡങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇപ്പോൾ റോഡിലിറങ്ങുന്ന വാഹനങ്ങളിലുള്ളത് ബിഎസ്-7 എഞ്ചിനാണ്.

## 14 വർഷത്തിനുമേൽ ജീവപര്യന്തം വിധിക്കാൻ സെഷൻസ് കോടതികൾക്ക് അധികാരമില്ല

ന്യൂഡൽഹി: 14 വർഷത്തിനു മുകളിൽ ജീവപര്യന്തം ശിക്ഷ വിധിക്കാൻ സെഷൻസ് കോടതിക്ക് അധികാരമില്ലെന്ന് സുപ്രീം കോടതി. കൊലപാതകക്കേസുകളിൽ പ്രതികൾക്ക് ഇളവില്ലാത്ത ജീവപര്യന്തം തടവുശിക്ഷ വിധിക്കാൻ സെഷൻസ് കോടതികൾക്ക് അധികാരമില്ലെന്നും കോടതി വ്യക്തമാക്കി. ഇളവില്ലാത്ത ജീവപര്യന്തം വിധിക്കാൻ ഭരണഘടനാ കോടതികൾക്ക് മാത്രമാണ് അധികാരമെന്ന് ജസ്റ്റീസുമാരായ എ. അമാനുള്ള, കെ. വിനോദ് ചന്ദ്രൻ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. വിചാരണക്കോടതി ശിക്ഷ ശരിവെച്ച കർണാടക ഹൈക്കോടതി ഉത്തരവ് തള്ളിയാണ് നിരീക്ഷണം. അഞ്ചു മക്കളുടെ അമ്മയെ തീകൊളുത്തിക്കൊന്ന കേസിൽ കർണാടക സ്വദേശിയുടെ അപ്പീലിലാണ് ഉത്തരവ്. ശാരീരികബന്ധം എതിർത്തതിന് ബന്ധുവായ സ്ത്രീയെ പ്രതി വീട്ടിൽ അതിക്രമിച്ചു കയറി കൊലപ്പെടുത്തുകയായിരുന്നു. കേസിൽ ക്രിമിനൽ നടപടിക്രമ ചട്ടത്തിലെ സെക്ഷൻ 428 പ്രകാരമുള്ള ഇളവിന്റെ ആനുകൂല്യം പ്രതിക്ക് നല്കണമോ എന്ന നിയമപ്രശ്നം മാത്രമാണ് പരിഗണിച്ചതെന്ന് സുപ്രീംകോടതി ഉത്തരവിൽ വ്യക്തമാക്കി. തുടർന്ന് ശിക്ഷ 14 വർഷത്തെ ജീവപര്യന്തമായി കുറച്ച കോടതി, ഇളവിനായി അപേക്ഷ സമർപ്പിക്കാൻ പ്രതിക്ക് അനുമതി നല്കി.

## ഐഎഫ്എഫ്കെ സുവർണ ചകോരം 'ടു സീസൺസ് ടു സ്ട്രെയ്ഞ്ചേഴ്സ്'ന്

തിരുവനന്തപുരം: വിവാദങ്ങൾക്കിടെ 30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ (ഐഎഫ്എഫ്കെ) മികച്ച സിനിമയ്ക്കുള്ള സുവർണ ചകോരം (20 ലക്ഷം രൂപ) ജാപ്പനീസ് ചിത്രം 'ടു സീസൺസ് ടു സ്ട്രെയ്ഞ്ചേഴ്സ്' സ്വന്തമാക്കി. രാജ്യാന്തര മത്സരവിഭാഗത്തിൽ മികച്ച ചിത്രത്തിനുള്ള ഫിപ്രസി അവാർഡ് സഞ്ജു സുരേന്ദ്രൻ സംവിധാനം ചെയ്ത മലയാള ചിത്രം 'ഖിഡ്കി ഗാവ്' സ്വന്തമാക്കി. മികച്ച സംവിധായകനുള്ള രജത ചകോരം (4 ലക്ഷം) 'ബിഫോർ ദ് ബോഡി' (അർജന്റീന) എന്ന ചിത്രത്തിലൂടെ കരീന പിയാസ, ലൂസിയ ബ്രസീലിസ് എന്നിവർക്ക് ലഭിച്ചു. ഉണ്ണിക്ക്യഷ്ണൻ ആവളയുടെ 'തന്തപ്പേര്' (മലയാളം) പ്രത്യേക ജൂറി പുരസ്കാരത്തിന് അർഹമായി. ഓഡിയൻസ് പോൾ അവാർഡും 'തന്തപ്പേര്' സ്വന്തമാക്കി. മികച്ച നവാഗത ഇന്ത്യൻ സംവിധായകർക്കുള്ള കെ.ആർ മോഹനൻ അവാർഡ് തനുശ്രീ ദാസ്, സൗമ്യാനന്ദ സാഹി എന്നിവർ പങ്കിട്ടു. ഇവരുടെ സംവിധാന മികവിൽ ഒരുങ്ങിയ 'ഷാഡോ ബോക്സ്' എന്ന ഇന്ത്യൻ ചിത്രത്തിനാണ് മികച്ച നവാഗത സംവിധായകനുള്ള രജത ചകോരവും ലഭിച്ചത്. മലയാള സിനിമയിലെ മികച്ച നവാഗത സംവിധായകനുള്ള ഫിപ്രസി അവാർഡ് ഫാസിൽ റസാഖ് സ്വന്തമാക്കി. ചിത്രം-മോഹം.

നെറ്റ്പാക് പുരസ്കാരങ്ങളിൽ മികച്ച ഏഷ്യൻ സിനിമയായി 'സിനിമ ജസീറ' (തുർക്കി) തെരഞ്ഞെടുക്കപ്പെട്ടു. 'ബ്ലാക്ക് റാബിറ്റ് വൈറ്റ് റാബിറ്റ്' (തജിക്കിസ്ഥാൻ) സാങ്കേതിക മികവിനും ഷാഡോ ബോക്സിലെ പ്രകടനത്തിന് തിലോത്തമ ഷോമെയ്ക്കും പ്രത്യേക ജൂറി പരാമർശം ലഭിച്ചു.



ടു സീസൺസ് ടു സ്ട്രെയ്ഞ്ചേഴ്സിന്റെ എഡിറ്റർ കെയ്കോ കൊവ, രജത ചകോരം നേടിയ സൗമ്യാനന്ദ സാഹി, ബിഫോർ ദ് ബോഡിയുടെ നിർമാതാവ് പൗള മസ്റ്റിലോണ എന്നിവർ.

## റഷ്യയിലെത്തിയ യുവാവിനെ കള്ളക്കേസിൽ കുടുക്കി യുദ്ധത്തിനയച്ചു

മോസ്കോ: വിദ്യാർത്ഥി വിസയിൽ പഠനത്തിനായി റഷ്യയിലേക്കു പോയ ഇന്ത്യൻ വിദ്യാർത്ഥി യുക്രെയ്ൻ യുദ്ധമുഖത്തു കുടുങ്ങി. ഗുജറാത്തിൽ നിന്നുള്ള സാഹിൽ മുഹമ്മദ് ഹുസൈനാണ് റഷ്യൻ സൈന്യത്തിൽ ചേരാൻ നിർബന്ധിതനായി ഇപ്പോൾ യുദ്ധമുഖത്തു തുടരുന്നത്. യുവാവിന്റെ വീഡിയോ സന്ദേശം ഈയിടെ പുറത്തുവന്നിരുന്നു. വ്യാജ ലഹരിമരുന്നു കേസിൽ ഉൾപ്പെടുത്തുമെന്ന ഭീഷണിയെ തുടർന്നാണ് താൻ റഷ്യൻ സൈന്യത്തിൽ ചേരാൻ നിർബന്ധിതനായതെന്നു യുവാവ് പറയുന്നു. പതിനഞ്ച് ദിവസത്തെ പരിശീലനത്തിനു ശേഷമാണ് റഷ്യക്കാർ തന്നെ യുദ്ധമുഖത്തേക്ക് അയച്ചതെന്നും യുവാവ് പറഞ്ഞു. താൻ ഇപ്പോൾ യുക്രെയിനിലാണ്. യുദ്ധമുഖത്തു വെച്ച് യുക്രെയിൻ സൈന്യം പിടികൂടി ക്യാമ്പിലേക്ക് മാറ്റിയിരിക്കുകയാണ്. നാട്ടിലേക്ക് മടങ്ങാൻ ഇന്ത്യൻ സർക്കാർ സഹായിക്കണമെന്നും യുവാവ് വീഡിയോ സന്ദേശത്തിൽ അഭ്യർത്ഥിച്ചു. പഠനത്തിനുശേഷം ഒരു കൊറിയർ സ്ഥാപനത്തിൽ പാർട്ട് ടൈം ജോലി ചെയ്യുകയായിരുന്ന താനെന്നും റഷ്യൻ പോലീസ് വ്യാജ ലഹരിമരുന്ന് കേസിൽ കുടുക്കിയെന്നും യുവാവ് ആരോപിച്ചു. റഷ്യൻ സൈന്യത്തിൽ സേവനമനുഷ്ഠിച്ചാൽ കേസ് റദ്ദാക്കാമെന്നായിരുന്നു പോലീസിന്റെ വാഗ്ദാനം. ഇതിനിടയിലാണ് യുക്രെയ്ൻ സൈന്യത്തിന്റെ പിടിയിലായത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 52
December 22, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

ജീവിതത്തിലെ മനോഹര വസ്തുക്കൾ വെറും നിഴലുകളാണ്. അവ മാറുകയും മറയുകയും പോവുകയും ചെയ്യുന്നു.

**ചാൾസ് ഡിക്കൻസ്**

സത്യസന്ധമായ അദ്ധ്വാനത്തിലാണ് ബഹുമതി സ്ഥിതിചെയ്യുന്നത്.

**ഗ്രോവർക്ളവ്ലാൻഡ്**

# മലയാളിയുടെ മനസറിഞ്ഞ കലാകാരൻ



കണ്ണൂർ പാട്യം സ്വദേശിയായ ശ്രീനിവാസൻ പി.എ. ബക്കറിന്റെ മണിമുഴക്കം എന്ന ചിത്രത്തിൽ അഭിനയിച്ചാണ് മലയാള സിനിമയിലേക്ക് എത്തുന്നത്. സരസവും കുറിക്കുകൊള്ളുന്നതുമായ ഒരു മറുപടി എന്നും ശ്രീനി സൂക്ഷിച്ചിരുന്നു. അതു സിനിമയിലായാലും ജീവിതത്തിലായാലും. ശ്രീനിയുടെ ഹാസ്യത്തിന്റെ ഏറ്റവും ഉദാത്തമായ ഉദാഹരണമാണ് 'ചെയ്യാത്ത 500 സിനിമകളാണ് മലയാള സിനിമയിൽ തന്റെ മികച്ച സംഭാവനകളെന്നു'ള്ള അദ്ദേഹത്തിന്റെ പ്രതികരണം. അത്രമേൽ സരസവും അതുപോലെതന്നെ



ഗൗരവതരമായ ചിന്തയുടെയും ഉറവിടമായിരുന്നു ശ്രീനിവാസൻ.

എല്ലാകാര്യവും വെട്ടിത്തുറന്ന് വടിവൊത്തു തന്നെ പറയുന്ന സ്വഭാവം അദ്ദേഹത്തിന്റെ ശൈലിയായിരുന്നു. നടൻ മമ്മൂട്ടിയെ അങ്ങനെയാരും വിമർശിക്കാറില്ലെങ്കിലും ശ്രീനിവാസൻ അതിനും ഒരു അപവാദമായിരുന്നു. അതിനു കാരണവുമുണ്ട്. ദീർഘനാൾ ഇരുവരും മദ്രാസിൽ കഴിഞ്ഞിരുന്നു. അതുമൂലം അവർക്കിടയിൽ വലിയൊരു സ്വാതന്ത്ര്യവും ഉടലെടുത്തിരുന്നു. മമ്മൂക്കയുമായുള്ള സൗഹൃദം ദൃഢവും ദീപ്തവുമായിരുന്നു.

ശ്രീനിയുടെ പല സിനിമകളും അതിറങ്ങിയ കാലത്തെക്കൂടി പ്രതിഫലിപ്പിക്കുന്നതായിരുന്നു. അക്കാലത്തുള്ള സാമൂഹിക ജീവിതവുമായി അത് ഇഴചേർന്നു കിടന്നപ്പോൾ പലതും വിജയമായി.

യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ, തനി നാട്ടിൻപുറങ്ങളിലെ സംഭവങ്ങൾ, സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങൾ എന്നിവ സിനിമയ്ക്ക് വിഷയമായി. സ്വന്തം കുറവുകൾ പോലും സിനിമയിൽ വിഷയമാക്കാനും അദ്ദേഹം മടിച്ചിരുന്നില്ല. വടക്കുനോക്കിയന്ത്രം എന്ന സിനിമ ഇതിനൊരു ക്ലാസിക് ഉദാഹരണമാണ്. 'ഞാൻ സുന്ദരനല്ലേ ചേട്ടാ...' എന്ന് ശ്രീനി അവതരിപ്പിച്ച തളത്തിൽ ദിനേശൻ എന്ന കഥാപാത്രം എടുത്തെടുത്തു ചോദിക്കുന്നുണ്ട്.

ഒട്ടും എളുപ്പമല്ലാത്ത ആത്മവിമർശനവും സ്വയം പരിഹാസവും ഒക്കെ ശ്രീനിവാസൻ എളുപ്പത്തിൽ സിനിമയ്ക്കായി എഴുതുകയും അഭിനയിച്ചു ഫലിപ്പിക്കുകയും ചെയ്തത് മലയാളി അത്ഭുതത്തോടെയാണ് നോക്കിക്കണ്ടത്. വരവേൽപ്പിൽ തിരികെയെത്തുന്ന പ്രവാസിയുടെ ജീവിതക്ലേശങ്ങൾ വരച്ചിട്ടു. 'വെള്ളാനകളുടെ നാട്' ഒരു സാമൂഹിക വിമർശന ചിത്രമായിരുന്നു. 'ചിന്താവിഷ്ടയായ ശ്യാമള'യിൽ എത്തുമ്പോൾ ഹാസ്യവും മനശാസ്ത്രവും എല്ലാം ചേർന്നുകൊണ്ടുള്ള മടിയനായ ഒരു ഭർത്താവിനെ രസകരവും സീരിയസായും അദ്ദേഹം അവതരിപ്പിച്ചു. 'ഉദയനാണു താര'ത്തിൽ സിനിമയിലെ പൊള്ളത്തരങ്ങളും പൊങ്ങച്ചങ്ങളും ഒരുപോലെ വരച്ചുവെച്ചു. ഇതിൽ ജഗതിയുമൊത്തുള്ള കോമ്പോ സീനുകൾ ഏറെ പുതുമകൾ നിറഞ്ഞതായിരുന്നു.

'സന്ദേശം' എന്ന കുടുംബചിത്രം രാഷ്ട്രീയകേരളത്തിൽ വൻ ചർച്ചയായത് ശ്രീനിയുടെ രാഷ്ട്രീയ നിരീക്ഷണത്തിന്റെ ഉത്തമ മാതൃകയാണ്. അതിലെ ഓരോ കഥാപാത്രവും തെരഞ്ഞെടുപ്പു കാലത്ത് ഇന്നും പുതുമയോടെ ട്രോളുകളായി സാമൂഹിക മാധ്യമങ്ങളിൽ നിറയുന്നുണ്ട്. 'മുത്താരംകുന്ന് പിഒ' ശ്രീനിയുടെ ഒരു ഗ്രാമീണ ചിത്രമായിരുന്നു. സൻമനസുള്ളവർക്ക് സമാധാനം, ഗാന്ധിനഗർ സെക്കൻഡ് സ്ട്രീറ്റ്, നാടോടിക്കാറ്റ് എന്നിവ യുവത്വത്തിന്റെ പ്രതിസന്ധികളും നിസഹായാവസ്ഥയും വിഷയമാക്കി. മലയാള വാണിജ്യസിനിമകളുടെ വിജയ ശിൽപികളിൽ ഒരാളായി മാറാൻ ശ്രീനിക്ക് കഴിഞ്ഞിരുന്നു. 1980-കളിലും 90-കളിലും സത്യൻ അന്തിക്കാടിനും പ്രിയദർശനുമൊപ്പം ഹിറ്റ് കോംബോ സിനിമകൾ സൃഷ്ടിച്ച് സിനിമാലോകത്തെ ഞെട്ടിച്ചു. അതുവരെ മലയാളം അനുഭവിക്കാത്ത തമാശകളുടെയും കലവറയായി മാറുകയായിരുന്നു ആ ശ്രീനി സിനിമകൾ.

മദ്രാസ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം. തിരിച്ചെത്തിയ ശേഷം തൊഴിലില്ലാതെ, സിനിമയിൽ അവസരം തേടി നടന്നു. സിനിമയിൽ അഭിനയിക്കാൻ ചെന്നപ്പോഴാണ് തിരക്കഥ എഴുതിയാൽ അഭിനയിപ്പിക്കാം എന്ന് സംവിധായൻ പ്രിയൻ പറഞ്ഞത് ഒരു കോമഡി പോലെ ശ്രീനി പിന്നീട് പങ്കുവെച്ചിട്ടുണ്ട്. അങ്ങനെ അഭിനയിക്കാൻ വേണ്ടി തിരക്കഥ എഴുത്തിലേക്ക് തിരിഞ്ഞയാളാണ് താനെന്നും പറഞ്ഞുവെച്ചു. നടീനടൻമാർ സെറ്റുകളിൽ എത്തിയശേഷം ശ്രീനിയുടെ തിരക്കഥ വരുന്ന കാലമുണ്ടായിരുന്നു. അങ്ങനെ വാണിജ്യ സിനിമകൾക്ക് ഒഴിവാക്കാൻ പറ്റാത്ത ചലച്ചിത്രകാരനുമായി.

തന്നിഷ്ടവും ധിക്കാരവും ആരേയും കൂസാത്തതുമായിരുന്നു ശ്രീനിയുടെ പ്രകൃതമെന്ന് സിനിമയിൽ നിന്നു തന്നെ സംസാരമുണ്ട്. പക്ഷേ, ആൾ സിംപിൾ ആയിരുന്നു. തനി നാട്ടിൻപുറത്തുകാരൻ. മതം, ജാതി, എന്നിവയ്ക്കെതിരേ 'എന്തു ജാതി, എന്തു മതം' എന്നു പറഞ്ഞ് ശ്രീനി ഞെട്ടിച്ചിട്ടുണ്ട്. സിനിമയിലൂടെ ജീവിതത്തിലേക്ക് ഒരു 'സന്ദേശം' അതായിരുന്നു ശ്രീനിയുടെ സിനിമകൾ. അപ്പോഴും ശ്രീനി പറയും, സിനിമ കണ്ട് നാളെ ലോകം നന്നാകുമെന്നൊന്നും കരുതുന്നില്ല എന്ന്.

48 വർഷം നീണ്ട സിനിമാജീവിതത്തിൽ 54 സിനിമകൾക്ക് തിരക്കഥയെഴുതിയ ശ്രീനിവാസൻ 32 ചിത്രങ്ങൾ സംവിധാനം ചെയ്തു. 54-ൽ 32 സിനിമകൾ സത്യൻ അന്തിക്കാടിനും പ്രിയദർശനും വേണ്ടിയായിരുന്നു. സുന്ദര-ഗംഭീര നായകൻമാരെക്കുറിച്ച് മുൻവിധിയുണ്ടായ കാലത്ത് അത്തരം പരിമിതിയെ സാധ്യതയാക്കിയ കഥാപാത്രങ്ങളായിരുന്നു ശ്രീനിവാസന്റേത്. സ്വന്തം രചനയിലല്ലാതെയും ഒട്ടേറെ കഥാപാത്രങ്ങൾക്ക് ശ്രീനിവാസൻ ജീവൻ പകർന്നിട്ടുണ്ട്. കൂട്ടത്തിൽ അവിരാറബേക്ക സംവിധാനംചെയ്ത തകരച്ചെണ്ട എടുത്തുപറയേണ്ട ചിത്രമാണ്. പൊൻമുട്ടയിടുന്ന താറാവ്, ആത്മകഥ, യെസ് യുവർ ഓണർ, മകന്റെ അച്ഛൻ, അറബിക്കഥ.... പട്ടിക നീണ്ടുപോകും.

ചിന്താവിഷ്ടയായ ശ്യാമളയ്ക്ക് 1998-ൽ സാമൂഹിക പ്രസക്തിയുള്ള മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ചു. 1989-ൽ വടക്കുനോക്കിയന്ത്രത്തിന് മികച്ച ചിത്രത്തിനുള്ള സംസ്ഥാന പുരസ്കാരവും മഴയെത്തും മുൻപേ, സന്ദേശം എന്നീ സിനിമകൾക്ക് തിരക്കഥകൾക്കുള്ള സംസ്ഥാന പുരസ്കാരവും ലഭിച്ചു.

എല്ലാ കാര്യങ്ങൾക്കും ഒരു ശ്രീനിടച്ച് അദ്ദേഹം സ്വീകരിച്ചിരുന്നു. 'ചായ വേണോ' എന്നു ചോദിച്ചാൽ 'വേണ്ടിവന്നേക്കും...' എന്ന് പറയാൻ ശ്രീനിക്കുമാത്രമേ കഴിയൂ എന്ന് ഒരിക്കൽ നടൻ ജഗദീഷ് പറഞ്ഞു. അങ്ങനെ സാധാരണ മനുഷ്യന്റെ സിനിമകൾ എഴുതിയും പറഞ്ഞും അസാധാരണ ധിഷണയുള്ള ഒരു മനുഷ്യൻ കാലാതിവർത്തികളായ കുറേ സിനിമകൾ ചെയ്തുവെച്ചു എന്നാകും മലയാളം പിൽക്കാലം ശ്രീനിവാസനെ ഓർമിക്കുക.

## അനിശ്ചിതകാല വിലക്ക് പാടില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ക്രിമിനൽ കേസിൽ നടപടി നിലനിൽക്കുന്നതിന്റെ പേരിൽ പാസ്പോർട്ട് പുതുക്കുന്നതിന് അനിശ്ചിതകാല വിലക്ക് ഏർപ്പെടുത്താനാവില്ലെന്ന് സുപ്രീം കോടതി വ്യക്തമാക്കി. പ്രതിയുടെ വിദേശയാത്രയ്ക്കു വിചാരണക്കോടതി അനുമതി നല്കിയിരിക്കെ വിശേഷിച്ചും പാസ്പോർട്ട് പുതുക്കി നല്കേണ്ടതാണെന്നുകോടതി പറഞ്ഞു. യാത്രാസ്വാതന്ത്ര്യം പൗരന്റെ മൗലികാവകാശമാണെന്ന് ജഡ്ജിമാരായ വിക്രംനാഥ്, എ.ജി. മസ്സി എന്നിവരുടെ ബെഞ്ച് ഓർമ്മിപ്പിച്ചു.

വ്യവസായിയായ മഹേഷ്കുമാർ അഗർവാൾ നല്കിയ ഹർജി അനുവദിച്ച കോടതി പത്ത് വർഷത്തേക്ക് പാസ്പോർട്ട് പുതുക്കി നല്കാൻ വിദേശകാര്യ മന്ത്രാലയത്തിനും കൊൽക്കത്ത റീജനൽ പാസ്പോർട്ട് ഓഫീസിനും നിർദേശം നല്കി.

നേരത്തെ കൽക്കട്ട ഹൈക്കോടതി ഹർജി തള്ളിയിരുന്നു. 2023 ഓഗസ്റ്റിലാണ് ഹർജിക്കാരന്റെ പാസ്പോർട്ട് കാലഹരണപ്പെട്ടത്. ക്രിമിനൽ കേസിലെ ശിക്ഷയ്ക്കെതിരെ അപ്പീൽ നിലനിൽക്കെ പാസ്പോർട്ട് പുതുക്കുന്നതിന് എതിർപ്പില്ലെന്ന് കോടതി വ്യക്തമാക്കിയെങ്കിലും പാസ്പോർട്ട് അതോറിറ്റി വിസമ്മതിച്ചു. വിദേശയാത്രയ്ക്ക് മുൻകൂർ അനുമതി വാങ്ങണമെന്നതടക്കം കർശന ഉപാധിയോടെയാണ് കോടതി അനുമതി നല്കിയത്.

## ഷൈൻ ടോം ചാക്കോ ലഹരി ഉപയോഗിച്ചെന്ന് തെളിയിക്കാനായില്ല



കൊച്ചി: നടൻ ഷൈൻ ടോം ചാക്കോക്കെതിരായ ലഹരി കേസിൽ പോലീസിന് തിരിച്ചടി. ഷൈൻ ടോം ചാക്കോ ലഹരി ഉപയോഗിച്ചെന്ന് പരിശോധനയിൽ തെളിയിക്കാനായില്ല. നടന് അനുകൂലമായ ഫോറൻസിക് റിപ്പോർട്ട് കഴിഞ്ഞദിവസം പുറത്തുവന്നു. ഹോട്ടൽ മുറിയെടുത്ത് ഷൈനും സുഹൃത്തും ലഹരി ഉപയോഗിച്ചുവെന്നായിരുന്നു കേസ്. ഡാൻസാഫ് പരിശോധനയ്ക്കിടെ ഷൈൻ ടോം ചാക്കോ എറണാകുളം നോർത്തിലെ ഹോട്ടൽ മുറിയിൽനിന്ന് ഇറങ്ങി ഓടിയത് വിവാദമായിരുന്നു. പിന്നീട് നടനെ നോട്ടീസ് നൽകി വിളിപ്പിക്കുകയും കേസെടുക്കുകയുമായിരുന്നു. മണിക്കൂറുകളോളം ഷൈനിനെ പോലീസ് ചോദ്യം ചെയ്തിരുന്നു. ലഹരി ഉപയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായി ഷൈൻ ടോം ചാക്കോയുടെ സാമ്പിളുകൾ അന്വേഷണസംഘം ശേഖരിച്ചിരുന്നു.

എന്നാൽ ഫോറൻസിക് പരിശോധനയിൽ ലഹരിയുടെ സാന്നിധ്യം കണ്ടെത്താനായില്ലെന്നാണ് റിപ്പോർട്ട് പുറത്തു വന്നിരിക്കുന്നത്. എന്നാൽ ചോദ്യം ചെയ്യലിൽ ഇയാൾ ലഹരി ഉപയോഗിക്കാറുണ്ടെന്ന് മൊഴി നൽകിയിട്ടുള്ളതായി നോർത്ത് പോലീസ് പറഞ്ഞു. എന്നാൽ ഇത്കൊണ്ടുമാത്രം കേസുമായി മുമ്പോട്ടു പോകാനാകില്ല. നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികളിലേക്ക് കടക്കുമെന്നും നോർത്ത് പോലീസ് അറിയിച്ചു. കഴിഞ്ഞ ഏപ്രിലിലാണ് പോലീസിന്റെ ലഹരി പരിശോധനക്കിടെ നടൻ ഷൈൻ ടോം ചാക്കോ എറണാകുളം നോർത്തിലെ ഹോട്ടൽമുറിയിൽനിന്നും ഇറങ്ങി ഓടി രക്ഷപ്പെട്ടത്. ഓപ്പറേഷൻ ഡി ഹണ്ടിന്റെ ഭാഗമായിട്ടായിരുന്നു പരിശോധന.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ബിഹാറിൽ നേടിയ വിജയം ബംഗാളിലെ ജയത്തിന് അടിത്തറ: നരേന്ദ്ര മോദി

കൊൽക്കത്ത: ബംഗാൾ വിജയത്തിന്റെ അടിത്തറയാണ് ബിഹാറിൽ ബിജെപി നേടിയ വിജയമെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ബംഗാളിൽ തൃണമൂൽ കോൺഗ്രസിന്റെ 'ജംഗിൾരാജ്' അവസാനിപ്പിക്കുമെന്നും അസമിൽ കോൺഗ്രസ് ഭരണകാലത്തുണ്ടായ പിന്നാക്കാവസ്ഥയാണ് കേന്ദ്രം തിരുത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.



ബംഗാളിലും അസമിലും പ്രധാനമന്ത്രി വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്തു. പുതിയ പദ്ധതികൾക്കു തറക്കല്ലിട്ടു ബംഗാളിൽ 3200 കോടി ചെലവു വരുന്ന രണ്ട് ഹൈവേ പദ്ധതികൾ വീഡിയോ കോൺഫറൻസിങ് വഴിയാണ് ഉദ്ഘാടനം ചെയ്തത്. നേരിട്ടെത്തി ഉദ്ഘാടനം ചെയ്യാനായി കൊൽക്കത്തയിൽനിന്ന് താഹെർപുരിലേക്ക് ഹെലികോപ്റ്ററിൽ പുറപ്പെട്ടെങ്കിലും മോശം കാലാവസ്ഥ കാരണം തിരിച്ചുപോരേണ്ടി വന്നു. ബംഗാൾ ഗവർണർ സി.വി. ആനന്ദബോസാണ് ശിലാഫലകം അനാച്ഛാദനം ചെയ്തത്.

താഹെർപുരിലെ റാലിയിൽ ഫോൺ വഴി മോദി അണികളെ അഭിസംബോധന ചെയ്തു. റാലിയിൽ പങ്കെടുക്കാൻ വരുന്നതിനിടെ ട്രെയിൻ തട്ടി മരിച്ച മൂന്ന് പേർക്ക് അദ്ദേഹം ആദരാഞ്ജലിയർപ്പിച്ചു. അസമിലെ ഗുവാഹത്തി രാജ്യാന്തര വിമാനത്താവളത്തിന്റെ പുതിയ ടെർമിനൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. 5000 കോടി രൂപ ചെലവിൽ അദാനി ഗ്രൂപ്പാണ് ടെർമിനൽ നിർമിച്ചത്. ഗൗതം അദാനിയും ചടങ്ങിൽ പങ്കെടുത്തു. അസമിന്റെ ആദ്യ മുഖ്യമന്ത്രി ഗോപിനാഥ് ബർദോലോയുടെ പേരാണ് വിമാനത്താവളത്തിനു നൽകിയിരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രതിമ പ്രധാനമന്ത്രി അനാവരണം ചെയ്തു.

അസമിനെയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളെയും പാകിസ്ഥാനൊപ്പം ചേർക്കുന്നതിനുള്ള ഗൂഢാലോചനയിൽ കോൺഗ്രസ് പങ്കുചേരാനിരുന്നതാണെന്നും ബർദലോയ് ഇതിന് തടയിട്ടെന്നും പൊതുയോഗത്തിൽ മോദി ആരോപിച്ചു.

ഗുവാഹത്തിയിലെ അസം ബിജെപി ആസ്ഥാനമായ വാജ്പേയി ഭവൻ പ്രധാനമന്ത്രി സന്ദർശിച്ചു. മാർച്ചിൽ നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിന് ഒരുങ്ങാൻ മോദി നേതാക്കളോട് ആവശ്യപ്പെട്ടു. റോഡ് ഷോയിലും പങ്കെടുത്തു.

# തൊഴിലുറപ്പിലും ആശങ്ക

ഗ്രാമസ്വരാജ് എന്ന ഗാന്ധിയൻ സങ്കൽപത്തിന്റെ സാക്ഷാത്കാരമായ തൊഴിലുറപ്പു പദ്ധതി ആ മഹനീയ ആശയങ്ങൾ അരിഞ്ഞുമാറ്റപ്പെട്ട് മറ്റൊന്നായി മാറുന്നുവെന്ന് പുതിയ പദ്ധതിയെ എതിർക്കുന്നവർ ആരോപിക്കുന്നു. ദാരിദ്ര്യനിർമാർജനത്തിലും സ്ത്രീശാക്തീകരണത്തിലും ഗ്രാമീണമേഖലയുടെ ഉന്നമനത്തിലുമടക്കം ശ്രദ്ധേയ മുദ്രകൾ പതിക്കാൻ സാധിച്ച പദ്ധതിയാണു വലിയ പ്രതിസന്ധിയിലേക്കു നീങ്ങുന്നത്. പാവപ്പെട്ട ജനങ്ങളുടെ, വിശേഷിച്ച് വരുമാനമേതുമില്ലാത്ത സ്ത്രീകളുടെ ആശ്രയമായിരുന്നു തൊഴിലുറപ്പു പദ്ധതി. സാമൂഹികവും പാരിസ്ഥിതികവുമായ സുസ്ഥിരതയ്ക്ക് ഉതകുന്ന എത്രയോ പ്രവർത്തനങ്ങൾ ഗ്രാമീണമേഖലകളിൽ സാധ്യമാക്കിയിരുന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ വിപുലപ്പെടുത്തുന്നതിനുപകരം ചുരുക്കാനാണു കേന്ദ്ര തീരുമാനമെങ്കിൽ അത് അപലപനീയമാണ്. വികസിത് ഭാരത് ഗാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) എന്നാണ് പദ്ധതിയുടെ പുതിയ പേര്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയോടുള്ള ആദരം സൂചിപ്പിക്കുന്ന നാമധേയത്തെ ഉച്ചാടനംചെയ്യുക മാത്രമല്ല, പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ തമസ്കരിക്കുകകൂടിയാണ് കേന്ദ്രസർക്കാർ, ഇപ്പോഴത്തെ നീക്കത്തിലൂടെ. ഗ്രാമീണവറുതിക്ക് അറുതിവരുത്തുകയെന്ന സംസ്ഥാപനലക്ഷ്യത്തെ തുരങ്കംവെക്കുന്ന തരത്തിലാണ് പദ്ധതി ഉടച്ചുവാർക്കുന്നത്. തൊഴിലിനെ അവകാശമാക്കുകയും രജിസ്റ്റർചെയ്യുന്ന എല്ലാവർക്കും തൊഴിൽ നൽകുകയും ചെയ്യുകയെന്ന നിലയ്ക്കുള്ള, പദ്ധതിയുടെ അടിസ്ഥാന ചട്ടക്കൂട് റദ്ദുചെയ്യപ്പെടുകയാണ്.

കേരളത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ ഒട്ടേറെപ്പേരുടെ വരുമാന മാർഗത്തിന്റെ കടയ്ക്കൽ കത്തിവെക്കുന്നതാകും പുതിയ നിയമമെന്ന് ആരോപിക്കപ്പെടുന്നു. ഇവിടെ 22 ലക്ഷം പേരാണു പദ്ധതിയിലുള്ളത്. ബഹുഭൂരിപക്ഷവും സ്ത്രീകൾ. സാമ്പത്തിക ഞെരുക്കമുണ്ടാകുകയും പദ്ധതിയുടെ ചുവടു പിഴയ്ക്കുകയും ചെയ്താൽ നല്ലൊരു ശതമാനം ആളുകൾ പദ്ധതിക്കു പുറത്താകുമെന്നാണ് ആശങ്ക. 70 വയസ്സിനു മുകളിലുള്ളവരടക്കം പ്രായമായ ഒട്ടേറെപ്പേരും ഗുണഭോക്താക്കളായുണ്ട്. കേരളത്തിലെ കുടുംബശ്രീ പദ്ധതിയെ തൊഴിലുറപ്പു പദ്ധതി ശാക്തീകരിച്ചതും ഓർമിക്കേണ്ടതുണ്ട്. ലോക്സഭ പാസാക്കിയ ബില്ലനുസരിച്ച്, ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന ബജറ്റിനുള്ളിൽ പദ്ധതിക്കുള്ള ധനവിഹിതം നിജപ്പെടുത്തും. എന്നുവെച്ചാൽ, പദ്ധതിയിൽ രജിസ്റ്റർചെയ്യുന്നവരുടെ എണ്ണം കൂടിയാൽ സംസ്ഥാനങ്ങൾക്ക് കേന്ദ്രത്തിൽനിന്ന് കൂടുതൽ വിഹിതം ആവശ്യപ്പെടാൻ കഴിയുന്ന നിലവിലെ സ്ഥിതി ഇല്ലാതാകും. ലഭ്യമായ ധനവിഹിതത്തിനനുസരിച്ച് തൊഴിലാളികളുടെയും തൊഴിൽദിനങ്ങളുടെയും എണ്ണം പരിമിതപ്പെടുത്താൻ സംസ്ഥാന സർക്കാരുകൾ നിർബന്ധമാകുമെന്ന് അർത്ഥം. വാഗ്ദാനംചെയ്യുന്ന ചുരുങ്ങിയ തൊഴിൽദിനങ്ങളുടെ എണ്ണം നിലവിലെ നൂറിൽനിന്ന് നൂറ്റിയിരുപത്തിയഞ്ചായി വർധിപ്പിക്കുന്ന പുതിയ ബില്ലിലെ വ്യവസ്ഥ അപ്പോൾ വെറുമൊരു പുകമറമാത്രമാണെന്നും വ്യക്തമാകുന്നു. തൊഴിലാളികളുടെ വേതനച്ചെലവ് പൂർണമായി കേന്ദ്രം വഹിക്കുന്ന എംജിഎൻആർഇജിഎസിന്റെ സവിശേഷതയും ഇല്ലാതാകുകയാണ്. വേതനത്തിനുള്ള ചെലവിന്റെ നൂറുശതമാനവും പണിയായുധങ്ങൾക്കുള്ള ചെലവിന്റെ എഴുപത്തിയഞ്ചു ശതമാനവുമാണ് നിലവിൽ കേന്ദ്രം വഹിക്കുന്നത്. ഫലത്തിൽ ഇത് മൊത്തച്ചെലവിന്റെ തൊണ്ണൂറുശതമാനം വരും. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ഈ 90 : 10 എന്ന അനുപാതം ഇനിമുതൽ 60 : 40 എന്നാക്കുകയാണ്. അതായത്, പദ്ധതിയുടെ മൊത്തച്ചെലവിന്റെ നാല്പതുശതമാനം ഇനിമുതൽ സംസ്ഥാനം വഹിക്കണം. ഇപ്പോൾത്തന്നെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കേരളംപോലുള്ള സംസ്ഥാനങ്ങൾക്ക് ഈ ഭാരം എങ്ങനെ താങ്ങാനാകുമെന്നത് കണ്ടുതന്നെ അറിയണം.

മുൻ യുപിഎ സർക്കാർ സദുദ്ദേശ്യപൂർവം ആവിഷ്കരിച്ചൊരു പദ്ധതിയെ നിഷ്കാസനംചെയ്യാനുള്ള പുറപ്പാടിലാണ് ഇപ്പോഴത്തെ കേന്ദ്രഭരണകൂടം. രാഷ്ട്രപിതാവിന്റെ പേരിനെ മികവാർന്നൊരു ഗ്രാമീണക്ഷേമസംരംഭത്തിൽനിന്നു വിച്ഛേദിക്കാൻമാത്രമല്ല, ആ സംരംഭത്തെത്തന്നെ നാമമാത്രമാക്കാനാണ് സർക്കാർ ഒരുമ്പെടുന്നത്. അതുവഴി ഈ രാജ്യത്തെ ആയിരക്കണക്കിന് ഗ്രാമങ്ങളിലെ അസംഖ്യം ദരിദ്രനാരായണരെ വിധിക്കു വിട്ടുകൊടുക്കുകയാണ്. ദരിദ്രരുടെ ക്ഷേമത്തിനായി പണം ചെലവിടാൻ മടിയെങ്കിൽ നിങ്ങൾ കൊട്ടിഘോഷിക്കുന്ന സാമ്പത്തികവികസനം പിന്നെന്തിന് എന്നാണ് കേന്ദ്രഭരണകൂടത്തോട് ചോദിക്കാനുള്ളത്. കേന്ദ്രം ഉപാധികളോടെയാകും ഇനി ഫണ്ട് അനുവദിക്കുക. അതിലേറെ ചെലവായാൽ അതു പൂർണമായും സംസ്ഥാനം വഹിക്കേണ്ടിവന്നേക്കാമെന്നതു മറ്റൊരു ആശങ്ക. വേതനം വൈകിയാൽ നഷ്ടപരിഹാരത്തിനും തൊഴിൽ ഇല്ലെങ്കിൽ അലവൻസിനുമുള്ള ചെലവ് പൂർണമായി വഹിക്കേണ്ടതും സംസ്ഥാനം തന്നെയാവും. പിഎംശ്രീ പദ്ധതിയിൽ ഒപ്പിടാത്തതിന്റെ പേരിൽ കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം തടഞ്ഞ പശ്ചാത്തലത്തിൽ വിലയിരുത്തിയാൽ സമാന സാഹചര്യമാവും തൊഴിലുറപ്പിലേക്കും വരുന്നത്.

ഗാന്ധിയൻ ആശയങ്ങളും പാവപ്പെട്ടവരുടെ അവകാശങ്ങളും പുതിയ പദ്ധതിയിലൂടെ ചോദ്യം ചെയ്യപ്പെടുമ്പോൾ അതു കേന്ദ്രസർക്കാർ ചെവിക്കൊള്ളുന്ന മട്ടില്ല. ബിൽ പിൻവലിക്കുകയോ സ്ഥിരം സമിതിക്കു വിടുകയോ ചെയ്യണമെന്ന് കോൺഗ്രസ് അടക്കം മിക്ക പ്രതിപക്ഷ പാർട്ടികളും ആവശ്യപ്പെട്ടത് അംഗീകരിക്കപ്പെട്ടതുമില്ല. ഇത്രയും പ്രത്യാഘാതങ്ങളുള്ളൊരു പദ്ധതി, വ്യാപകമായ എതിർപ്പുകൾ വകവെക്കാതെ യാഥാർത്ഥ്യമാക്കാനാണു കേന്ദ്ര തീരുമാനമെങ്കിൽ അത് അന്തിമമായി ജനദ്രോഹമാകുമെന്നു തീർച്ച.

# ലോക കേരളസഭ വീണ്ടും കൂടുന്നു

തിരുവനന്തപുരം: പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച ലോക കേരളസഭയുടെ സമ്മേളനം ഒന്നര വർഷത്തിനിടെ വീണ്ടും വിളിച്ചു ചേർക്കാൻ സംസ്ഥാന സർക്കാർ. 2024 ജൂണിൽ നാലാം സമ്മേളനം നടത്തിയ ലോക കേരളസഭയുടെ അഞ്ചാം സമ്മേളനം ജനുവരി 29 മുതൽ 31 വരെ തിരുവനന്തപുരത്തു ചേരാനാണ് തീരുമാനം. രണ്ടു വർഷം കൂടുമ്പോൾ ലോക കേരളസഭ വിളിച്ചു ചേർക്കണമെന്നാണ് വ്യവസ്ഥ.

രണ്ടാം പിണറായി സർക്കാരിന്റെ കാലാവധി അവസാനിക്കാൻ നാലു മാസത്തോളം മാത്രം അവശേഷിക്കെയാണ് ലോക കേരളസഭ വിളിച്ചു ചേർക്കുന്നത്. കോടികളുടെ ചെലവാണ് കണക്കാക്കുന്നത്.

സാധാരണക്കാരായ പ്രവാസികളുടെ പ്രശ്നങ്ങളോ പരിഹാര മാർഗ്ഗങ്ങളോ ലോക കേരളസഭയിൽ ഉയരുന്നില്ലെന്ന വിമർശനം ശക്തമായിരിക്കെയാണ് കോടികൾ മുടക്കി വീണ്ടും സംസ്ഥാന സർക്കാർ ഇത് സംഘടിപ്പിക്കുന്നത്. തെരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിവന്ന തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികളുമായി (എസ്ഐആർ) ബന്ധപ്പെട്ടു പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഇടപെട്ടില്ലെന്ന വിമർശനം വിദേശ മലയാളികൾക്കിടയിൽ വ്യാപകമാണ്. ലോക കേരളസഭയുടെ സംസ്ഥാന സർക്കാരിന്റെ മുഖ്യ പങ്കാളിയായ നോർക്കയോട് തെരഞ്ഞെടുപ്പ് കമ്മീഷൻ പലതവണ ആവശ്യപ്പെട്ടിട്ടും പ്രവാസി മലയാളി സംഘടനകളുടെ യോഗം വിളിച്ചില്ലെന്നും പ്രവാസികളുടെ ആശങ്ക അകറ്റാൻ മുന്നിട്ടിറങ്ങിയില്ലെന്നുമുള്ള വിമർശനമുയരുന്നു.

ലോക കേരളസഭയുടെ അഞ്ചാം പതിപ്പ് ജനുവരി 29-ന് നിശാഗന്ധിയിൽ നടക്കുന്ന ഉദ്ഘാടനത്തോടെയാണ് ആരംഭിക്കുന്നത്. 30-നും 31-നും നിയമസഭയിലെ ശങ്കര നാരായണൻ തമ്പി ഹാളിലാണ് സമ്മേളന പരിപാടി നടക്കുന്നത്.

# ശ്രീഹരിക്കോട്ടയിൽനിന്ന് 'ബ്ലൂബേർഡ്' വിക്ഷേപിക്കും

ശ്രീഹരിക്കോട്ട: ഐഎസ്ആർഒയുമായി ചേർന്ന് നടത്തുന്ന അമേരിക്കയുടെ ബ്ലൂബേർഡ്-6 ഉപഗ്രഹത്തിന്റെ വിക്ഷേപണം ഡിസംബർ 24-ന് ബുധനാഴ്ച ശ്രീഹരിക്കോട്ടയിൽ നടക്കും. ഐഎസ്ആർഒയുടെ 'എൽവിഎം-3 വിക്ഷേപണ വാഹനത്തിലാണ് ബ്ലൂബേർഡ്-6 വിക്ഷേപിക്കുക.

ഇന്ത്യൻ സമയം രാവിലെ 8.45-ഓടെയാണ് വിക്ഷേപണം. ന്യൂസ്പേസ് ഇന്ത്യ ലിമിറ്റഡുമായുള്ള വാണിജ്യ കരാറിലൂടെയാണ് യുഎസിന്റെ ഉപഗ്രഹവിക്ഷേപണം ഐഎസ്ആർഒ നടത്തുന്നത്. ബംഗളൂരു ആസ്ഥാനമായുള്ള ഐഎസ്ആർഒയുടെ വാണിജ്യ വിഭാഗമാണ് ന്യൂസ്പേസ് ഇന്ത്യ ലിമിറ്റഡ്.


ലോകമെമ്പാടുമുള്ള ദൈനംദിന




സ്മാർട്ട്ഫോണുകളിലേക്ക് ഹൈസ്പീഡ് സെല്ലുലാർ ബ്രോഡ്ബാൻഡ് നേരിട്ട് എത്തിക്കുന്നതിനാണ് അടുത്ത തലമുറ ബ്ലൂബേർഡ് ഉപഗ്രഹങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• WORLD WIDE COVERAGE
• PRESCRIPTION DRUG BENEFIT
• FREE GYM MEMBERSHIP
• DENTAL, VISION & HEARING
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
zoom
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PRINCIPAL
VICE. PRINCIPAL
PR. DR. V. P. JOSE
PR. DR. JOHN. K. MATHEW
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
26 YEARS IN CHRISTIAN MINISTRY
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289


Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056

# എസ്ഐആർ: ബംഗാളിൽ 58.2 ലക്ഷം വോട്ടർമാർ കുറഞ്ഞു

ന്യൂഡൽഹി: എസ്ഐആർ പ്രക്രിയയുടെ ഭാഗമായി പശ്ചിമബംഗാളടക്കം നാലുസംസ്ഥാനത്തും ലക്ഷദ്വീപിലും കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. ബംഗാളിൽ കരട് വോട്ടർപട്ടികയനുസരിച്ച് നേരത്തേയുണ്ടായിരുന്ന 7.66 കോടി വോട്ടർമാരിൽ 58.2 ലക്ഷം പേരാണ് ഒഴിവാക്കപ്പെട്ടത്. അഞ്ചിടത്തുമായി ആകെയുണ്ടായിരുന്ന 13.36 കോടി വോട്ടർമാരിൽ 12.32 കോടി പേർ കരട് പട്ടികയിൽ ഇടംനേടി. ഒരു കോടിയിലേറെ പേർ പുറത്തായി.

ബംഗാളിൽ 7.08 കോടി വോട്ടർമാരാണ് (92.40 ശതമാനം) എന്യൂമറേഷൻ ഫോം പൂരിപ്പിച്ചുനൽകിയത്. നിലവിലുണ്ടായിരുന്ന 7.66 കോടി വോട്ടർമാരിൽ 24.16 ലക്ഷം പേർ (3.15 ശതമാനം) മരിച്ചതായി കണ്ടെത്തി. സ്ഥിരമായി സ്ഥലം മാറിപ്പോയവർ 32.65 ലക്ഷം പേരാണ് (4.26 ശതമാനം). ഒന്നിലധികം സ്ഥലങ്ങളിൽ എൻറോൾ ചെയ്തതായി കണ്ടെത്തിയത് 1.38 ലക്ഷം പേരാണ് (0.18 ശതമാനം).

രാജസ്ഥാനിൽ കരടുവോട്ടർപട്ടിക പുറത്തുവന്നപ്പോൾ ഒഴിവാക്കപ്പെട്ടവരുടെ എണ്ണം 41.79 ലക്ഷമാണ്. ആകെയുള്ള 5.47 കോടി വോട്ടർമാരിൽ 8.75 ലക്ഷം പേർ മരിച്ചു.

പുതുച്ചേരിയിലുണ്ടായിരുന്ന 10,21,578 വോട്ടർമാരിൽ 1,03,467 പേരാണ് കരടുപട്ടിക വന്നപ്പോൾ ഒഴിവായത്. 20,798 പേർ മരിച്ചവരാണ്. ഒന്നിലധികം സ്ഥലങ്ങളിൽ വോട്ടർപട്ടികയിലുൾപ്പെട്ടവർ 2024 ആണ്.

ലക്ഷദ്വീപിൽ ആകെയുള്ള 57813 പേരിൽ കരടുപട്ടികയിൽ നിന്നൊഴിവായത് 1429 പേരാണ്. 705 പേർ മരിച്ചു. 252 പേർ സ്ഥിരമായി മാറിപ്പോയി. 472 പേർ ഒന്നിലധികം സ്ഥലങ്ങളിൽ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഗോവയിൽ ആകെയുള്ള 11.85 ലക്ഷം വോട്ടർമാരിൽ 1,00,042 പേരാണ് ഒഴിവാക്കിയത്. 25,574 പേർ മരിച്ചു. 1997 പേർ ഒന്നിലധികം സ്ഥലങ്ങളിൽ വോട്ടർപട്ടികയിൽ പേര് ഉൾപ്പെട്ടവരാണ്.

# കേരളം ഇലക്ട്രിക് ട്രക്ക് ഇടനാഴി യാഥാർത്ഥ്യമാക്കുന്ന ആദ്യ സംസ്ഥാനം

തിരുവനന്തപുരം: ഇന്ത്യയിൽ ആദ്യമായി ഒരു ഇലക്ട്രിക് ട്രക്ക് ഇടനാഴി യാഥാർത്ഥ്യമാക്കാൻ കേരളം ഒരുങ്ങുന്നു. കേരളത്തിലെ തുറമുഖങ്ങളുമായി ബന്ധപ്പെട്ടതും വ്യാവസായിക ചരക്കുനീക്കത്തിൽ വലിയ പങ്ക് വഹിക്കുന്നതുമായ ഇന്ത്യയിലെ ഏറ്റവും തിരക്കേറിയതും സുപ്രധാനവുമായ ഇടനാഴികളിൽ ഒന്നായ ദേശീയപാത 66-ലാണ് ഈ സംരംഭം യാഥാർത്ഥ്യമാകുന്നത്. വൈദ്യുത ചരക്ക് ഗതാഗതം വേഗത്തിലാക്കാൻ ഉദ്ദേശിച്ചുള്ള പിഎം ഇ-ഡ്രൈവ് പദ്ധതിയുമായി സംസ്ഥാന ഏജൻസികളുടെ ഏകോപനത്തിലൂടെയാണ് ഇതു സാധ്യമാക്കുന്നത്.

വൈദ്യുത ചരക്ക് ഗതാഗതത്തിനായുള്ള കേരളത്തിന്റെ റോഡ്മാപ്പ് തയാറാക്കുന്നതിനായി കേരളത്തിൽനിന്നുള്ള മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, വൈദ്യുതി സ്ഥാപനങ്ങൾ, വൈദ്യുത വാഹന കമ്പനികൾ, ലോജിസ്റ്റിക്സ് ഓപ്പറേറ്റർമാർ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കുന്ന ശില്പശാല തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. മലിനീകരണം ഇല്ലാത്ത ഗതാഗതത്തിലേക്കുള്ള ഇന്ത്യയുടെ മാറ്റത്തിൽ കേരളം വീണ്ടും നേതൃസ്ഥാനം ഉറപ്പിച്ചിരിക്കുകയാണെന്ന് ശില്പശാല വിലയിരുത്തി. പ്രധാന ദേശീയ, സംസ്ഥാന ഹൈവേകളിലായി ഇ-ട്രക്ക്, ഇ-ബസ് ചാർജിംഗ് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 2,000 കോടി രൂപ നീക്കിവെച്ചിട്ടുള്ള പിഎംഇ-ഡ്രൈവ്പദ്ധതി കേരളത്തിന്റെ ഈ മുന്നേറ്റത്തിനു കൂടുതൽ ശക്തി പകരും.

കെഎസ്ഇബിയും ഇന്റർ നാഷണൽ കൗൺസിൽ ഓഫ് ക്ലീൻ ട്രാൻസ്പോർട്ടേഷനും (ഐസിസിടി) സംയുക്തമായി സംഘടിപ്പിച്ച ശില്പശാലയിൽ 'പിഎം ഇ-ഡ്രൈവ് പദ്ധതിയോട് ചേർന്ന് കേരളത്തിന്റെ ഇ-ട്രക്ക് മേഖലയുടെ മുന്നോട്ടുള്ള പ്രയാണം' എന്ന വിഷയത്തിൽ വിശദമായ ചർച്ചകൾ നടന്നു. മുന്നോട്ടുള്ള പാതയിൽ ഏകോപനം കൈവരിക്കാനും വെല്ലുവിളികൾ വിലയിരുത്തി പ്രവർത്തിക്കാനും കേരളത്തിലെ ഇ-ട്രക്ക് മേഖലയുടെ വികാസം ലക്ഷ്യമിട്ടു പ്രവർത്തന യോഗ്യമായ പദ്ധതി രൂപപ്പെടുത്താനും തീരുമാനമായി.

സി വിഭാഗത്തിൽപ്പെടുന്ന സ്വകാര്യ ഭൂമികളിൽ പിഎം ഇ-ഡ്രൈവ് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നത് സുഗമമാക്കാൻ ഉദ്ദേശിച്ചുള്ള ഒരു വെബ് പോർട്ടൽ വൈദ്യുത മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. കെഎസ്ഇബി വികസിപ്പിച്ച ഈ പോർട്ടൽ, ഇത്തരത്തിലുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്.

# മോദിക്ക് ഒമാന്റെ പരമോന്നത സിവിലിയൻ ബഹുമതി

മസ്കറ്റ്: പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഒമാന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ഓർഡർ ഓഫ് ഒമാൻ'. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിന് നൽകിയ സംഭാവനകൾക്കാണ് പുരസ്കാരം. ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിഖ് പുരസ്കാരം നൽകി മോദിയെ ആദരിച്ചു.



ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിഖ് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഒമാന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ഓർഡർ ഓഫ് ഒമാൻ' നൽകിയപ്പോൾ.

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ഗൾഫ് രാജ്യത്തെത്തിയ മോദിക്ക് ഊഷ്മളവരവേൽപാണ് ലഭിച്ചത്. മസ്കറ്റിലെ ബറാകാ കൊട്ടാരത്തിൽ ഒമാൻ സുൽത്താൻ ഹയ്തം ബിൻ താരിഖുമായി മോദി കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയിൽ ഇന്ത്യ-ഒമാൻ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ ഇരുരാഷ്ട്രത്തലവന്മാരും തീരുമാനിച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺദീർ ജയ്സ്വാൾ പറഞ്ഞു. പ്രതിരോധം, സുരക്ഷ, വ്യാപാരം-നിക്ഷേപം, ഊർജം, കൃഷി, സാങ്കേതികവിദ്യ, സംസ്കാരം തുടങ്ങിയ വിഷയങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി.

വൈവിധ്യമാണ് നമ്മുടെ സംസ്കാരത്തിന്റെ അടിത്തറയെന്ന് ഒമാനിലെ ഇന്ത്യൻ സമൂഹവുമായി നടത്തിയ സംവാദത്തിൽ പ്രധാനമന്ത്രി പറഞ്ഞു. സഹവർത്തിത്വവും സഹകരണവും ഇന്ത്യൻ പ്രവാസികളുടെ മുഖമുദ്രയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയാണെന്ന് മോദി പറഞ്ഞു. അവസാന സാമ്പത്തിക പാദത്തിൽ എട്ട് ശതമാനം വളർച്ചയാണ് ഉണ്ടായതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 'മൈത്രി പർവ്' എന്ന പേരിൽ നടന്ന പരിപാടിയിൽ വിവിധ ഇന്ത്യൻ സ്കൂളുകളിൽനിന്നുള്ള 700-ലധികം വിദ്യാർത്ഥികളും പങ്കെടുത്തു.

യുവജനങ്ങളോട് പറയാനുള്ളത് വലിയ സ്വപ്നങ്ങൾ കാണുക, ആഴത്തിൽ മനസിലാക്കുക, നവീകരണത്തിന് തയാറാകുക. ഇതിലൂടെ മനുഷ്യസമൂഹത്തിന് അർത്ഥവത്തായ സംഭാവനകൾ നൽകാൻ കഴിയുമെന്ന് മോദി പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിൽ നയതന്ത്ര ബന്ധം സ്ഥാപിച്ചതിന്റെ 70-ാം വാർഷികാഘോഷത്തിന്റെ ഭാഗമായിക്കൂടിയാണ് മോദിയുടെ ഒമാൻ സന്ദർശനം.

# ഇന്ത്യ–ഇസ്രയേൽ ചർച്ചയിൽ ധാരണ; സഹകരണം ശക്തമാക്കും

ജറുസലം: സുരക്ഷ, സാങ്കേതിക വിദ്യ, സാമ്പത്തിക രംഗം തുടങ്ങിയ മേഖലകളിലെ സഹകരണം വർധിപ്പിക്കാൻ ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവും ഇന്ത്യൻ വിദേശകാര്യമന്ത്രി എസ്. ജയശങ്കറും തമ്മിൽ നടന്ന ചർച്ചയിൽ തീരുമാനിച്ചു.

കൂടിക്കാഴ്ചയുടെ ചിത്രങ്ങൾ നെതന്യാഹുവും സമൂഹമാധ്യമത്തിൽ പങ്കുവെച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനെത്തിയ ജയശങ്കർ, ഇസ്രയേൽ പ്രസിഡണ്ട് ഇസാക്ക് ഹെർസോഗുമായും കൂടിക്കാഴ്ച നടത്തി. പ്രതിരോധ മന്ത്രി ഗീഡിയാൻ സാറുമായും ചർച്ച നടത്തി.

നെതന്യാഹുവിന്റെ ഇന്ത്യ സന്ദർശനത്തിനു മുന്നോടിയായാണ് ജയശങ്കറിന്റെ സന്ദർശനം. അടുത്തിടെ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നെതന്യാഹുവുമായി ടെലിഫോൺ സംഭാഷണം നടത്തിയിരുന്നു.






# ഇ.എൽ. ഏലിക്കുട്ടി: പ്രതീകവും മാതൃകയും



**കോ**ളജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ആയിരിക്കെ ഒരു ദിവസം സർവ്വീസ് സംബന്ധമായ ഒരാവശ്യവുമായി ഞാൻ സെക്രട്ടേറിയറ്റിൽ പോകാനിടയായി. അന്ന് സർക്കാർ സർവ്വീസിൽ ഞാൻ തുടക്കക്കാരനാണ്. സെക്രട്ടേറിയറ്റിൽ പരിചയമൊന്നുമില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഓഫീസറുടെ മുറിയിൽ അല്പം ആശങ്കയോടെ കടന്നുചെന്നപ്പോൾ അവിടെ ഉണ്ടായിരുന്ന മാഡം ക്ഷമയോടെ ഞാൻ പറഞ്ഞതൊക്കെ കേട്ട്, പണ്ടേ പരിചയമുള്ള ഒരു സ്നേഹിതനോടെന്നപോലെ സൗഹൃദപൂർവം പെരുമാറിയത് എന്നെ അത്ഭുതപ്പെടുത്തി, അവർ നിർദ്ദേശിച്ചതനുസരിച്ച് പിറ്റേന്ന് ഞാൻ ചെന്നപ്പോൾ പ്രസന്നവദനയായി എനിക്കാവശ്യമുള്ള ഓർഡർ എന്റെ കൈയിൽ തന്നശേഷം ഒരു ഫയലുമെടുത്ത് സെക്രട്ടേറിയറ്റിന്റെ ഇടനാഴിയിലൂടെ മാഡം പാഞ്ഞു: “സംസാരിച്ചിരിക്കാൻ സമയമില്ല. എനിക്ക് നല്ല തിരക്കുണ്ട്.” എന്നു വിളിച്ചു പറയുന്ന എടുപ്പും നടപ്പും!



ഒരു പരിചയവുമില്ലാത്ത ഞാൻ ഒരു ശിപാർശയും കൂടാതെ ചെന്നപ്പോൾ എന്നോട് ഇത്ര കാരുണ്യം കാട്ടിയ ഈ സ്ത്രീയോട് എനിക്ക് ഏറെ നന്ദിയും വലിയ ബഹുമാനവും തോന്നിയത് സ്വാഭാവികം. ‘ഏലിക്കുട്ടി സാർ’ എന്ന് എല്ലാവരും വിളിക്കുന്ന ആ ഓഫീസർ ചടുലമായ സംസാരവും ഹൃദ്യമായ പെരുമാറ്റവും സഹായിക്കാനുള്ള സന്മനസ്സും വറ്റാത്ത ഊർജ്ജസ്വലതയും കൊണ്ട് തന്റെയടുത്തെത്തുന്ന സകലരുടെയും ഹൃദയം കീഴടക്കുന്നുണ്ടെന്ന് മറ്റുള്ളവരുടെ സംഭാഷണങ്ങളിൽ നിന്നും ഞാൻ മനസ്സിലാക്കി.

## സെക്രട്ടേറിയറ്റിലെ താരം

പിൽക്കാലത്ത്, ഇടയ്ക്കൊക്കെ സെക്രട്ടേറിയറ്റിൽ ഓരോ ആവശ്യവുമായി പോകേണ്ടി വന്നപ്പോഴൊക്കെ ഇ.എൽ. ഏലിക്കുട്ടി എന്ന ഈ ഓഫീസറെ ഞാൻ ചെന്നു കണ്ടുകൊണ്ടിരുന്നു. അവരെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ ഈ അടുപ്പം എന്നെ സഹായിച്ചു. കേരള സർവ്വകലാശാലയിൽ ജോലി ചെയ്തിരുന്ന കാലത്ത് സെക്രട്ടേറിയറ്റിലെ എന്റെ പരിചയക്കാരുടെ എണ്ണം ക്രമേണ വർദ്ധിച്ചുവന്നു. അവരിൽനിന്ന് ഏലിക്കുട്ടി സാറിന്റെ കർമ്മകുശലതയെക്കുറിച്ചും ഫയൽ കൈകാര്യം ചെയ്യുന്നതിൽ അവർക്കുള്ള സാമർത്ഥ്യത്തെക്കുറിച്ചും അച്ചടക്കത്തിന്റെ കാര്യത്തിൽ അവർക്കുള്ള നിർബന്ധബുദ്ധിയെക്കുറിച്ചും കർക്കശമായ നിലപാടുകൾ എടുക്കുമ്പോഴും ആവശ്യക്കാരോട് അനുഭാവം നിലനിർത്തുന്ന അവരുടെ ശൈലിയെക്കുറിച്ചുമൊക്കെ ഒത്തിരി കേൾക്കാനിടയായി. വിദ്യാഭ്യാസം, റവന്യൂ, ഫിഷറീസ്, സാമൂഹിക ക്ഷേമം തുടങ്ങിയ വകുപ്പുകളിലൂടെ ഏണിപ്പടികൾ കയറി, സ്പെഷൽ സെക്രട്ടറി പദവി വരെ അവർ എത്തിയതും റിട്ടയർമെന്റിനുശേഷം റവന്യൂ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചതുമൊക്കെ ഞാൻ താല്പര്യപൂർവം ശ്രദ്ധിച്ചുകൊണ്ടേയിരുന്നു. ജോലിയോടുള്ള ആത്മാർത്ഥതയും ഭരണപരമായ ഉൾക്കാഴ്ചയും കഠിനാദ്ധ്വാനത്തിനുള്ള ശേഷിയും കറപുരളാത്ത വ്യക്തിത്വവും ഏലിക്കുട്ടി സാറിനെ സെക്രട്ടേറിയറ്റിലെ ഒരു താരമായി എന്നും നിലനിർത്തി. തന്റെ മുന്നിലെത്തുന്ന മനുഷ്യരോട് സഹാനുഭൂതിയോടെയും അനുകമ്പയോടെയും പെരുമാറിയിരുന്ന ഈ ബ്യൂറോക്രാറ്റ് ഫയലുകളിൽ തുടിക്കുന്ന മനുഷ്യഹൃദയങ്ങളുടെ മിടിപ്പിനു നേരെ തന്റെ കാതുകൾ എന്നും തുറന്നുപിടിച്ചിരുന്നു.

## ഫയലുകൾക്കപ്പുറത്തുള്ള ഓഫീസർ

എന്നാൽ, ഫയലുകൾക്കപ്പുറത്തുള്ള ‘ഏലിക്കുട്ടി ആന്റി’യാണ് എന്നെ കൂടുതൽ അത്ഭുതപ്പെടുത്തിയത്. പലയിടങ്ങളിൽ നിന്നും പ്രത്യേകിച്ച്, കോട്ടയം ജില്ലയിൽ നിന്ന്, ഒട്ടേറെപ്പേർ ആന്റിയെ തേടി വരാറുണ്ടായിരുന്നു. അവരിലേറെയും വിദ്യാർത്ഥികളോ ആർ.സി.സിയിലും മെഡിക്കൽ കോളജിലും മറ്റും ചികിത്സാർത്ഥം വരുന്നവരോ സർക്കാർ ഓഫീസുകളിൽ നിന്ന് ഓരോരോ കാര്യങ്ങൾ സാധിക്കേണ്ടവരോ ഒക്കെ ആയിരുന്നു. ക്നാനായ സമുദായക്കാരിയായ ‘ഏലിക്കുട്ടി സാറി’നെ തേടി വരുന്ന വൈദികരും കന്യാസ്ത്രികളും ധാരാളം. സമുദായ സ്നേഹിയായ ഏലിക്കുട്ടി ആന്റി കോട്ടയം രൂപതയിൽപ്പെട്ട സഹോദരങ്ങൾ ഏതാവശ്യം പറഞ്ഞു വന്നാലും ഉചിതമായ മാർഗ്ഗനിർദ്ദേശം നല്കി അവരെ സഹായിച്ചുപോന്നു. ആവശ്യക്കാരെയും ആവലാതിക്കാരെയും സഹായിക്കാൻ തലസ്ഥാനത്തുള്ള തന്റെ സുഹൃത്തുക്കളുടെ വിപുലമായ നെറ്റ്വർക്ക് അവർ പ്രയോജനപ്പെടുത്തി.



ഗൗരീശപട്ടത്തുള്ള ആന്റിയുടെ വീട് എല്ലാവർക്കും വേണ്ടി തുറന്നിട്ട ഒരു അഭയകേന്ദ്രമായിരുന്നു. ആറു മക്കൾ- ബീന, ശുഭ, സുജ, റാണി, സെലിൻ, ജേക്കബ്- വളരുന്ന ആ ഭവനം, സന്ദർശകരുടെ സാന്നിദ്ധ്യം കൂടി ആകുമ്പോൾ മിക്കവാറും ‘ഹൗസ് ഫുൾ’ ആയിരുന്നു എന്നു ഞാൻ പറഞ്ഞുകേട്ടിട്ടുണ്ട്. കേരള സർക്കാരിന്റെ ആരോഗ്യ വകുപ്പിൽ ജോലി ചെയ്തിരുന്ന സമാന മനസ്കനായ ഭർത്താവ് പി.സി. മാത്യു നല്കിയ കരുതലും കരുണയും സഹകരണവും ആ ഗൃഹാന്തരീക്ഷത്തെ മാതൃകാപരമായി നിലനിർത്തി.

അഭിരുചികളിലെ വൈവിധ്യം കൊണ്ട് ‘ഏലിക്കുട്ടി ആന്റി’ എന്നെ വിസ്മയിപ്പിച്ചു. സ്ത്രീശാക്തീകരണത്തിന്റെ വക്താവും പ്രയോക്താവുമായതിനാൽ വനിതാ സംഘടനകൾക്ക് വേണ്ടിയുള്ള പ്രസംഗങ്ങളും ആകാശവാണിയുടെ മഹിളാലയം പരിപാടികളുമൊക്കെ ആന്റി ഒരു നിയോഗംപോലെ ഏറ്റെടുത്തുകൊണ്ടിരുന്നു. സ്ത്രീശാക്തീകരണത്തെക്കുറിച്ച് നമ്മുടെ നാട്ടിൽ ആളുകൾ ഉറക്കെ ചിന്തിച്ചു തുടങ്ങുന്നതിനു മുമ്പേതന്നെ, സ്ത്രീകൾ വിദ്യയിലൂടെ വളരണമെന്നും സമൂഹത്തിന്റെ പുരോഗതിയിൽ തങ്ങളുടേതായ പങ്കു വഹിക്കണമെന്നും തൊഴിൽ ചെയ്തു സാമ്പത്തികമായ സ്വാശ്രയത്വം നേടണമെന്നുമൊക്കെ ഉദ്ബോധിപ്പിക്കുക മാത്രമല്ല, തന്റെ ജീവിതംകൊണ്ട് ഇത് കാട്ടിക്കൊടുക്കുകയും ചെയ്ത സ്ത്രീയാണ് ‘ഏലിക്കുട്ടി സാർ.’

## പാരമ്പര്യത്തിന്റെ പശ്ചാത്തലം

ഇതിനൊക്കെ പാരമ്പര്യത്തിന്റെ ഒരു പശ്ചാത്തലമുണ്ട്. ഈ മഹതിയുടെ പിതാവ് എണ്ണംപ്ലാശ്ശേരിൽ ലൂക്കാ സാർ ഒരു പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും മതവിശ്വാസത്തെ മുറുകെപ്പിടിക്കുകയും ചെയ്തിരുന്ന അദ്ദേഹം ഉഴവൂർ പള്ളിയെക്കുറിച്ച് രചിച്ച ‘പാരിടമഴകിൽ പരിപാലിക്കാൻ’ എന്നു തുടങ്ങുന്ന ഗാനം ആ നാട്ടുകാർ എന്നും പ്രിയതരമായി കരുതിപ്പോരുന്നു. യേശു പറഞ്ഞ നല്ല സമരിയാക്കാരന്റെ കഥ (ലൂക്ക 10:25-37)യിലൂടെയാണത്രേ അദ്ദേഹം ‘കരുണയുള്ളവളായിരിക്കുക’ എന്ന സന്ദേശം മകൾക്കു പകർന്നുകൊടുത്തത്. അനുഭാവപൂർവ്വം മറ്റുള്ളവരോട് പെരുമാറാനുള്ള മനസ്സ് ആ മകളിൽ രൂപപ്പെട്ടു വന്നതെങ്ങനെയെന്നു വ്യക്തം.

1925-ലായിരുന്നു ‘ഏലിക്കുട്ടി ആന്റി’യുടെ ജനനം. പെൺകുട്ടികൾ അടുക്കളയുടെ തടവറയിൽ കഴിയാൻ വിധിക്കപ്പെട്ടിരുന്ന കാലം.



ജെയിംസ് ജോസഫ് കാരക്കാട്ട് (ലേഖകൻ)

“Full many a flower is born to blush unseen
And waste its fragrance on the desert air”

എന്ന ആംഗലേയ കവി തോമസ് ഗ്രേയുടെ വരികൾ (Elegy Written in a Country Churchyard) അക്കാലത്ത് നമ്മുടെ നാട്ടിലെ പെൺകുട്ടികൾ അനുഭവിച്ചിരുന്ന അവസ്ഥയെയും സൂചിപ്പിക്കുന്നു.

ആരാലും ശ്രദ്ധിക്കപ്പെടാതെ കൊഴിഞ്ഞു പോകാമായിരുന്ന ഒരു കാട്ടുപൂവാണ്, പഠിച്ച്, നാഗ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബി.എ ബിരുദം നേടുകയും അക്കാലത്ത് സ്ത്രീകൾ തീരെ കടന്നുചെല്ലാത്ത പൊതുഭരണ സർവ്വീസിൽ ജോലി നേടുകയും ചെയ്തത്. നേതൃത്വഗുണങ്ങളും സേവനമനോഭാവവും ഭരണനൈപുണ്യവും സമഞ്ജസ്സമായി സമ്മേളിച്ചിരുന്ന ആ വ്യക്തിത്വം മറ്റുള്ളവർ അസാദ്ധ്യമെന്നു കരുതുന്ന കാര്യങ്ങളിൽ സാദ്ധ്യതയുടെ നാമ്പുകൾ കണ്ടെത്തുന്നതിൽ അസാമാന്യമായ പാടവം പ്രദർശിപ്പിച്ചു. സമുദായവുമായുള്ള ‘കണക്ട്’ (connect) സജീവമായി നിലനിർത്തിക്കൊണ്ട് സാധാരണക്കാരായ മനുഷ്യർക്കു വേണ്ടി നിസ്വാർത്ഥമായ സേവനം അനുഷ്ഠിക്കുന്നതിൽ ‘ഏലിക്കുട്ടി സാർ’ എന്നും ജാഗരൂകയായിരുന്നു.

## പേപ്പൽ ബഹുമതി

അവരുടെ വ്യക്തിത്വത്തെയും സേവനങ്ങളെയും മാനിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ മാർപാപ്പ 1988-ൽ ‘Pro Ecclesia et Pontifice’ എന്ന ബഹുമതി നല്കി ശ്രീമതി ഇ.എൽ. ഏലിക്കുട്ടിയെ ആദരിച്ചു. സാമൂഹിക സേവനത്തിന് അത്മായർക്കു നല്കുന്ന ഉയർന്ന ബഹുമതികളിലൊന്നാണിത്.

71 വയസ്സുള്ളപ്പോൾ, 1997 ജൂലൈ 18-ാം തീയതി അവർ അന്തരിച്ചു. ആ ധന്യ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ഒരു ബൈബിൾ വാക്യം എന്റെ ഓർമ്മയിൽ വരുന്നു. സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അദ്ധ്യായത്തിൽ പറയുന്നു: “കർത്താവിന്റെ കരം അവനോടു കൂടെ ഉണ്ടായിരുന്നു” (ലൂക്ക 1:66) നിസ്സംശയം പറയാം. കർത്താവിന്റെ കരം എന്നും ആന്റിയോടു കൂടെ ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഔദ്യോഗിക ജീവിതവും കുടുംബത്തോടുള്ള ഉത്തരവാദിത്തങ്ങളും സാമൂഹികസേവനവും ഇത്ര മനോഹരമായി ബാലൻസ് ചെയ്തുകൊണ്ട് പോകാൻ ആന്റിക്കു കഴിഞ്ഞത്. ശാക്തീകരിക്കപ്പെട്ട സ്ത്രീത്വത്തിന്റെ പ്രതീകമാണവർ. ‘കരിയറി’ന്റെ ‘ഭാരം ചുമക്കുന്ന’ സ്ത്രീകൾക്ക് ഒരു മാതൃകയും. സേവനോത്സുകമായ ഒരു ജീവിതശൈലി സ്വീകരിക്കുന്നതിന് വരുംതലമുറകൾക്ക് പ്രചോദനം നല്കുന്ന ആ ദീപ്ത സ്മരണയെ ഈ ദിവസങ്ങളിൽ കൂടുതൽ പ്രോജ്ജ്വലമാക്കുന്നത് ഏലിക്കുട്ടി ആന്റിയുടെ ജന്മദിനം ഡിസംബർ 11 ആണെന്നുള്ള വസ്തുതയാണ്.

# വിദേശ വിദഗ്ധർക്ക് വിസ നിയമങ്ങൾ ലളിതമാക്കി

ന്യൂഡൽഹി: രാജ്യത്തെ കമ്പനികളിൽ ജോലി ചെയ്യാനെത്തുന്ന എൻജിനീയർമാരും സാങ്കേതിക വിദഗ്ദ്ധരുമടങ്ങുന്ന വിദേശത്തു നിന്നുള്ള പ്രഫഷണലുകൾക്ക് വിസ നിയമങ്ങൾ ഇന്ത്യ ലളിതമാക്കി.

മെഷീൻ ഇൻസ്റ്റലേഷൻ, ഗുണനിലവാര പരിശോധന, പരിശീലനം, പ്ലാൻ രൂപകല്പന എന്നിങ്ങനെയുള്ള ഉത്പാദന സംബന്ധമായ സേവനങ്ങൾക്കായി വിദേശത്തുനിന്ന് എത്തുന്നവർക്കാണ് ഇളവ്.

യന്ത്ര ഇറക്കുമതി അടക്കമുള്ള ഉത്പാദനരംഗത്തെ സേവനങ്ങൾക്കായി ചൈനയെ ആശ്രയിക്കുന്ന ഇന്ത്യയിലെ കമ്പനികൾക്ക് വലിയ ഊർജമാണ് പുതിയ വിസ നടപടിക്രമങ്ങളുടെ ലഘൂകരണം. കമ്പനികൾക്ക് വിദേശത്തു നിന്നുള്ള വിദഗ്ധരെ ക്ഷണിക്കുന്നതിനുള്ള സ്പോൺസർഷിപ് കത്തുകൾ തയ്യാറാക്കുന്നതിന് പുതിയൊരു ഓൺലൈൻ പോർട്ടലും കേന്ദ്രം വികസിപ്പിച്ചിട്ടുണ്ട്.

ഫാക്ടറി ഇൻസ്റ്റലേഷൻ, കമ്മീഷനിംഗ്, അറ്റകുറ്റപ്പണി എന്നീ ഉത്പാദനരംഗത്തെ സേവനങ്ങൾക്കായി പ്രത്യേകിച്ച് ചൈനീസ് യന്ത്രങ്ങൾ സ്ഥാപിച്ച ഫാക്ടറികളിൽ ചൈനീസ് വിദഗ്ധരെയാണ് ഇന്ത്യൻ കമ്പനികൾ പ്രധാനമായും ആശ്രയിച്ചിരുന്നത്. എന്നാൽ, 2020-ലെ ഗാൽവൻ താഴ്‌വര സംഘർഷത്തിനുശേഷം ചൈനീസ് പൗരന്മാർക്ക് ഇന്ത്യ വിസ നിയമങ്ങൾ കടുപ്പിച്ചു. ഇതോടെ ചൈനയിൽ നിന്നുള്ള വിദഗ്ധർക്ക് ഇന്ത്യൻ വിസ ലഭിക്കുന്നില്ലെന്ന് ചില കമ്പനികൾ പരാതിപ്പെട്ടിരുന്നു. എന്നാൽ, ഇന്ത്യയുടെ പുതിയ നീക്കത്തിലൂടെ വിദേശത്തു നിന്നുള്ള വിദഗ്ധർക്ക് എളുപ്പത്തിൽ ഇ-വിസ ലഭിക്കും.

ചൈനീസ് പൗരന്മാർക്ക് ടൂറിസം, ബിസിനസ് ആവശ്യങ്ങൾക്കുള്ള വിസ പുനരാരംഭിച്ചിട്ടുണ്ടെന്ന് നവംബർ 26-ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചിരുന്നു. ഇന്ത്യൻ പൗരന്മാർക്കുള്ള വിസ അപേക്ഷകൾ ഈ മാസം 22 മുതൽ വീണ്ടും സ്വീകരിച്ചു തുടങ്ങുമെന്ന് ചൈനീസ് അംബാസഡറും വ്യക്തമാക്കിയിട്ടുണ്ട്.

ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന്റെ സൂചനയാണ് ഇരുരാജ്യങ്ങളും പരസ്പരം വിസ മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ള ഇളവുകൾ.

# കേരളത്തിന്റെ മാതൃഭാഷാ പദ്ധതികളെ യുനെസ്‌കോ പ്രശംസിച്ചു

ന്യൂഡൽഹി: കേരളം മാതൃഭാഷ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളെ പ്രശംസിച്ച് യുനെസ്കോ സാമ്പത്തിക, സാമൂഹിക ന്യൂനപക്ഷങ്ങളിലേക്കുൾപ്പെടെ മലയാളവും ഗോത്രഭാഷകളും എത്തിക്കാനുള്ള ശ്രമങ്ങളെയാണു 'ഭാഷാ മാറ്റേഴ്സ്' റിപ്പോർട്ടിൽ യുനെസ്കോ പരാമർശിച്ചിരിക്കുന്നത്. അന്ധവിദ്യാലയങ്ങൾക്കു പാഠപുസ്തകങ്ങളും വായനസാമഗ്രികളും സൗജന്യമായി വിതരണം ചെയ്യുന്ന തിരുവനന്തപുരത്തെ കേരള ഫെഡറേഷൻ ഓഫ് ദ് ബ്ലൈൻഡിനെയും വയനാട് ജില്ലയിലെ ഗോത്ര ഭാഷകൾ ഉൾപ്പെടുത്തിയുള്ള 'റേഡിയോ മാറ്റൊലി' എന്ന കമ്യൂണിറ്റി റേഡിയോ ചാനലിനെയും പ്രശംസിച്ചിട്ടുണ്ട്. മലപ്പുറത്തെ ജൻ ശിക്ഷൺ സൻസ്ഥാനിന്റെ (ജെഎസ്എസ്) പഠന ക്ലാസുകളിൽ ഉപയോഗിക്കുന്ന ഡിജിറ്റൽ പേനയും റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. അച്ചടിച്ച ഗോത്രഭാഷാ വാചകങ്ങളിൽ സ്പർശിക്കുമ്പോൾ പേന ഉറക്കെ വായിക്കും. സാക്ഷരത ക്ലാസുകളിൽ പഠിതാക്കൾക്ക് ഏറെ ഉപയോഗം ചെയ്യുന്നതാണ് ഈ ഉപകരണം.

# ഗർഭിണിയ്ക്ക് പോലീസിന്റെ ക്രൂരമർദ്ദനം

കൊച്ചി: പോലീസ് കസ്റ്റഡിയിലെടുത്ത ഭർത്താവിനെ കാണാൻ രണ്ട് കൈക്കുഞ്ഞുങ്ങളുമായി സ്റ്റേഷനിലെത്തിയ ഗർഭിണിയായ യുവതിയെ സിഐ അതിക്രൂരമായി മർദിക്കുന്നതിന്റെ ഞെട്ടിക്കുന്ന ദൃശ്യങ്ങൾ പുറത്ത്. പൊതുസ്ഥലത്തെ പോലീസ് മർദനത്തിന്റെ ദൃശ്യങ്ങൾ പകർത്തിയതിന്റെ പേരിൽ യുവാവിനെ കസ്റ്റഡിയിലെടുത്തതിനു പിന്നാലെ സ്റ്റേഷനിലെത്തിയ യുവതിക്കു നേരേയായിരുന്നു പോലീസ് ഗുണ്ടായിസം.

2024 ജൂൺ 20-ന് നടന്ന മർദനത്തിന്റെ സിസിടിവി ദൃശ്യങ്ങൾ ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം പരാതിക്കാരിക്കു പോലീസ് കൈമാറിയതോടെയാണു മർദനത്തിന്റെ ഞെട്ടിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നിട്ടുള്ളത്. എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ എസ്എച്ച്ഒ ആയിരുന്ന പ്രതാപചന്ദ്രനാണ് യുവതിയെ മർദിച്ചത്. ദൃശ്യങ്ങൾ പുറത്തുവന്നതിനെത്തുടർന്ന് പ്രതാപചന്ദ്രനെ സസ്പെൻഡ് ചെയ്തു. ഇയാൾ നിലവിൽ അരൂർ എസ്എച്ച്ഒ ആണ്. ഇയാൾക്കെതിരെ നിരവധി മർദന ആരോപണങ്ങൾ ഉയർന്നിട്ടുണ്ട്. ഇതിന്റെ പേരിൽ വകുപ്പുതല നടപടി നേരിട്ടിട്ടുള്ളയാളുമാണ്.

കഴിഞ്ഞ നാലു വർഷമായി കൊച്ചിയിൽ ടൂറിസ്റ്റ് ഹോം നടത്തിവരുന്ന തൃശൂർ സ്വദേശി ബെൻജോ ബേബി-എൻ.ജെ. ഷൈമോൾ ദമ്പതികളാണു പോലീസിന്റെ കാടത്തത്തിനിരയായത്. 2024 ജൂൺ 20-നായിരുന്നു കേസിനാസ്പദമായ സംഭവം. എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനു സമീപത്തെ ബെൻജോയുടെ ടൂറിസ്റ്റ് ഹോമിനു പരിസരത്ത് മഫ്തിയിലെത്തിയ പോലീസ് പൊതുസ്ഥലത്ത് രണ്ടുപേരെ മർദിക്കുന്നത് ബെൻജോ ഫോണിൽ ചിത്രീകരിച്ചു. ഇതു ശ്രദ്ധയിൽപ്പെട്ടതോടെ പോലീസ് ഉദ്യോഗസ്ഥർ വിവരം എസ്എച്ച്ഒയെ ധരിപ്പിച്ചു. പിന്നീട് മൂന്നു ദിവസത്തിനുശേഷം എസ്എച്ച്ഒ അടങ്ങുന്ന പോലീസ് സംഘം മഫ്തിയിലെത്തി ബെൻജോയെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. പോലീസിന്റെ ജോലി തടസപ്പെടുത്തിയെന്ന് ആരോപിച്ചായിരുന്നു നടപടി. പോലീസിൽനിന്ന് ഇതിന്റെ വിവരങ്ങൾ അറിയാനാണു മൂന്നുമാസം ഗർഭിണിയായിരുന്ന ഷൈമോൾ രണ്ട് കൈക്കുഞ്ഞുങ്ങളുമായി സംഭവത്തിനു പിന്നാലെ നോർത്ത് പോലീസ് സ്റ്റേഷനിലെത്തിയത്. വിവരങ്ങൾ തിരക്കുന്നതിനിടെ മഫ്തിയിലായിരുന്ന എസ്എച്ച്ഒ യുവതിയുടെ നെഞ്ചിൽപിടിച്ചു തള്ളുകയും മുഖത്ത് ആഞ്ഞടിക്കുകയുമായിരുന്നു.

വനിതാ പോലീസുകാർ നോക്കിനിൽക്കെയായിരുന്നു എസ്എച്ച്ഒയുടെ മർദനം. ഇതോടെ മറ്റു പോലീസുകാർ ഇയാളെ പിടിച്ചുമാറ്റുന്നതും പിന്നിലേക്കു പോയ പ്രതാപചന്ദ്രൻ ബെൻജോയെ മർദിക്കുന്നതും ദൃശ്യങ്ങളിലുണ്ട്.



യുവതിയെ സിഐ മർദിക്കുന്നതിന്റെ സിസിടിവി ദൃശ്യം.

# ഇന്ത്യാവിരുദ്ധ പരാമർശം: ബംഗ്ലാദേശിനെ അതൃപ്തി അറിയിച്ച് വിദേശ മന്ത്രാലയം

ന്യൂഡൽഹി: ബംഗ്ലാദേശിലെ വിവിധ സംഘടനകളുടെ ഇന്ത്യ വിരുദ്ധ പരാമർശങ്ങളിലും നടപടികളിലും വിദേശകാര്യ മന്ത്രാലയം കടുത്ത ആശങ്ക അറിയിച്ചു.

ഡൽഹിയിലെ ബംഗ്ലാദേശ് ഹൈകമ്മീഷണർ റിയാസ് ഹമീദുള്ളയെ വിളിച്ചു വരുത്തിയാണു പ്രതിഷേധം അറിയിച്ചത്. ധാക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷനു സുരക്ഷ ഉറപ്പാക്കണമെന്നും ഇന്ത്യൻ പ്രതിനിധികൾക്കു സുരക്ഷിതമായി ജോലി ചെയ്യാനുള്ള ക്രമീകരണം ഒരുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

തീവ്ര ആശയക്കാരുടെ കൂട്ടായ്മയായ നാഷണൽ സിറ്റിസൻ പാർട്ടി നേതാക്കൾ ഉൾപ്പെടെ ഇന്ത്യ വിരുദ്ധ പ്രസംഗങ്ങൾ നടത്തിയിരുന്നു. വിദ്യാർത്ഥി കൂട്ടായ്മയുടെ ആഹ്വാനം അനുസരിച്ചു ധാക്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷനിലേക്ക് ഡിസംബർ 18-ന് ഉച്ചതിരിഞ്ഞു പ്രതിഷേധ റാലി നടത്തുകയും ചെയ്തു.

ബംഗ്ലദേശ് രാഷ്ട്രീയത്തിൽ ഇന്ത്യൻ ഇടപെടൽ അവസാനിപ്പിക്കുക, ഷെയ്ഖ് ഹസീനയെ കൈമാറുക തുടങ്ങിയവയായിരുന്നു ആവശ്യങ്ങൾ. റാലിയുടെ പശ്ചാത്തലത്തിൽ ധാക്കയിലെ ഇന്ത്യൻ വീസ കേന്ദ്രം 18-ന് ഉച്ചയ്ക്കു ശേഷം പ്രവർത്തിച്ചില്ല.

മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന പ്രകോപനപരമായ പരാമർശങ്ങൾ നടത്തിയെന്നാരോപിച്ചു ബംഗ്ലാദേശിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ പ്രണയ് വർമയെ ബംഗ്ലാദേശ് വിദേശകാര്യ മന്ത്രാലയം കഴിഞ്ഞദിവസം വിളിച്ചുവരുത്തിയിരുന്നു.

ബംഗ്ലാദേശിലെ സുരക്ഷാ സാഹചര്യങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച വിദേശകാര്യ മന്ത്രാലയം സുതാര്യവും നീതിയുക്തവുമായ തെരഞ്ഞെടുപ്പു നടത്തേണ്ടതിന്റെ പ്രാധാന്യവും ബംഗ്ലാദേശ് ഹൈക്കമ്മീഷണറെ ധരിപ്പിച്ചു. വരുന്ന ഫെബ്രുവരി 12-നാണു ബംഗ്ലാദേശിൽ തെരഞ്ഞെടുപ്പ്.






## ശബരിമല സ്വർണക്കൊള്ള: അന്വേഷണസംഘത്തിന് കോടതിയുടെ വിമർശനം

# വീണ്ടും അറസ്റ്റ്; ഇഡിയും അന്വേഷിക്കും

കൊച്ചി: ശബരിമല സ്വർണക്കൊള്ളക്കേസിൽ ദേവസ്വം മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എസ്. ശ്രീകുമാറിനെയും ശബരിമല ക്ഷേത്രത്തിലെ വാതിലുകളിലെയും ദ്വാരപാലക ശിൽപങ്ങളിലെയും പാളികളിൽ സ്വർണം പൂശിയ ഏജൻസിയായ ചെന്നൈ സ്മാർട്ട് ക്രിയേഷൻസിന്റെ ഉടമ പങ്കജ് ഭണ്ഡാരി, ഇവർ വേർതിരിച്ചതായി പറയുന്ന സ്വർണം വാങ്ങിയ കർണാടക ബെള്ളാരിയിലെ ജ്വല്ലറി ഉടമ ഗോവർധൻ എന്നിവരെയും എസ്ഐടി അറസ്റ്റ് ചെയ്തു. ഡിസംബർ 17–ന് രാവിലെ തിരുവനന്തപുരം ഈഞ്ചയ്ക്കലുള്ള എസ്ഐടി ഓഫീസിൽ വിളിച്ചുവരുത്തി ചോദ്യംചെയ്ത ശേഷമായിരുന്നു ശ്രീകുമാറിനെ അറസ്റ്റ് ചെയ്തത്. കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കിയ ശ്രീകുമാറിനെ 14 ദിവസത്തേക്കു റിമാൻഡ് ചെയ്തു. ശ്രീകുമാർ നൽകിയ ജാമ്യാപേക്ഷ കോടതി 17–ന് പരിഗണിച്ചില്ല. സ്വർണപ്പാളി കൊണ്ടുപോകാൻ തീരുമാനമെടുത്തതു മുരാരിബാബു അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയിരുന്ന സമയത്താണ്. നേരത്തെ ശ്രീകുമാറിന്റെയും ദേവസ്വം ബോർഡ് മുൻ സെക്രട്ടറി എസ്. ജയശ്രീയുടെയും മുൻകൂർ ജാമ്യം ഹൈക്കോടതി തള്ളിയിരുന്നു. ജയശ്രീ സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ്. ദ്വാരപാലക ശിൽപങ്ങളിലെ സ്വർണപ്പാളിയിലെ സ്വർണം അപഹരിച്ച കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ട് എ. പത്മകുമാറിന്റെ ജുഡീഷ്യൽ റിമാൻഡ് കാലാവധി കൊല്ലം വിജിലൻസ് കോടതി 14 ദിവസത്തേക്ക് നീട്ടി.

പങ്കജ് ഭണ്ഡാരിയെയും ഗോവർധനനെയും ജനുവരി ഒന്നു വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. അന്വേഷണത്തിലെ വീഴ്ചകളെ ഹൈക്കോടതി വിമർശിച്ചതിനു തൊട്ടു പിന്നാലെയായിരുന്നു നിർണായക അറസ്റ്റ്. 2019–ൽ ശബരിമല ശ്രീകോവിൽ വാതിലിലെയും ദ്വാരപാലക ശിൽപങ്ങളിലെയും പാളികളിൽ സ്വർണം പൂശിയതും കഴിഞ്ഞ സെപ്റ്റംബറിൽ ദ്വാരപാലക ശിൽപ പാളികളിൽ വീണ്ടും സ്വർണം പൂശിയതും സ്മാർട്ട് ക്രിയേഷൻസാണ്. സാക്ഷിപ്പട്ടികയിൽ ഉൾപ്പെടുമെന്ന് കരുതിയിരുന്നവരാണ് പങ്കജ് ഭണ്ഡാരിയും ഗോവർധനും. ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത രണ്ടു കേസുകളിലും ഇവർ പ്രതികളായിരുന്നില്ല. ശബരിമലയിൽനിന്നു സാംപിളായി ശേഖരിച്ച സ്വർണത്തിന്റെയും തൊണ്ടിമുതലായി ശേഖരിച്ച സ്വർണത്തിന്റെയും ശാസ്ത്രീയ പരിശോധനാഫലവും ഇവരെ പ്രതിചേർക്കാൻ നിർണായകമായെന്നാണു വിവരം.



പങ്കജ് ഭണ്ഡാരി ഗോവർധൻ

അതിനിടെ, ശബരിമല സ്വർണക്കൊള്ളക്കേസിൽ ഡിസംബർ അഞ്ചിനുശേഷം അന്വേഷണം സ്തംഭിച്ചെന്ന രൂക്ഷവിമർശനവുമായി ഹൈക്കോടതി. ദ്വാരപാലക ശില്പങ്ങൾ ചെമ്പെന്ന പേരിൽ കൈമാറാൻ അനുമതി നൽകിയ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അംഗങ്ങളായിരുന്ന അഡ്വ. വിജയകുമാറിനെയും കെ.പി. ശങ്കർദാസിനെയും അറസ്റ്റ് ചെയ്യുകയോ പ്രതിയാക്കുകയോ ചെയ്യാത്തത് അദ്ഭുതപ്പെടുത്തുന്നെന്നും കോടതി പറഞ്ഞു.

പ്രതികളായ ദേവസ്വംബോർഡ് മുൻ പ്രസിഡണ്ട് എൻ. വാസു, മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു, തിരുവാഭരണം മുൻ കമ്മീഷണർ കെ.എസ്. ബൈജു എന്നിവരുടെ ജാമ്യാപേക്ഷ തള്ളിയ ഉത്തരവിലാണ് ജസ്റ്റിസ് എ. ബദറുദ്ദീൻ എസ്ഐടിയുടെ അലംഭാവത്തിനെതിരെ രൂക്ഷ വിമർശനം ഉന്നയിച്ചത്.

എഫ്ഐആറിൽ ഉൾപ്പെട്ടിട്ടുള്ള ദേവസ്വം ഉദ്യോഗസ്ഥരായ കെ. സുനിൽകുമാർ, ആർ.ജി. രാധാകൃഷ്ണൻ, വി.എസ്. രാജേന്ദ്രപ്രസാദ്, കെ. രാഘവൻനായർ എന്നിവരെ അറസ്റ്റുചെയ്തിട്ടുണ്ടോയെന്നതും വ്യക്തമല്ല. സ്വർണംപൊതിഞ്ഞ വാതിൽപ്പാളികളടക്കം സ്വർണം പൂശാനായി കൊണ്ടുപോകാൻ ഉണ്ണികൃഷ്ണൻ പോറ്റിക്ക് അനുമതിനൽകുന്ന ഉത്തരവിൽ ബോർഡ് പ്രസിഡണ്ടായിരുന്ന എ. പത്മകുമാറും അംഗങ്ങളായ അഡ്വ. വിജയകുമാറും കെ.പി. ശങ്കർദാസും ഒപ്പുവെച്ചിട്ടുണ്ട്. എന്നിട്ടും ആ ദിശയിൽ അന്വേഷണം നടന്നതായി കാണുന്നില്ലെന്നത് ആശങ്കയും അതൃപ്തിയുമുണ്ടാക്കുന്നുവെന്നും കോടതി വ്യക്തമാക്കി.

ശബരിമല സ്വർണക്കൊള്ളക്കേസിൽ, കേസന്വേഷണം സംബന്ധിച്ച വിവരങ്ങൾ ഇഡിക്ക് നൽകാൻ പ്രത്യേക അന്വേഷണസംഘത്തിന് കൊല്ലം വിജിലൻസ് കോടതി നിർദേശം നൽകി. പ്രത്യേക അന്വേഷണ സംഘം ഇതുവരെ നടത്തിയ അന്വേഷണത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഇ.ഡി. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ എം.ജെ. സന്തോഷിന് കൈമാറി.

കേസിൽ പ്രതി ചേർക്കപ്പെട്ടവരുടെ സാമ്പത്തികസ്രോതസ്സ് സംബന്ധിച്ച് കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം ഇഡി അന്വേഷിക്കും. രേഖകൾ ആവശ്യപ്പെട്ട് ഇഡി നൽകിയ ഹർജിയിലാണ് ഉത്തരവ്. നേരത്തേ ഈ ആവശ്യം ഉന്നയിച്ച് ഹർജി നൽകിയപ്പോൾ വിജിലൻസ് കോടതിയെ സമീപിക്കാൻ ഹൈക്കോടതി നിർദേശിച്ചിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർ മുൻ പ്രസിഡണ്ടുമാരായ എ. പദ്മകുമാർ, എൻ. വാസു, ശബരിമല മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു, മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ് കുമാർ, തിരുവാഭരണം മുൻ കമ്മീഷണർ കെ.എസ്. ബൈജു, ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീകുമാർ, മുൻസെക്രട്ടറി ജയശ്രീ, ഉണ്ണിക്കൃഷ്ണൻ പോറ്റി തുടങ്ങിയവരാണ് കേസിലെ പ്രതികൾ. സ്വർണപ്പാളികൾ മാറ്റുക വഴി പ്രതികൾക്ക് എത്ര പണം ലഭിച്ചിട്ടുണ്ടെന്നും ഇവരുടെ സ്വത്തുക്കൾ സംബന്ധിച്ചും ഇഡി അന്വേഷിക്കും.

അതിനിടെ സ്വർണ്ണപ്പാളിക്കടത്തുമായി ബന്ധപ്പെട്ട് മുൻ തിരുവാഭരണം കമ്മീഷണർ കെ.എസ്. ബൈജുവിന്റെ റിമാൻഡ് കോടതി ജനുവരി ഒന്നുവരെ നീട്ടി.

2019–ൽ ദ്വാരപാലക ശിൽപങ്ങളിലെ സ്വർണപ്പാളികൾ ഉണ്ണിക്കൃഷ്ണൻ പോറ്റിയുടെ പക്കൽ കൊടുത്തുവിട്ടതുമായി ബന്ധപ്പെട്ട മഹസറിൽ ഒപ്പുവെച്ച ഉദ്യോഗസ്ഥരിൽ ഒരാളാണ് അന്ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയിരുന്ന ശ്രീകുമാർ.

## എസ്ഐആർ: കേരളത്തിൽ കാൽ കോടി പുറത്തായി

തിരുവനന്തപുരം: സംസ്ഥാനത്ത് എസ്ഐആർ നടപ്പാക്കുന്നതിന്റെ ഭാഗമായി കരട് വോട്ടർ പട്ടികയിൽ നിന്ന് 25 ലക്ഷം പേർ പുറത്തായി എന്ന മാധ്യമ വാർത്ത ആശങ്ക സൃഷ്ടിക്കുന്നതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മരിച്ചവർ, സ്ഥിരമായി സ്ഥലം മാറിയവർ, ഇരട്ട രജിസ്ട്രേഷനുള്ളവർ, കണ്ടെത്താനാകാത്തവർ എന്നിവർക്കു പുറമെ 'മറ്റുള്ളവർ' എന്ന നിലയിലും വോട്ടർ പട്ടികയിൽ നിന്ന് വലിയ തോതിലുള്ള ഒഴിവാക്കൽ നടക്കുന്നു എന്നതാണ് ആശങ്ക. ആരാണ് ഈ മറ്റുള്ളവർ എന്ന കാര്യത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷനു തന്നെ വ്യക്തതയില്ല.

അപാകതകൾ നിറഞ്ഞ പട്ടികയാണ് തയാറാകുന്നത്. സാങ്കേതിക കാരണങ്ങളാൽ റദ്ദ് ചെയ്യപ്പെടേണ്ടതല്ല സമ്മതിദാനാവകാശം. ഇത് നിഷേധിക്കുന്നത് ജനാധിപത്യത്തിന്റെ അടിത്തറ തകർക്കുന്നതിനു തുല്യമാണ്.

വേണ്ടത്ര സുതാര്യതയില്ലാതെയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ ഈ നടപടിയാകെ നടപ്പാക്കിയത്. ദീർഘകാല തയ്യാറെടുപ്പും കൂടിയാലോചനയും ആവശ്യമായ വോട്ടർപട്ടിക പരിഷ്കരണം അനാവശ്യമായ തിടുക്കത്തോടെ തദ്ദേശ തെരഞ്ഞെടുപ്പു നടക്കുന്ന വേളയിൽത്തന്നെ നടത്തിയ തെരഞ്ഞെടുപ്പു കമ്മീഷൻ തന്നെയാണ് നിലവിലെ സാഹചര്യത്തിന് ഉത്തരവാദി.

രാഷ്ട്രീയ പാർട്ടികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാവുന്ന രീതിയിൽ എസ്ഐആർ സംബന്ധിച്ച വിവരങ്ങൾ സുതാര്യമാക്കി വെബ്സൈറ്റിൽ ലഭ്യമാക്കണമെന്നും മുഖ്യമന്ത്രി പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

## വിബി–ജി റാം ജി ബില്ലിനെതിരെ പ്രതിഷേധിച്ച എട്ട് എംപിമാർക്കെതിരെ അവകാശലംഘന നോട്ടീസ്

ന്യൂഡൽഹി: ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിക്ക് (എൻആർഇജിഎ) പകരമായി കേന്ദ്രസർക്കാർ കൊണ്ടുവന്ന വിബി-ജി റാം ജി ബിൽ പാസാക്കുന്നതിനിടെ, ലോക്സഭയുടെ നടുത്തളത്തിലിറങ്ങി സെക്രട്ടറി ജനറലിന്റെ മേശമേൽ കയറി ബഹളമുണ്ടാക്കിയ എട്ട് പ്രതിപക്ഷ എംപിമാർക്കെതിരെ അവകാശലംഘന നോട്ടീസ്. ബിജെപി അംഗം സഞ്ജയ് ജയ്സ്വാൾ നൽകിയ നോട്ടീസ് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുമെന്ന് സ്പീക്കർ ഓം ബിർള വ്യക്തമാക്കി. കേരളത്തിൽനിന്നുള്ള ഹൈബി ഈഡൻ, ഡീൻ കുര്യാക്കോസ്, ഷാഫി പറമ്പിൽ എന്നിവരുൾപ്പെടെയുള്ള അംഗങ്ങൾക്കെതിരെയാണ് നോട്ടീസ്. എസ് മുരശൊലി, കെ. ഗോപിനാഥ്, ശശികാന്ത് സെന്തിൽ, എസ്. വെങ്കിടേശൻ, ജോതിമണി എന്നിവരുടെ പേരുമുണ്ട്.



# വൃദ്ധസദനങ്ങളിൽ ക്രിസ്മസ് സ്നേഹ സാന്ത്വനവുമായി (AROHA-25) കുഞ്ഞു മിഷണറിമാർ





ചിക്കാഗോ: സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിലെ ചെറുപുഷ്പ മിഷൻ ലീഗ് (സിഎംഎൽ) യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ക്രിസ്മസ്-പുതുവത്സര ആഘോഷങ്ങളോടനുബന്ധിച്ച് ഡിസംബർ 7-ന് ആരംഭിച്ച AROHA-25 എന്ന പ്രോഗ്രാം വിജയകരമായി സമാപിച്ചു. അഗതികളും രോഗാവസ്ഥയിലും നിരാലംബരായും വൃദ്ധസദനങ്ങളിൽ കഴിയുന്ന വയോജനങ്ങളെ സന്ദർശിച്ച് ആഗമിക്കുന്ന ക്രിസ്മസിന്റെ സ്നേഹസന്ദേശം അവരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ചിക്കാഗോ സെന്റ് മേരീസ് ചെറുപുഷ്പ മിഷൻ ലീഗ് യൂണിറ്റ് ആവിഷ്കരിച്ച പദ്ധതിയാണ് AROHA-25.

സ്വസൃഷ്ടിപരമായ ആശയങ്ങൾ ഉൾപ്പെടുത്തി, ക്രിസ്തുവിന്റെ ജനനവുമായി ബന്ധപ്പെട്ട ദൈവവചനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സിഎംഎൽ കുട്ടികൾ തയ്യാറാക്കിയ ക്രിസ്മസ് ഗ്രീറ്റിംഗ് കാർഡുകൾ ഡിസംബർ 7 മുതൽ ദേവാലയത്തിലെ ഹോൾവേയിൽ സജ്ജീകരിച്ച ബോക്സിൽ നിക്ഷേപിച്ചു.

തുടർന്ന് ഡിസംബർ 20-ന് സെന്റ് മേരീസ് ദേവാലയത്തിന്റെ പരിസരപ്രദേശങ്ങളിലുള്ള വിവിധ വൃദ്ധസദനങ്ങൾ സന്ദർശിച്ച് അവിടെയുള്ള അന്തേവാസികൾക്ക് ഈ ഗ്രീറ്റിംഗ് കാർഡുകൾ വിതരണം ചെയ്യുകയും ക്രിസ്മസ് കരോളിംഗ് നടത്തുകയും ചെയ്തു. ക്രിസ്മസ് സീസണിൽ പ്രായാധിക്യവും രോഗാവസ്ഥകളും മൂലം വൃദ്ധസദനങ്ങളിൽ കഴിയുന്ന വയോജനങ്ങളോട് സ്നേഹവും കരുതലും വളർത്തുവാൻ സിഎംഎൽ കുട്ടികൾ നടത്തിയ ഈ പ്രവർത്തനം ഒരു മാതൃകാപരമായ കാരുണ്യപ്രവർത്തനമായി മാറി.

കുട്ടികൾ തയ്യാറാക്കിയ ഏകദേശം 400 ഗ്രീറ്റിംഗ് കാർഡുകൾ Harmony Park Ridge, Avantara Park Ridge, Zahav of Des Plaines, Elevate Care of Niles എന്നീ വൃദ്ധസദനങ്ങളിൽ വിതരണം ചെയ്തു.

ഇതോടൊപ്പം ക്രിസ്മസ് കേക്കുകളും വിതരണം ചെയ്ത് അവരോടൊപ്പം ക്രിസ്മസ് സന്തോഷം പങ്കുവെക്കുകയും ചെയ്തു.

AROHA-25-ന്റെ ഗ്രാൻഡ് ഫിനാലെയിൽ സെന്റ് മേരീസ് സിഎംഎൽ യൂണിറ്റിനെ പ്രതിനിധീകരിച്ച് ഏകദേശം 25 കുട്ടികളും ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ, സിഎംഎൽ ഡയറക്ടർ ജോജോ ആനാലിൽ എന്നിവരും പങ്കെടുത്തു. പേരന്റ് വോളണ്ടിയേഴ്സായി മജോ കുന്നശ്ശേരി, ജിസ് ചക്കുങ്ങൽ, മാത്യു കിഴവുള്ളിൽ, ഷിബു പണിക്കാപറമ്പിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

# യു.എസ്. കോൺഗ്രസ് സംഘവുമായി സ്റ്റാൻലി ജോർജ് ചർച്ച നടത്തി

സിബിൻ മുല്ലപ്പള്ളി



വാഷിങ്ടൺ ഡിസി: ഫെഡറേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ ഓർഗനൈസേഷൻസ് (ഫിയക്കോണ) അഡ്വക്കസി ഡയറക്ടർ സ്റ്റാൻലി ജോർജ് മുതിർന്ന യുഎസ് കോൺഗ്രസ്മാൻ ഗ്ലെൻ തോംപ്സൺ അദ്ധ്യക്ഷനായ യുഎസ് നിയമനിർമ്മാതാക്കളുമായി ചർച്ച നടത്തി.

ഇന്ത്യയിൽ മതസ്വാതന്ത്ര്യ ലംഘനങ്ങൾ വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് യുഎസ് പൊളിറ്റിക്കൽ സ്ട്രാറ്റജിസ്റ്റും മിഷനറിയുമായ സ്റ്റാൻലി ജോർജ് വിശദീകരിച്ചു.

കഴിഞ്ഞ വർഷങ്ങളിലായി ക്രിസ്ത്യൻ സമൂഹങ്ങളെ ലക്ഷ്യമിട്ട് നടക്കുന്ന അക്രമസംഭവങ്ങളുടെ വർദ്ധനവിലേക്കാണ് അദ്ദേഹം ശ്രദ്ധ ക്ഷണിച്ചത്. പ്രത്യേകിച്ച് മിഷണറിമാരും സുവിശേഷ പ്രഘോഷകരുമായ ഇന്ത്യൻ ക്രിസ്ത്യാനികൾ കൂടുതൽ ഉപദ്രവത്തിനും ഭീഷണിപ്പെടുത്തലിനും ശാരീരിക അക്രമങ്ങൾക്കും ഇരയാകുന്ന സാഹചര്യം അദ്ദേഹം വിശദീകരിച്ചു. ഇന്ത്യയിലുടനീളം ക്രിസ്ത്യാനികളെ ബാധിക്കുന്ന മനുഷ്യാവകാശ അവസ്ഥയുടെ മോശപ്പെടലിനെയും മതസ്വാതന്ത്ര്യത്തിന്റെ ക്രമാതീതമായ ക്ഷയത്തെയുംകുറിച്ച് ഫിയക്കോണ ഗുരുതരമായ ആശങ്ക പ്രകടിപ്പിച്ചു.

ക്രിസ്ത്യൻ വ്യക്തികളെയും സ്ഥാപനങ്ങളെയും ലക്ഷ്യമിട്ട് വർദ്ധിച്ചുവരുന്ന അക്രമങ്ങൾ, വിവേചനാപരമായ നടപടികൾ, നിയമപരമായ നിയന്ത്രണങ്ങൾ എന്നിവയ്ക്ക് യുഎസ് കോൺഗ്രസ് അടിയന്തരമായി ശ്രദ്ധ നല്കണമെന്ന് സംഘടന ആവശ്യപ്പെട്ടു.

ഭരണഘടന ഉറപ്പു നല്കുന്ന അവകാശങ്ങളെ ദുർബലപ്പെടുത്തുന്ന സാമൂഹിക ബഹിഷ്കരണം, ശാരീരിക അക്രമം, നിയമപരമായ വെല്ലുവിളികൾ എന്നിവയുൾപ്പെടെ ഇന്ത്യയിലെ ക്രിസ്ത്യൻ സമൂഹങ്ങൾ ശക്തമായ പീഡനം നേരിടുന്ന ഈ നിർണായക ഘട്ടത്തിലാണ് ഈ ഇടപെടൽ നടന്നത്.

ഇന്ത്യയിലെ എല്ലാ മതസമൂഹങ്ങൾക്കും നീതി, മതസ്വാതന്ത്ര്യം, ഭരണഘടനാപരമായ സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിനായി ഫിയക്കോണ സിൽവർ ജൂബിലി വർഷത്തിൽ അചഞ്ചലമായ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുകയും പീഡനം നേരിടുന്നവരോടൊപ്പം അന്താരാഷ്ട്ര സമൂഹം ഐക്യദാർഢ്യത്തോടെ നിലകൊള്ളണമെന്ന് ആഹ്വാനം ചെയ്തു.


FAMILY DENTAL



GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY



ACHIEVE REAL ESTATE GROUP, INC.

*For All Your Real Estate Needs Please Call ...*

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# സീറോ മലബാർ കൺവൻഷൻ കിക്കോഫ് ഓസ്റ്റിനിലെ ദേവാലയത്തിൽ മാർ ജോയ് ആലപ്പാട്ട് നിർവഹിച്ചു





ചിക്കാഗോ: രജതജൂബിലി ആഘോഷിക്കുന്ന സീറോ മലബാർ രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന കൺവൻഷന്റെ ഇടവക തലത്തിലുള്ള കിക്കോഫ് മാർ ജോയ് ആലപ്പാട്ടിന്റെ നേതൃത്വത്തിൽ ഓസ്റ്റിനിലെ സെന്റ് അൽഫോൻസാ ദേവാലയത്തിൽ വളരെ ഉത്സാഹപൂർവം ഡിസംബർ 14-ന് നടന്നു. കൺവൻഷന്റെ ഭാഗമായി ഇടവകകൾ സന്ദർശിക്കുന്നതിനും വിവരങ്ങൾ പങ്കുവെക്കുന്നതിനുമായി എത്തിച്ചേർന്ന

**ബീനാ വള്ളിക്കളം**

കൺവൻഷൻ ടീമിനെ ഇടവക വികാരി ഫാ. ആന്റോ ജോർജ് ആലപ്പാട്ടിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു. ബോബി ചാക്കോ, ജിബി പാറക്കൽ, ബിനു മാത്യു, സിജോ വടക്കൻ, മനീഷ് ആന്റണി, റോഷൻ ചാക്കോ, ജെയ്സൺ മാത്യു, ഐഷാ ലോറൻസ് എന്നിവർ മനോഹരമായ കിക്കോഫിന് നേതൃത്വം നൽകി. കൺവൻഷൻ ഫിനാൻസ് കമ്മിറ്റി ചെയർമാൻ ആൻഡ്രൂസ് തോമസ് രജിസ്ട്രേഷൻ, സ്പോൺസർഷിപ്പ്, കൺവൻഷൻ പരിപാടികൾ എന്നിവ വിശദീകരിച്ചു. കൺവൻഷൻ വൈസ് ചെയർമാൻ ജോമോൻ ചിറയിൽ ഏവരേയും കൺവൻഷനിലേക്കു സ്വാഗതം ചെയ്തു.

PSG ഗ്രൂപ്പ് ഓഫ് കമ്പനീസ്, സ്ഥാപകനും സിഇഒയും ഷെക്കിനാ അമേരിക്കസ് ടിവിയുടെ ഫൗണ്ടിംഗ് ഡയറക്ടറുമായ ജിബി പാറക്കലാണ് ജൂബിലി കൺവൻഷന്റെ മുഖ്യ സ്പോൺസർ. രൂപതയിലെ എല്ലാ സംരംഭങ്ങളിലും എന്നും ആത്മാർത്ഥമായും സഹകരിച്ചു വരുന്ന ജിബി പാറക്കലിനെയും കുടുംബത്തിനേയും മാർ ജോയ് ആലപ്പാട്ട് തദവസരത്തിൽ ആദരിക്കുകയുണ്ടായി.

ഓസ്റ്റിൻ ഇടവകയുടെ തുടക്കം മുതൽ അതിന്റെ വളർച്ചയ്ക്ക് സമഗ്രമായ സംഭാവനകൾ നൽകിയിട്ടുള്ള ജിബി പാറയ്ക്കൽ, ഈ കൺവൻഷൻ കൂട്ടായ്മ എത്രയും സുന്ദരവും അനുഗ്രഹീതവുമാക്കുവാൻ ഏറ്റവും ഉയർന്ന സ്പോൺസർഷിപ്പായ ക്രൗൺ സ്പോൺസർഷിപ്പ്, നൽകിയതിൽ ടീം അംഗങ്ങൾ നന്ദി പറഞ്ഞു.

രൂപതയുടെ പ്രഥമ ഇടയൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലികൂടി ഇതോടൊപ്പം ആഘോഷിക്കുകയാണ്. 2026 ജൂലൈ മാസം 9 മുതൽ 12 വരെ അതിമനോഹരമായ ചിക്കാഗോ നഗരത്തിൽ ആഘോഷപൂർവമായി നടക്കുന്ന ഈ കൺവൻഷന്റെ വേദി നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന പ്രശസ്തമായ മക്കോർമിക് പ്ലേസും അതോട് ചേർന്ന മൂന്നു ഹോട്ടലുകളും ആണ്. കൺവൻഷൻ ടീം രൂപതയിലെ ഇടവകകളിൽ സന്ദർശനം നടത്തി രജിസ്ട്രേഷന്റെയും മറ്റു പരിപാടികളുടെയും വിശദമായ രൂപരേഖകൾ അവതരിപ്പിച്ചു വരുന്നു. നേരിട്ടുള്ള ഈ സന്ദർശനങ്ങളും ആശയവിനിമയവും വളരെ സ്വാഗതാർഹമാണെന്ന് ഇടവക വികാരിമാരും കൺവൻഷൻ പ്രതിനിധികളും പറയുകയുണ്ടായി.

വിശ്വാസസംരക്ഷണത്തിനും, ആശയവിനിമയത്തിനും, സൗഹൃദ കൂട്ടായ്മകൾക്കും ഉതകുന്ന വിധത്തിൽ കൺവൻഷൻ ക്രമീകരിക്കുവാൻ ഏവരും ഒറ്റക്കെട്ടായി പരിശ്രമിച്ചു വരുന്നു. ദിവസേനയുള്ള ദിവ്യബലി, ആരാധന എന്നിവയോടൊപ്പം, വൈവിധ്യമാർന്ന വിഷയാവതരണങ്ങളും, സംഘടനാകൂട്ടായ്മകളും, കേരളത്തിൽനിന്നുള്ള കലാകാരന്മാരായ സ്റ്റീഫൻ ദേവസ്സി, ജയറാം എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേകമായി കലാപരിപാടികൾ ഒരുക്കിയിരുന്നു, യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്. അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളുടെ അതിബൃഹത്തായ ഈ ആത്മീയ സാംസ്കാരിക സംഗമത്തിൽ പങ്കാളികളാവാൻ ഏവരേയും കൺവൻഷൻ ടീം ക്ഷണിക്കുന്നു.

ഓസ്റ്റിൻ പള്ളിയിലെ അച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroconvention.-org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# റോക്ക്‌ലാൻഡ് സീറോമലബാർ പള്ളിയിൽ കൺവൻഷൻ കിക്കോഫ് നിർവഹിച്ചു

**ബീനാ വള്ളിക്കളം**

ചിക്കാഗോ: ഇന്ത്യക്ക് പുറത്ത് സീറോമലബാർ രൂപതയ്ക്ക് ആദ്യമായി ലഭിച്ച ചിക്കാഗോ രൂപത വിജയകരമായ 25 വർഷം പൂർത്തിയാക്കുന്ന ഈ വേളയിൽ ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തിയിൽ നടത്തപ്പെടുന്ന കൺവൻഷന്റെ കിക്കോഫ് ന്യൂയോർക്കിലെ റോക്ക്‌ലാൻഡ് ഹോളി ഫാമിലി സീറോമലബാർ പള്ളിയിൽ ജൂബിലി



കൺവീനർ ഫാ. ജോൺ മേലേപ്പുറത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 14-ന് നടന്നു. ഇടവകയിൽ എത്തിച്ചേർന്ന അച്ചനെയും ജൂബിലി ചെയർമാൻ ജോസ് ചാമക്കാലയെയും ഇടവക വികാരി ഫാ. സ്റ്റീഫൻ കണിപ്പള്ളിലിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദ്യമായി സ്വീകരിച്ചു. സന്തോഷ് വർഗീസ്, ചെറിയാൻ മാത്യു, ജോസഫ് പള്ളിപ്പുറത്തുകുന്നേൽ, ജോയി തറത്തട്ടേൽ, ജെസി ജോസഫ്, തോമസ് പാലാച്ചേരി, ഷൈൻ റോയ് എന്നിവർ മനോഹരമായ കിക്കോഫിന് നേതൃത്വം നല്കി. ഫാ. ജോൺ തന്റെ സന്ദേശത്തിൽ ഈ കൺവൻഷന്റെ ആവശ്യകതയെക്കുറിച്ച് വിശദീകരിച്ചു.വിശ്വാസവും അറിവും സൗഹൃദങ്ങളും പങ്കുവെക്കാനുള്ള അനുഗൃഹീതമായ ഒരു വേദിയായി ഈ കൺവൻഷനെ കാണണമെന്നും യുവജനങ്ങളെ പ്രത്യേകിച്ച് ഇതിലേക്ക് കൊണ്ടുവരണമെന്നും ആഹ്വാനം ചെയ്തു. ജോസ് ചാമക്കാല രജിസ്ട്രേഷൻ, സ്പോൺസർഷിപ്, കൺവൻഷൻ പരിപാടികൾ എന്നിവ വിശദീകരിച്ചു. രൂപതയുടെ പ്രഥമ മെത്രാനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലി കൂടി ഈ വേളയിൽ ആഘോഷിക്കുകയാണ്. 2026 ജൂലൈ മാസം 9 മുതൽ 12 വരെ അതിമനോഹരമായ ചിക്കാഗോ നഗരത്തിൽ ആഘോഷപൂർവ്വമായി നടക്കുന്ന ഈ കൺവൻഷന്റെ വേദി നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന അതിപ്രശസ്തമായ മക്കോർമിക് പ്ലേസും അതോടു ചേർന്ന മൂന്ന് ഹോട്ടലുകളുമാണ്. കൺവൻഷൻ ടീം രൂപതയിലെ ഇടവകകൾ സന്ദർശിച്ച് രജിസ്ട്രേഷന്റെയും മറ്റു പരിപാടികളുടെയും വിശദമായ രൂപരേഖകൾ അവതരിപ്പിച്ചുവരുന്നു. നേരിട്ടുള്ള സന്ദർശനങ്ങളും ആശയവിനിമയവും വളരെ സ്വാഗതാർഹമാണെന്ന് ഇടവക വികാരിമാരും കൺവൻഷൻ പ്രതിനിധികളും പറയുകയുണ്ടായി. വിശ്വാസ സംരക്ഷണത്തിനും ആശയവിനിമയത്തിനും സൗഹൃദ കൂട്ടായ്മകൾക്കും ഉതകുന്ന വിധത്തിൽ കൺവൻഷൻ ക്രമീകരിക്കുവാൻ ഏവരും ഒറ്റക്കെട്ടായി പരിശ്രമിച്ചുവരുന്നു. ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വൈവിധ്യമാർന്ന വിഷയാവതരണങ്ങളും സംഘടനാ കൂട്ടായ്മകളും കലാപരിപാടികളും മത്സരങ്ങളും ഉണ്ടായിരിക്കുന്നതാണ്. യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്. അമേരിക്കയിലെ സീറോമലബാർ വിശ്വാസികളുടെ അതിബൃഹത്തായ ഈ ആത്മീയസാംസ്കാരിക സംഗമത്തിൽ പങ്കാളികളാകാൻ ഏവരെയും കൺവൻഷൻ ടീം ക്ഷണിക്കുന്നു. റോക്ക്‌ലാൻഡ് പള്ളിയിലെ അച്ചന്റെയും ഇടവക ജനങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# പി.സി.എൻ.എ.കെ ഹൂസ്റ്റൺ പ്രൊമോഷണൽ മീറ്റിംഗ് വൻ വിജയം

**പാസ്റ്റർ തോമസ് കുര്യൻ**












ഹൂസ്റ്റൺ: ഡിസംബർ 14-ാം തീയതി ഞായറാഴ്ച വൈകിട്ട് അഞ്ചു മണിക്ക് ഐപിസി ഹെബ്രോൺ ചർച്ചിൽ വെച്ച് നടന്ന നാല്പതാമത് പി.സി.എൻ.എ.കെയുടെ പ്രഥമ പ്രമോഷണൽ മീറ്റിംഗ് വലിയ വിജയകരമായി തീർന്നു. ഏകദേശം നൂറോളം ദൈവദാസന്മാരും സഹോദരീ സഹോദരന്മാരും പങ്കെടുത്ത മീറ്റിങ്ങിന്റെ അദ്ധ്യക്ഷപദവി പാസ്റ്റർ തോമസ് കുര്യൻ നിർവഹിച്ചു.

പി.സി.എൻ.എ.കെ കൺവീനർ പാസ്റ്റർ ജോർജ് സ്റ്റീഫൻസൻ നാഷണൽ സെക്രട്ടറി ബ്രദർ സാം മാത്യു, നാഷണൽ ട്രഷറർ പ്രസാദ് ജോർജ്, നാഷണൽ ലേഡീസ് കോ-ഓർഡിനേറ്റർ സിസ്റ്റർ ജീന വിൽസൺ വർക്കി, നാഷണൽ യൂത്ത് കോ-ഓർഡിനേറ്റർ ഡോക്ടർ ജോനതൻ ജോർജ് എന്നിവരും നാല്പതാമത് നോർത്ത് അമേരിക്കൻ പെന്തെക്കോസ്ത് സമ്മേളനത്തിന്റെ വിശദവിവരങ്ങൾ അറിയിക്കുകയുണ്ടായി.

ചിക്കാഗോയിൽ നടക്കുന്ന ഈ മഹാസമ്മേളനത്തിൽ പാസ്റ്റർ സതീഷ് കുമാർ, പാസ്റ്റർ ജോ തോമസ്, ഡോക്ടർ ആനി ജോർജ് തുടങ്ങിയവർ വചനശുശ്രൂഷ നിർവഹിക്കും. ഇവരെക്കൂടാതെ നോർത്ത് അമേരിക്കയിലുള്ള ദൈവദാസന്മാരും വചനശുശ്രൂഷയിൽ പങ്കെടുക്കും.

പാസ്റ്റർ കെ.ജെ. ജെയിംസിന്റെ പ്രാർത്ഥനയോടു കൂടി ആരംഭിച്ച പ്രമോഷണൽ മീറ്റിംഗിൽ സ്വാഗതപ്രസംഗം നാഷണൽ പ്രതിനിധി ബ്രദർ സോളമൻ ചാക്കോ നിർവഹിച്ചു. പാസ്റ്റർ വിൽസൺ വർക്കി വചനപ്രഘോഷണം നടത്തി. പാസ്റ്റർ സിബിൻ അലക്സിന്റെ നേതൃത്വത്തിൽ സംഗീത ശുശ്രൂഷകൾ നടന്നു.

ഹൂസ്റ്റൺ പട്ടണത്തിലുള്ള ഒട്ടുമിക്ക സഭകളും പിസിഎൻഎകെ നാഷണൽ എക്സിക്യൂട്ടീവ്സും പ്രതിനിധികളും സന്ദർശിക്കുകയും ജൂലൈ രണ്ടു മുതൽ അഞ്ചു വരെ ചിക്കാഗോയിൽ നടക്കുന്ന മഹാസമ്മേളനത്തിലേക്ക് വരുന്നതിന് വിശ്വാസി സമൂഹത്തെ ഉത്സാഹിപ്പിക്കുകയും ചെയ്തു.

എല്ലാ ദൈവസഭകളും ദൈവദാസന്മാരും ആത്മാർത്ഥമായി സഹകരിക്കുകയും വിശ്വാസിസമൂഹത്തെ ഉത്തേജിപ്പിക്കുകയും ചെയ്തു. അനേകംപേർ പ്രമോഷണൽ മീറ്റിംഗിൽ സ്പോൺസർ ചെയ്യുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും ഇടയായി.

പാസ്റ്റർ ജേക്കബ് ബേബിയുടെ പ്രാർത്ഥനയോടും ലഘുഭക്ഷണത്തോടും കൂടി വൈകിട്ട് 6.30-ന് യോഗം അവസാനിക്കുന്നതിന് ഇടയായിത്തീർന്നു.















# കണക്റ്റിക്കട്ട് സീറോമലബാർ പള്ളിയിൽ കൺവൻഷൻ കിക്കോഫ്

ബീനാ വള്ളിക്കളം

ചിക്കാഗോ: അമേരിക്കയിലെ സീറോമലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2026 ജൂലൈ 9 മുതൽ 12 വരെ നടക്കുന്ന ദേശീയ കൺവൻഷന്റെ പ്രചരണത്തിനും കിക്കോഫിനുമായി കൺവൻഷൻ കൺവീനർ ഫാ. തോമസ് കടുകപ്പിള്ളിയോടൊപ്പം കണക്റ്റിക്കട്ട് സെന്റ് തോമസ് സീറോമലബാർ ദേവാലയം സന്ദർശിച്ച കൺവൻഷൻ ടീമിന് സ്നേഹപൂർവമായ സ്വീകരണം ഇടവകാംഗങ്ങൾ നല്കി. ഫാ. തോമസ് രൂപതയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന കൺവൻഷനിലേക്ക് ഏവരെയും ഹാർദ്ദമായി ക്ഷണിച്ചു. നാലു ദിവസങ്ങളായി നടത്തപ്പെടുന്ന കൺവൻഷൻ പരിപാടികളുടെ രൂപരേഖ കൺവൻഷൻ മാർക്കറ്റിംഗ് ചെയർമാൻ സജി വർഗീസ് അവതരിപ്പിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ജേക്കബ് തോമസ് ഇൻവിറ്റേഷൻ കമ്മിറ്റി കോ-ഓർഡിനേറ്റർ റോസമ്മ തെനിയപ്ലാക്കൽ എന്നിവരും കൺവൻഷൻ ടീമിന്റെ ഭാഗമായി എത്തിയിരുന്നു. ഇടവകയിൽ നിന്നുള്ള കൺവൻഷൻ പ്രതിനിധികളായ ടോണി തോമസ്, റെജി നെല്ലിക്ക്, സഞ്ജയ് ജോസഫ്, അനിൽ മാത്യു എന്നിവർ മനോഹരമായി കൺവൻഷൻ കിക്കോഫിന് നേതൃത്വം നല്കി. ഇടവകാംഗങ്ങളുടെ ആവേശപൂർണ്ണമായ പങ്കാളിത്തം കൺവൻഷൻ ടീമിന് വലിയ ആവേശം പകർന്നു.

ഡിസംബർ 31-ന് മുൻപ് രജിസ്ട്രേഷൻ നടത്തി ഏർലി ബേർഡ് നിരക്കുകൾ ഉപയോഗപ്രദമാക്കുവാൻ ഏവരെയും ടീം ആഹ്വാനം ചെയ്തു. ഫാ. ജോസഫ് പുള്ളിക്കാട്ടിൽ ഇടവകയുടെ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചതോടൊപ്പം ഏവരെയും ഇതിൽ പങ്കുചേരുവാൻ ക്ഷണിക്കുകയും ചെയ്തു.

ചിക്കാഗോ നഗരത്തിൽ ആഘോഷപൂർവ്വമായി നടക്കുന്ന ഈ കൺവൻഷന്റെ വേദി നഗരഹൃദയത്തിൽ സ്ഥിതി ചെയ്യുന്ന അതിപ്രശസ്തമായ മക്കോർമിക് പ്ലേസും അതോടു ചേർന്ന മൂന്ന് ഹോട്ടലുകളുമാണ്. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും കൊണ്ടാടുന്നു. കഴിഞ്ഞ 25 വർഷങ്ങളായി രൂപത കൈവരിച്ച അഭൂതപൂർവമായ വളർച്ചയിൽ പങ്കാളികളായ ഏവരെയും ഈയവസരത്തിൽ ഓർമ്മിക്കുകയാണ്.

അമേരിക്കയിലെ സീറോമലബാർ വിശ്വാസികളുടെ ഈ മഹാസമ്മേളനം ഏവർക്കും ഒന്നിച്ചു ചേരാനും സൗഹൃദങ്ങൾ പുതുക്കുവാനും ആശയങ്ങളും അറിവുകളും അനുഭവങ്ങളും പങ്കുവെക്കാനും പ്രവാസി ലോകത്തെ സഭയുടെ ഭാവിയെക്കുറിച്ച് വിചിന്തനം ചെയ്യുവാനുമുള്ള ഒരു അവസരമായിരിക്കും. ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വിദഗ്ദ്ധർ നയിക്കുന്ന ക്ലാസുകളും ബിസിനസ് മീറ്റുകളും സംഘടനാ കൂട്ടായ്മകളും കേരളത്തിൽ നിന്നുള്ള കലാകാരന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന കലാപരിപാടികളും മത്സരങ്ങളും ഒരുക്കിയിരിക്കുന്നു.


യുവജനങ്ങളെയും മുതിർന്നവരെയും ഒരുപോലെ പങ്കാളികളാക്കി നടത്തുന്ന ഈ വിശ്വാസ കൂട്ടായ്മയിൽ അമേരിക്കയിൽ അങ്ങോളമിങ്ങോളമുള്ള എല്ലാ സീറോമലബാർ വിശ്വാസികളും വന്നുചേരണമെന്ന് താൻ കാംക്ഷിക്കുന്നതായി അതിരൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് രൂപതയിൽ ഉള്ള ഏവർക്കുമുള്ള സന്ദേശത്തിൽ അറിയിക്കുകയുണ്ടായി. ഓരോ പള്ളിയിലും അവരുടെ പ്രതിനിധികളോട് ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള ഒരു സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൺവൻഷൻ ടീം ഈ അംഗങ്ങളുമായി ബന്ധപ്പെടുകയും വിവരങ്ങൾ പങ്കുവെക്കുകയും ചെയ്യുന്നതു വഴി രജിസ്ട്രേഷൻ പ്രക്രിയ എളുപ്പമാക്കുകയും ചെയ്യുന്നു. ഈ സംയോജിത ശ്രമം കൂടുതൽ വിശ്വാസികളെ കൺവൻഷന്റെ ഭാഗമാക്കുമെന്ന് ടീം പ്രതീക്ഷിക്കുന്നു. കണക്ടിക്കട്ട് പള്ളിയിലെ വികാരിയച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.



# അമേരിക്കയിലെ മിഷൻ ലീഗ് ദേശീയ പുൽക്കൂട് മത്സരം സംഘടിപ്പിക്കുന്നു

സിജോയി പറപ്പള്ളിൽ




ചിക്കാഗോ: ക്രിസ്മസ് ആഘോഷങ്ങൾ വാണിജ്യവത്കരിക്കപ്പെടുകയും ക്രിസ്തുവിനെ ഒഴിവാക്കിക്കൊണ്ടുള്ള ക്രിസ്മസ് ആഘോഷങ്ങൾ സർവ്വസാധാരണമാവുകും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ക്രിസ്മസിന്റെ യഥാർത്ഥ കാരണങ്ങളിലേക്ക് തിരിച്ചു കൊണ്ടുവരുവാനുള്ള ശ്രമത്തിലാണ് വടക്കേ അമേരിക്കയിലെ ചെറുപുഷ്പ മിഷൻ ലീഗ് എന്ന സംഘടന. ഇതിനായി ചിക്കാഗോ രൂപതയിലെ കുടുംബങ്ങൾക്കായി ഈ വർഷവും "ഗ്ലോറിയ ഇൻ എസ്സിൽസിസ്" എന്ന പേരിൽ ഒരു പുൽക്കൂട് മത്സരം സംഘടിപ്പിച്ചിരിക്കുകയാണ്. തുടർച്ചയായി നാലാം വർഷമാണ് ദേശീയ തലത്തിൽ ഈ മത്സരം നടത്തുന്നത്. കുടുംബാംഗങ്ങളെല്ലാവരും ഒന്നുചേർന്ന് ഓരോ ഭവനത്തിലും ഒരു പുൽക്കൂട് നിർമ്മിക്കുകയും അതിന്റെ ഒരു വീഡിയോ എടുത്തു രൂപത സമിതിക്ക് അയയ്ക്കുവാനുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഏറ്റവും നന്നായി പുൽക്കൂട് നിർമ്മിച്ച കുടുംബങ്ങൾക്ക് മേഖലാ തലത്തിലും രൂപതാ തലത്തിലും സമ്മാനങ്ങളും നൽകുന്നുണ്ട്. ക്രിസ്തുവാണ് ക്രിസ്മസിന്റെ കേന്ദ്രമെന്നും ക്രിസ്തുവിന്റെ ജനനത്തിരുനാളാണ് ആഘോഷിക്കുന്നതെന്നുമുള്ള വസ്തുത ഏവരേയും ഓർമ്മപ്പെടുത്തുന്നതിനു വേണ്ടിയാണ് പുൽക്കൂട് മത്സരം സംഘടിപ്പിക്കുന്നതെന്ന് മിഷൻ ലീഗ് ചിക്കാഗോ രൂപതാ ഭാരവാഹികൾ അറിയിച്ചു.

# എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലുംമ്നി ക്രിസ്മസ് ആഘോഷവും നാഷണൽ കൺവൻഷൻ രജിസ്ട്രേഷൻ കിക്കോഫും ഡിസംബർ 27-ന്

തോമസ് ഡിക്രൂസ്

ചിക്കാഗോ: എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലുംമ്നി അസോസിയേഷൻ ചിക്കാഗോ ചാപ്റ്റർ ഈ വർഷത്തെ ക്രിസ്മസ് - നവവത്സര ആഘോഷവും ഫാമിലി മീറ്റും ഡിസംബർ 27-ാം തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് ചിക്കാഗോ സീറോമലബാർ കത്തീഡ്രൽ ചാവറഹാളിൽ വെച്ച് നടത്തും. മിഷനറീസ് ഓഫ് കംപാഷൻ സന്യാസ സഭാംഗവും പ്രാസംഗികനുമായ റവ.ഫാ. ജോജോ തോമസ് പുൽപയിൽ ക്രിസ്മസ് സന്ദേശം നൽകും. അസോസിയേഷന്റെ 2026-27 വർഷത്തെ പ്രവർത്തന ഉദ്ഘാടനം ചടങ്ങിൽ നിർവ്വഹിക്കും. എസ്ബി-അസംപ്ഷൻ പൂർവ വിദ്യാർത്ഥികളുടെ ക്രിസ്മസ് കരോൾ, കൾച്ചറൽ പ്രോഗ്രാം, സ്നേഹവിരുന്ന് ഉൾപ്പെടെയുള്ള പരിപാടികൾ മൂന്നു മണിക്ക് സമാപിക്കും. ഫാമിലി മീറ്റിന് വേണ്ട ഒരുക്കങ്ങൾ പൂർത്തിയായതായി അസോസിയേഷൻ പ്രസിഡണ്ട് ഡോ. മനോജ് നേര്യംപറമ്പിലും എക്സിക്യൂട്ടീവ് ഭാരവാഹികളും അറിയിച്ചു.



2026 ജൂലൈ ഒൻപതിന് നടക്കുന്ന എസ്ബി-അസംപ്ഷൻ പൂർവ്വവിദ്യാർത്ഥികളുടെ നോർത്ത് അമേരിക്കൻ നാഷണൽ കൺവൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് കൺവൻഷൻ ചെയർമാൻ മാത്യു ദാനിയേൽ ആഘോഷങ്ങളോടനുബന്ധിച്ച് നിർവഹിക്കും.

എസ്ബി കോളജ് പൂർവ്വവിദ്യാർത്ഥികളായ കർദ്ദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട്ട്, ചങ്ങനാശേരി ആർച്ച് ബിഷപ് മാർ തോമസ് തറയിൽ, കേരള ഗവ. പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണ സ്വാമി ഐഎഎസ്, എസ്ബി, അസംപ്ഷൻ കോളജ് പ്രിൻസിപ്പൽമാർ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കുന്ന പ്രഥമ നോർത്ത് അമേരിക്കൻ കൺവൻഷന് ചിക്കാഗോ ചാപ്റ്ററാണ് ആതിഥ്യമരുളുന്നത്. അമേരിക്കയിലെ എല്ലാ സ്റ്റേറ്റുകളിൽനിന്നുമുള്ള പൂർവ്വ വിദ്യാർത്ഥി പ്രതിനിധികൾ പങ്കെടുക്കുന്ന കൺവൻഷന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നതായി അലുംമ്നി നാഷണൽ കൗൺസിൽ അറിയിച്ചു.




വിവരങ്ങൾക്ക്: തോമസ് ഡിക്രൂസ്: 224 305 3789, സെക്രട്ടറി, ചിക്കാഗോ ചാപ്റ്റർ


# MEMORIES

One year gone, but memories remain,
A bittersweet reminder, of your loving pain.
December 30th, a day so cold,
My heart remembers, the love we hold.

You left behind, a love so true,
A legacy, that forever shines through.
In my heart, your memory stays,
A love like ours, that never fades.

Though you're gone you're not forgotten,
Your love remains, a flame that's lit,
In my drams, I see your face,
A bittersweet reminder, of our loving place.

One year gone, but love remains,
A love that time, cannot erase,
I'll hold on to our memories,
And cherish the love, we shared with glee.




James Chettiath

# ഫിയാക്കോനയുടെ സിൽവർ ജൂബിലിയും ക്രിസ്മസ് ആഘോഷവും

ബിമൽ ജോൺ











ന്യൂയോർക്ക്: അമേരിക്കയിലെയും കാനഡയിലെയും ക്രൈസ്തവ സഭകളുടെ സംയുക്ത സമിതിയായ ഫെഡറേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (ഫിയാക്കോന) സിൽവർ ജൂബിലി-ക്രിസ്മസ് ആഘോഷം ഡിസംബർ 13-ന് ശനിയാഴ്ച ന്യൂയോർക്കിൽ നടന്നു. വാലിസ്ട്രീമിലുള്ള ഗേറ്റ് വേ ക്രിസ്ത്യൻ സെന്ററിൽ രാവിലെ 10 മണിക്ക് ആരംഭിച്ച ചടങ്ങിൽ മലങ്കര സിറിയൻ ക്നാനായ സഭയുടെ നോർത്ത് അമേരിക്കൻ റീജിയൻ മെത്രാപ്പോലീത്ത ബിഷപ് ഡോ. അയൂബ് മാർ സിൽവാനോസ് ഉദ്ഘാടനം ചെയ്തു. ഇവാഞ്ചലിക്കൽ ചർച്ച് മലബാർ ബിഷപ് കമ്മീഷനറിയും ക്രിസ്ത്യൻ അപ്പോളജിസ്റ്റും പ്രഭാഷകനുമായ റവ.ഫാ. ഡോ. ജോൺസൺ തേക്കടയിൽ ക്രിസ്മസ് സന്ദേശം നൽകി. വിവിധ സഭകളെ പ്രതിനിധീകരിച്ച് വിശ്വാസികളും പുരോഹിതരും, അമേരിക്കയിലെ ഇന്ത്യൻ ക്രിസ്ത്യൻ കമ്മ്യൂണിറ്റി നേതാക്കളും അമേരിക്കയുടെ വിവിധ സ്റ്റേറ്റുകളിൽനിന്നും ഫിയാക്കോന പ്രവർത്തകരും ചടങ്ങിൽ പങ്കെടുത്തു.

ഫിയാക്കോന സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിൽ കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷങ്ങളായി സംഘടനയെ നയിക്കുകയും പ്രവർത്തനങ്ങളിൽ സഹായിക്കുകയും ചെയ്ത മുതിർന്ന നേതാക്കളായ കോശി ജോർജ്, ജോർജ് ഏബ്രഹാം, പാസ്റ്റർ ഇട്ടി ജേക്കബ്, റവ. വി.കെ. മക്വാന, റവ. ജെത്വിന്ദർ ഗിൽ, തോമസ് മൊട്ടക്കൽ, ഡേവിഡ് ബാബു, പാസ്റ്റർ വിൽസൺ ജോസ്, റവ. സണ്ണി ഫിലിപ്പ്, റവ. സാം ജോഷ്വാ എന്നിവർക്കുള്ള പുരസ്കാരം ബിഷപ് ഡോ. അയൂബ് മാർ സിൽവാനോസ് സമ്മാനിച്ചു.

ഗേറ്റ് വേ ക്രിസ്ത്യൻ ചർച്ച്, ന്യൂയോർക്ക് ബേത്‌ലഹേം പഞ്ചാബി ചർച്ച് ഗായകസംഘങ്ങൾ ചടങ്ങിൽ വർഷിപ്പ് സർവീസിനു നേതൃത്വം നൽകി. ഫിയാക്കോന പ്രസിഡണ്ട് ബിമൽ ജോൺ, അഡ്വക്കസി ഡയറക്ടർ സ്റ്റാൻലി ജോർജ്, എക്സിക്യൂട്ടീവ് അംഗങ്ങളായ ജോർജ് ചാക്കോ, പോൾ വർക്കി, പാസ്റ്റർ മാർക്ക് ഹോക്കിപ് എന്നിവർ പ്രസംഗിച്ചു.

ഫിയാക്കോന എക്സിക്യൂട്ടീവ് അംഗം വർഗീസ് ഏബ്രഹാം സ്വാഗതവും ഓപ്പറേഷൻസ് ഡയറക്ടർ സാം തോമസ് നന്ദിയും പറഞ്ഞു.

ഫിയാക്കോനയുടെ സിൽവർ ജൂബിലി വർഷത്തിൽ പീഡനമനുഭവിക്കുന്ന ക്രൈസ്തവർക്ക് സാഹോദര്യം എന്ന ആശയത്തിലൂന്നിയാണ് സുവർണ ജൂബിലി - ക്രിസ്മസ് ആഘോഷ പരിപാടി സംഘടിപ്പിച്ചത്.

ചടങ്ങിന് ശേഷം ഫെല്ലോഷിപ്പ് ലഞ്ചും ഒരുക്കിയിരുന്നു.

# വാക്കിഗൺ മലയാളം കമ്യൂണിറ്റിയുടെ സ്റ്റാർ നൈറ്റ് 2025 ക്രിസ്മസ് – ന്യൂഇയർ ആഘോഷം 27 – ന്


കെന്നഡി ലൂയിസ്




വാക്കിഗൺ: വാക്കിഗൺ മലയാളം കമ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഈ വർഷത്തെ ക്രിസ്മസ് പുതുവത്സര ആഘോഷമായ സ്റ്റാർ നൈറ്റ് 2025 ഡിസംബർ 27-ന് ശനിയാഴ്ച അരങ്ങേറുന്നു. വൈകുന്നേരം 6.30-ന് സെന്റ് ഡിസ്മാസ് ചർച്ചിലെ ഹണ്ടർ ഹാളിലാണ് ആഘോഷപരിപാടികൾ നടക്കുന്നത്.

കഴിഞ്ഞ ആറ് വർഷങ്ങളായി വാക്കിഗൺ മലയാളം കമ്യൂണിറ്റി നടത്തിവരുന്ന ഈ ആഘോഷം ഇത്തവണ പൂർവാധികം ഭംഗിയായി നടത്തുവാനാണ് സംഘാടക സമിതി തീരുമാനിച്ചിരിക്കുന്നത്. തിരുപ്പിറവിയുടെ സന്തോഷവും പുതുവർഷ പുലരിയുടെ പ്രതീക്ഷയും പങ്കുവെക്കുന്ന ഈ ചടങ്ങിൽ കുട്ടികളുടെയും മുതിർന്നവരുടെയും നൃത്തനൃത്യങ്ങൾ, സംഗീത പരിപാടികൾ, യുവമിഥുനങ്ങൾക്കായുള്ള കപ്പിൾ കോണ്ടസ്റ്റ്, ക്രിസ്മസ് ക്വിസ്, പുൽക്കൂട് മത്സരം തുടങ്ങി വൈവിധ്യമാർന്ന കലാപരിപാടികൾ അരങ്ങേറും. ആഘോഷങ്ങൾക്ക് ആവേശം പകരാൻ ഡിജെ ഡാൻസ് പാർട്ടിയും ക്രമീകരിച്ചിട്ടുണ്ട്.

ലിറ്റിൽ ഫ്ളവർ കാത്തലിക് ഇടവക അഡ്മിനിസ്ട്രേറ്റർ ഉൾപ്പെടെയുള്ള കമ്യൂണിറ്റിയെ സഹായിക്കുന്ന ആത്മീയ ആചാര്യന്മാരും സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങളും ചടങ്ങിൽ പങ്കെടുക്കും. വിഭവസമൃദ്ധമായ ഡിന്നറോടെ നടക്കുന്ന ഈ ആഘോഷ രാവിലേക്ക് ജാതി മത ഭേദമെന്യേ ഏവരെയും സ്വാഗതം ചെയ്യുന്നതായി ഓർഗനൈസിങ് കൺവീനർമാർ അറിയിച്ചു.




## പാലാ കെ. എം. മാത്യു ഫൗണ്ടേഷൻ ജന്മദിന സമ്മേളനവും പതിമൂന്നാമത് ബാലസാഹിത്യ അവാർഡ് സമർപ്പണവും

കോട്ടയം: പാലാ കെ. എം. മാത്യുവിന്റെ ജന്മദിന സമ്മേളനവും പതിമൂന്നാമത് ബാലസാഹിത്യ അവാർഡ് സമർപ്പണവും 2026 ജനുവരി 11-ാം തീയതി വൈകുന്നേരം 4 മണിക്ക് കോട്ടയം പബ്ലിക് ലൈബ്രറി മിനി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണ്. പ്രസ്തുത പരിപാടിയിൽ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ അവാർഡ് സമർപ്പണം നടത്തും. കേരളാ ഹൈക്കോർട്ട് ജഡ്ജ് ബഹുമാനപ്പെട്ട വി. ജി. അരുൺ മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തും. ഈ ചടങ്ങ് വിജയിപ്പിക്കുവാൻ അങ്ങ് കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും കൂടി എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

ജോർജ് ഏബ്രഹാം-
ചെയർമാൻ

സുകുമാരൻ മൂലേക്കാട്-
ജനറൽ സെക്രട്ടറി

സോമു മാത്യു-
എക്സിക്യൂട്ടീവ് ഡയറക്ടർ

# ഫൊക്കാന പ്രസിഡന്റ് 2026 – 2028

# ലീലാ മാരേട്ടോ? ഫിലിപ്പോസ് ഫിലിപ്പോ?






അതിശക്തരായ രണ്ട് നേതാക്കൾ പോരാട്ടത്തിനായി കളത്തിൽ ഇറങ്ങുമ്പോൾ അമേരിക്കൻ മലയാളികൾ പരസ്പരം ചോദിക്കാൻ തുടങ്ങിയിരിക്കുന്നു; ഫൊക്കാനയെ നയിക്കുന്നത് ഇവരിൽ ആര്? ഫൊക്കാനയുടെ കരുത്തുറ്റ സംഘാടകയും സീനിയർ നേതാവുമായ ലീലാ മാരേട്ടും ഫൊക്കാനയുടെ വിവിധ പദവികളിലൂടെ ശ്രദ്ധേയനായ ഫിലിപ്പോസ് ഫിലിപ്പും ഫൊക്കാന പ്രസിഡന്റ് പദത്തിനായി ഇഞ്ചോടിഞ്ച് പോരാട്ടത്തിലാണ്. ഏതു വിധേനയും വിജയം ആർക്കെന്ന് പ്രവചിക്കാൻ ആകാത്ത പിരിമുറുകിയ മത്സരം! 41 വർഷത്തോളമുള്ള പ്രവർത്തന പാരമ്പര്യം കൊണ്ട് പഴക്കം ചെന്നതും ഏറ്റവും വലുപ്പമേറിയതുമായ ഫൊക്കാന എന്ന സംഘടനയുടെ പ്രസിഡന്റാകാനുള്ള പോരാട്ടമാണ് ഇതെന്നതും മത്സരത്തിന്റെ ഗൗരവം വർധിപ്പിക്കുന്ന ഘടകം തന്നെയാണ്.

സാമൂഹികവും സാംസ്കാരികവുമായ പ്രവർത്തന മേഖലകളിൽ സംഘടനാ പാടവം തെളിയിച്ച വനിതാ നേതാവാണ് ലീലാ മാരേട്ട്. ഫൊക്കാന കമ്മിറ്റി മെമ്പർ, റീജിയണൽ പ്രസിഡണ്ട്, ട്രഷറർ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, ബോർഡ് ഓഫ് ട്രസ്റ്റി മെമ്പർ, ഇലക്ഷൻ കമ്മിറ്റി മെമ്പർ, വിമൻസ് ഫോറം ദേശീയ കോ-ഓർഡിനേറ്റർ എന്നിങ്ങനെ ഫൊക്കാനയുടെ വിവിധ തലങ്ങളിൽ ചുമതലകൾ വഹിച്ച് കർമ്മശേഷി തെളിയിച്ച ലീലാ മാരേട്ട്, സംഘടനയിലും അമേരിക്കൻ മലയാളികളുടെ മനസ്സിലും അഭിമാനതാരമാണ്. ഫൊക്കാനയുടെ മിക്കവാറും എല്ലാ പദവികളിലും ലീലാ മാരേട്ട് പ്രവർത്തിച്ചിട്ടുണ്ട്. കേരള സമാജം പ്രസിഡണ്ട്, ട്രസ്റ്റി ബോർഡ് ചെയർ തുടങ്ങി ഒട്ടനേകം മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കാനും ലീല മാരേട്ടിന് കഴിഞ്ഞു. വ്യക്തമായ കോൺഗ്രസ് പാരമ്പര്യത്തോടെ ചെറുപ്പം മുതൽക്കേ തുടങ്ങിയ രാഷ്ട്രീയ പ്രവർത്തനവും അമേരിക്കയിലെ കോൺഗ്രസുകാരുടെ കൂട്ടായ്മയായ ഐഒസിയുടെ നാഷണൽ പ്രവർത്തകയായും ലീലാ മാരേട്ട് പ്രവർത്തനനിരതയാകുന്നു.

അനുഭവസമ്പത്ത് കൊണ്ടും പ്രവർത്തന പാരമ്പര്യം കൊണ്ടും അതിസമ്പന്നയായ ലീലാ മാരേട്ട് കരുത്തുറ്റ ഒരുകൂട്ടം വനിതാ നേതാക്കളെയും ഒപ്പം കൂട്ടിയാണ് ഇത്തവണ മത്സരിക്കാൻ എത്തിയിരിക്കുന്നത്. യുവതലമുറയെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈ പിടിച്ചു ഉയർത്തുന്നതിലും മലയാളത്തനിമയുടെയും പൈതൃക സംസ്കാരത്തിന്റെയും സംരക്ഷണത്തിന് ഫൊക്കാനയോടൊന്നിച്ച് പ്രവർത്തിക്കാൻ അവരെ സജ്ജരാക്കുന്നതിനും തന്റെ പ്രവർത്തനങ്ങൾക്ക് കഴിയും എന്ന ആത്മവിശ്വാസത്തോടെ, ഫൊക്കാന പ്രസിഡണ്ട് സ്ഥാനമലങ്കരിക്കാൻ സന്നദ്ധയായിരിക്കുകയാണ് ലീലാ മാരേട്ട്.



ജോസ് കണിയാലി

ലീലാ മാരേട്ടിനൊപ്പം തോളോട് തോൾ ചേർന്നുനിൽക്കുന്ന ഫൊക്കാനയിലെ കരുത്തുറ്റ പ്രവർത്തകനാണ് ഫിലിപ്പോസ് ഫിലിപ്പ്. അമേരിക്കൻ മലയാളികളുടെ വൈവിധ്യങ്ങളെ ഒരു കുടക്കീഴിൽ ഒരേ സ്വരത്തിൽ ഒരു മനസ്സായി സംരക്ഷിക്കാനും മുന്നോട്ടു നയിക്കാനും പ്രാപ്തനായ സംഘാടകൻ. നിലവിൽ രണ്ടാം തവണയും ലോക കേരള സഭ അംഗമാണ്. ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ, ജനറൽ സെക്രട്ടറി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട്, ഫൊക്കാന കൺവൻഷൻ ചെയർമാൻ, ഇലക്ഷൻ കമ്മിറ്റി ചെയർമാൻ, സുവനീർ എഡിറ്റർ, നാഷണൽ കമ്മിറ്റി അംഗം തുടങ്ങി ഫൊക്കാനയുടെ വിവിധ മേഖലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരള എൻജിനീയറിങ് ഗ്രാജുവേറ്റ്സ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (KEAN)യുടെ സ്ഥാപകരിൽ ഒരാൾ എന്ന നിലയിൽ വളരെ ശ്രദ്ധേയനായ അദ്ദേഹം കീൻ സ്ഥാപക ജനറൽ സെക്രട്ടറി, പ്രസിഡണ്ട്, ബോർഡ് ചെയർ, പബ്ലിക് റിലേഷൻസ് ഓഫീസർ തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്.

ഫൊക്കാനയെ കൂടുതൽ സുതാര്യവും ജനകീയവുമായ ദിശയിൽ നയിക്കാൻ കഴിയും എന്ന വിശ്വാസത്തിൽ ഫിലിപ്പോസ് ഫിലിപ്പും ശക്തമായ ഒരു ടീമിനെ അണിനിരത്തിയാണ് മത്സരത്തിനിറങ്ങിയത്. അതിനാൽ ഫൊക്കാനയിൽ അദ്ദേഹത്തിന്റെ നേതൃത്വം വ്യക്തമായ മുന്നേറ്റത്തിനും നേട്ടങ്ങൾക്കും വഴിയൊരുക്കും.

ഫൊക്കാനയുടെ തെരഞ്ഞെടുപ്പ് ഗോദയിൽ ശക്തരും സമാനരുമായ രണ്ടു പോരാളികൾ! അമേരിക്കൻ മലയാളികൾ ഒന്നടങ്കം നെഞ്ചിടിപ്പോടെ കാത്തിരിക്കുന്ന തെരഞ്ഞെടുപ്പ് ഫലമായിരിക്കും ഇത്.

ലീലാ മാരേട്ടോ, ഫിലിപ്പോസ് ഫിലിപ്പോ? ആരാകും അടുത്ത ഫൊക്കാന പ്രസിഡന്റ്?

# ഓർമ്മക്കിളി

കവിത



സുജാത ശ്രീപദം

ഓർക്കാതിരിക്കുമ്പോഴോടിയെത്തും
എന്റെ മറവിതൻക്കൂട്ടിലെ ഓർമ്മക്കിളി.
താരാട്ടുപാട്ടിൻ ശീലുകളില്ലാതെ
മയങ്ങിക്കിടക്കുമെൻ സ്മൃതിപഥത്തിൽ,
മോഹത്തിൻ ചിറകറ്റൊരു വർണ്ണക്കിളി.
അനന്തമാം സ്വപ്നവിഹായസ്സിൽ
ഞാനെൻ ചിറകുകൾ വീശിപ്പറന്നുയരാൻ
കാലൂന്നി പക്ഷം വിരിച്ച നേരം,
ദുഷ്ടനാമേതോ മുജ്ജന്മശത്രുവാം
നീയെന്തിനെന്നിഹജന്മവും കവർന്നെടുത്തു
നിന്റെ ദംഷ്ട്രകൾ കൊണ്ട് മുറിഞ്ഞ
മനസ്സുമാത്മാവുമായ് ഞാൻ, നിൻ
ദയാവായ്പിനായ് കേഴുമ്പോഴും,
തെല്ലും കനിവിൻ കണം എന്നിലിറ്റിക്കാതെ നീ
കൊത്തിയരിഞ്ഞെന്റെ മോഹപതംഗങ്ങൾ,
പാടാനായോങ്ങിയ ശീലുകളൊക്കെയും
നിന്റെ മുഷ്ടിക്കുള്ളിലും പിടഞ്ഞുച്ചത്തു.
എങ്കിലുമെങ്കിലുമിന്നും മിന്നിമറയുമെൻ
മറവിതൻക്കൂട്ടിലെ ഓർമ്മക്കിളി.

കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# ഫോമാ ആഘോഷവിരുന്നിലേക്ക് 2026 കേരള കൺവൻഷൻ ചരിത്രമാക്കാൻ ബേബി മണക്കുന്നേലും, പീറ്റർ കുളങ്ങരയും

അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫോമാ, കേരളോത്സവത്തിന്റെ ആഘോഷരാവുകൾക്ക് തുടക്കമിടുന്നു. സംഗീതത്തിന്റെ മാധുര്യത്തിലൂടെ, ചടുലമായ നൃത്ത ചുവടുകളിലൂടെ, ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന കലാപരിപാടികളിലൂടെ, വിദ്യാഭ്യാസ - സാംസ്കാരിക ചാരിറ്റി പ്രവർത്തനങ്ങളിലൂടെ ഒരു ഐക്യവേദിയായി ഫോമാ കേരളാ കൺവൻഷന് കോട്ടയം വേദിയാകുന്നു. ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന ഫോമായുടെ കേരള കൺവൻഷൻ 2026 ജനുവരി 9-ന് കോട്ടയത്തുള്ള വിൻഡ്സർ കാസിൽ ഹോട്ടലിൽ വച്ചാണ് ഈ ആഘോഷവിരുന്ന് അരങ്ങേറാൻ പോകുന്നത്. അമേരിക്കൻ മലയാളികൾക്ക് കേരളമണ്ണുമായുള്ള ബന്ധത്തെ ശക്തിപ്പെടുത്തുന്ന ഏറ്റവും വലിയ സംഗമമായിരിക്കും ഇത്. ഓരോ അമേരിക്കൻ മലയാളിയും ആവേശഭരിതരായി ഫോമാ കേരള കൺവൻഷനെ വരവേൽക്കുന്നു. ഫോമാ കേരളാ കൺവൻഷൻ ചരിത്രമാക്കുവാനുള്ള പ്രവർത്തന ത്തിലാണ് ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലും കേരളാ കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങരയും.



ബേബി മണക്കുന്നേൽ



പീറ്റർ കുളങ്ങര

ആയിരത്തോളം ആളുകൾ പങ്കെടുക്കുന്ന, ആഘോഷങ്ങളും ആരവങ്ങളും മുഴങ്ങുന്ന വെറുമൊരു സംഗമ വേദി മാത്രമല്ല ഫോമാ കേരള കൺവൻഷൻ. 2026 ജനുവരി 9-ന് രാവിലെ 10 മണിക്ക് ആരംഭിക്കുന്ന പരിപാടിയിൽ ഉദ്ഘാടന ചടങ്ങുകൾക്ക് ശേഷം ഫോമായുടെ സഹായ പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന വിവിധ ജീവകാരുണ്യ പദ്ധതികൾക്കാണ് തുടക്കം കുറിക്കുന്നത്. അതുപോലെ തന്നെ അമേരിക്കൻ മലയാളികളും കേരളത്തിലെ ജനസമൂഹവും തമ്മിലുള്ള ഒത്തുചേരലിന്റെ വേദിയാവുക എന്നതുകൂടിയാണ് കൺവൻഷന്റെ മറ്റൊരു ലക്ഷ്യം.




ഭിന്നശേഷി എജ്യൂക്കേഷണൽ അസിസ്റ്റൻസ് പ്രോഗ്രാം ഈ കൺവൻഷന്റെ പ്രധാന പ്രത്യേകതയാണ്. കാഴ്ചയ്ക്കും കേൾവിക്കും പരിമിതിയുള്ള കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായമാണ് ഈ പദ്ധതി കൊണ്ടുള്ള ഉദ്ദേശം. ശ്രവണ പരിമിതർക്ക് ഹിയറിങ് എയിഡുകളും, കാഴ്ച പരിമിതർക്ക് പ്രത്യേക ലാപ്ടോപ്പുകളും, അംഗപരിമിതർക്ക് സ്കൂട്ടറുകളും വീൽചെയറുകളും വിതരണം ചെയ്യുന്ന പദ്ധതിയാണിത്. കൂടാതെ വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ നേഴ്സിംഗ് വിദ്യാർഥികൾക്കുള്ള ധനസഹായവും, എറണാകുളത്ത് ദളിത് വനിതകൾക്കായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിലേക്ക് എംബ്രോയ്ഡറി മെഷീനുകളുടെയും തയ്യൽ മെഷീനുകളുടെയും ടാബ്ലറ്റുകളുടെയും വിതരണവും കൺവൻഷൻ പരിപാടിയിൽ നൽകപ്പെടും. വിധവകളായ അമ്മമാർക്ക് സാമ്പത്തിക സഹായവും നൽകും. അതോടൊപ്പം തന്നെ നേഴ്സിംഗ് ബിരുദധാരികൾക്കും സ്റ്റുഡന്റ് വിസ ആഗ്രഹിക്കുന്നവർക്കും വിദേശ അവസരങ്ങൾ തേടുന്നവർക്കുമായി നേരിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും അവസരങ്ങളും നൽകുന്ന അമേരിക്ക - യുകെ നേഴ്സിംഗ് മൈഗ്രേഷൻ സെമിനാർ, സ്റ്റുഡന്റ് വിസ ക്ലാസുകൾ, കരിയർ ഗൈഡൻസ് തുടങ്ങിയവയും കൺവൻഷന്റെ ഭാഗമായി നടത്തപ്പെടും. ആലപ്പുഴയിലൂടെയുള്ള ബോട്ട് യാത്രയും, എറണാകുളത്തെ ബിസിനസ് മീറ്റുമാണ് മറ്റു പ്രത്യേക പരിപാടികൾ. ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനത്തിനു ശേഷം വൈകിട്ട് ഐഡിയ സ്റ്റാർ സിംഗറിലൂടെ പ്രശസ്തനായ വിവേകാനന്ദനും സംഘവും നടത്തുന്ന സംഗീത പരിപാടിയും, ശ്രദ്ധേയനായ മിമിക്രി കലാകാരൻ സുധി പറവൂരിന്റെ സ്റ്റേജ് ഷോയും അരങ്ങ് തകർക്കും. മന്ത്രിമാരായ വി.എൻ. വാസവൻ, റോഷി അഗസ്റ്റിൻ, സജി ചെറിയാൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, എം.പിമാരായ ഫ്രാൻസിസ് ജോർജ്, ആന്റോ ആന്റണി, ജോസ് കെ. മാണി, എം.എൽ.എമാരായ രമേശ് ചെന്നിത്തല, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോബ് മൈക്കിൾ, മോൻസ് ജോസഫ്, മുൻ എംഎൽഎമാരായ രാജു എബ്രഹാം, സുരേഷ് കുറുപ്പ്, തുടങ്ങിയവരും നിരവധി രാഷ്ട്രീയ സാമൂഹിക പ്രവർത്തകരും ഈ മഹാസംഗമത്തിന്റെ ക്ഷണം സ്വീകരിച്ച് എത്തുമെന്ന് ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലും പീറ്റർ കുളങ്ങരയും അറിയിച്ചു.


കേരളാ കൺവൻഷന്റെ വിജയത്തിനായി എല്ലാ മലയാളികളും ഫോമായ്ക്കൊപ്പം നിലകൊള്ളണ മെന്ന് പ്രസിഡന്റ് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി. ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ, കേരള കൺവൻഷൻ ചെയർ പീറ്റർ കുളങ്ങര, ഇന്റർനാഷണൽ കൺവൻഷൻ ചെയർമാൻ സുബിൻ കുമാരൻ എന്നിവർ അറിയിച്ചു.

**അനിൽ പെണ്ണുക്കര**

# സൗഹൃദ സായാഹ്നവും പുസ്തക പ്രകാശനവും 2026 ജനുവരി 12-ന്

കോട്ടയം: പ്രൊഫ. ബാബു തോമസ് പൂഴിക്കുന്നേലിന്റെ അഞ്ചാമത്തെ പുസ്തകമായ 'സ്വർണ്ണച്ചാമരം' എന്ന ചെറുകഥാ സമാഹാരത്തിന്റെ പ്രകാശനവും സൗഹൃദ സായാഹ്നവും 2026 ജനുവരി 12 തിങ്കളാഴ്ച നാലു മണിക്ക് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടക്കും. മോൻസ് ജോസഫ് എം.എൽ.എ.യുടെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ കേരള ജലവിഭവ വകുപ്പു മന്ത്രി റോഷി അഗസ്റ്റിൻ പുസ്തക പ്രകാശനം നിർവ്വഹിക്കും. മുൻ എം.പി. തോമസ് ചാഴികാടൻ മുഖ്യപ്രഭാഷണം നടത്തും. ഫാ. ഏബ്രഹാം പറമ്പേട്ട്, ഫാ. മാത്യു മണക്കാട്ട്, സി.എൽ. തോമസ്, ജോസ് കണിയാലി, ബേബി ഊരാളിൽ, ജയ്ബു കുളങ്ങര, ഡെന്നി ഊരാളിൽ, മാത്യൂസ് ഓരത്തേൽ എന്നിവർ പ്രസംഗിക്കും.

കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷമായി അമേരിക്കയിലെ കേരളാ എക്സ്പ്രസ് പത്രത്തിന്റെ കൺസൾട്ടന്റ് എഡിറ്റർ എന്ന നിലയിലും മറ്റു സർഗാത്മക സംഭാവനകളുടെയും അംഗീകാരമായി പ്രൊഫ. ബാബു പൂഴിക്കുന്നേലിന് 'അക്ഷരശ്രേഷ്ഠ' പുരസ്കാരം സമർപ്പിക്കും. മൂന്നു പതിറ്റാണ്ടുകളായി പ്രസാധനരംഗത്തും കേരളത്തിലെ ഫിലിം സൊസൈറ്റി രംഗത്തും കോട്ടയത്തെ സാംസ്കാരികരംഗത്തും നല്കുന്ന ക്രിയാത്മകമായ സംഭാവനകൾ പരിഗണിച്ച് മാത്യൂസ് ഓരത്തേലിനുള്ള പുരസ്കാരവും ചടങ്ങിൽ സമ്മാനിക്കും. ഡോ. അനിൽ സ്റ്റീഫൻ, ഡോ. നവീന നരിതൂക്കിൽ, ചാക്കോ കുരുവിള, തോമസ് ഏബ്രഹാം, ഇന്നസെന്റ് ചൂരവിള, സൈമൺ ആറുപറ, രാജു ആലപ്പാട്ട്, ബേബി മുല്ലക്കര, ജോർജ് സെബാസ്റ്റ്യൻ, റ്റോം സാജൻ, റ്റോണി ജോസ് എന്നിവരടങ്ങുന്ന സൗഹൃദ സമിതിയാണ് ചടങ്ങ് സംഘടിപ്പിക്കുവാൻ നേതൃത്വം നല്കുന്നത്.


ജലവിഭവ വകുപ്പു മന്ത്രി റോഷി അഗസ്റ്റിൻ


മോൻസ് ജോസഫ് എം.എൽ.എ


മുൻ എം.പി. തോമസ് ചാഴികാടൻ


പ്രൊഫ. ബാബു പൂഴിക്കുന്നേൽ

# കേരള അസോസിയേഷൻ ഓഫ് നാഷ്‌വില്ലിന് പുതിയ നേതൃത്വം


നാഷ്‌വിൽ: കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ (KAN)ന്റെ ദ്വൈവാർഷിക സമ്മേളനം ഡിസംബർ 14-ന് നാഷ്‌വിൽ എയർപോർട്ട് ഗ്ലോബെസ്റ്റ് വെസ്റ്റേൺ ഹോട്ടലിൽ ചേർന്ന് 2026-27 വർഷങ്ങളിൽ അസോസിയേഷന് നേതൃത്വം നൽകുന്നതിനായുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ശങ്കർ മന (പ്രസിഡണ്ട്), ഡോ. സുശീല സോമരാജൻ (വൈസ് പ്രസിഡണ്ട്), സുജിത് പിള്ള (സെക്രട്ടറി), ഡോ. ദീപാഞ്ജലി നായർ (ജോ.സെക്രട്ടറി), സുമ ശിവപ്രസാദ് (ട്രഷറർ), നിജിൽ ഉണ്ണിയാൻ (ജോ. ട്രഷറർ) എന്നിവർ മറ്റു ഭരണസമിതി അംഗങ്ങളോടൊപ്പം സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റു. കാൻ മുൻ പ്രസിഡണ്ടും ഇലക്ഷൻ കമ്മിറ്റി ചെയറുമായ തോമസ് വർഗീസ് സത്യവാചകം ചൊല്ലിക്കൊടുത്തു.

കാൻ പ്രസിഡണ്ട് ഷിബു പിള്ളയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കഴിഞ്ഞ രണ്ട് വർഷത്തെ വിശദമായ പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ഡോ. സുശീല സോമരാജൻ അവതരിപ്പിച്ചു. ട്രഷറർ അനന്ത ലക്ഷ്മണൻ കഴിഞ്ഞ രണ്ട് വർഷത്തെ വരവു ചെലവു കണക്കുകൾ അവതരിപ്പിച്ചു. നവവത്സരാഘോഷങ്ങൾ, കേരളാ ഫെസ്റ്റ്, ഓണാഘോഷങ്ങൾ, മാരത്തൺ വാളണ്ടിയറിംഗ്, വിവിധ ചാരിറ്റി പ്രവർത്തനങ്ങൾ, കായിക മത്സരങ്ങൾ, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, കമ്മ്യൂണിറ്റി ക്രൂയിസ്, യൂത്ത് ഫോറം, വനിതാ ഫോറം പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെ ഏതാണ്ട് അമ്പതോളം പരിപാടികൾ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിക്കാനും, സംഘടനയ്ക്ക് ആരോഗ്യകരമായ ഒരു നീക്കിയിരിപ്പ് നിലനിർത്താനും കഴിഞ്ഞതായി യോഗം വിലയിരുത്തി. പ്രവർത്തന റിപ്പോർട്ടും വരവു- ചെലവു കണക്കുകളും സമ്മേളനം ചർച്ച ചെയ്ത് ഐകകണ്ഠ്യേന പാസാക്കി.

പുതിയ പ്രസിഡണ്ട് ശങ്കർ മന അടുത്ത രണ്ടു വർഷത്തേക്കുള്ള പ്രവർത്തന നയരേഖ അവതരിപ്പിച്ചു. സ്ഥാനമൊഴിയുന്ന പ്രസിഡണ്ട് ഷിബു പിള്ളയേയും, 2024-25 വർഷത്തിൽ കാനിന്റെ വിവിധ സേവന പ്രവർത്തനങ്ങളിൽ പങ്കെടുത്ത നൂറിലധികം വാളണ്ടിയർമാരെയും ചടങ്ങിൽ അനുമോദിക്കുകയും കാൻ ലോഗോ പതിപ്പിച്ച പോളോ ഷർട്ടുകൾ വിതരണം ചെയ്യുകയും ചെയ്തു. സുമ ശിവപ്രസാദിന്റെ നേതൃത്വത്തിൽ കഹൂട്ട് (Kahoot) ഓൺലൈൻ ഗെയിം സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കാൻ മുൻപ്രസിഡണ്ടുമാരായ സാം ആന്റോ, ബിജു ജോസഫ്, അശോകൻ വട്ടക്കാട്ടിൽ, രാകേഷ് കൃഷ്ണൻ, കാൻ മുൻ അഡ്വൈസറി ചെയർ ബബ്ലു ചാക്കോ, ഇന്ത്യൻ അസോസിയേഷൻ ഓഫ് നാഷ്‌വിൽ (IAN) മുൻ പ്രസിഡണ്ടും ആദർശ് രവീന്ദ്രൻ എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

**മറ്റു ഭരണസമിതി അംഗങ്ങൾ**

തോമസ് വർഗീസ് ( അഡ്വൈസറി കമ്മിറ്റി ചെയർ), ശ്രീഷ അനീഷ് (കൾച്ചറൽ കമ്മിറ്റി ചെയർ), ആശ പത്യാരി (കൾച്ചറൽ കമ്മിറ്റി കോ- ചെയർ), സിബി രാമചന്ദ്രൻ (ഫുഡ് കമ്മിറ്റി ചെയർ), അരുൺ പി. ആർ (ഫുഡ് കമ്മിറ്റി കോ- ചെയർ), മനീഷ് രവികുമാർ (മെമ്പർഷിപ്പ് കമ്മിറ്റി ചെയർ), ജേക്കബ് ജോർജ് (സ്പോർട്സ് കമ്മിറ്റി ചെയർ), അനിൽ വാരിയർ (സ്പോർട്സ് കമ്മിറ്റി കോ- ചെയർ), സന്തോഷ് പി. രാമചന്ദ്രൻ (ഔട്ട് റീച്ച് കമ്മിറ്റി ചെയർ), പ്രസീദ രാജു (വിമൻസ് ഫോറം ചെയർ), സാജൻ പെരുമ്പിള്ളി (യൂത്ത് ഫോറം ചെയർ), നിഷ പ്രഭാകരൻ (യൂത്ത് ഫോറം കോ-ചെയർ), അനിൽകുമാർ ഗോപാലകൃഷ്ണൻ (കാഞ്ചനം പബ്ലിക്കേഷൻസ് എഡിറ്റർ) എന്നിവരും ചുമതലയേറ്റു. പ്രത്യേക ക്ഷണിതാക്കളായി അനിൽ പത്യാരി, ജിനു സൈമൺ ഫിലിപ്പ്, മനോജ് രാജൻ, അനീഷ് കാപ്പാടൻ, ജംഷീർ തിയുള്ളത്തിൽ എന്നിവരേയും പൊതുയോഗം നിശ്ചയിച്ചു. വിമൻസ് ഫോറത്തിന്റെയും യൂത്ത് ഫോറത്തിന്റെയും മറ്റു ഭാരവാഹികളെ ജനുവരി 17-ന് കാനിന്റെ പുതിയ നേതൃത്വത്തിൽ നടക്കുന്ന ജിംഗിൾ & മിംഗിൾ 2026 എന്ന പ്രഥമ പരിപാടിയിൽ വെച്ച് പ്രഖ്യാപിക്കും.


ശങ്കർ മന (പ്രസിഡണ്ട്)


സുജിത് പിള്ള (സെക്രട്ടറി)


സുമ ശിവപ്രസാദ് (ട്രഷറർ)


ഡോ. സുശീല സോമരാജൻ (വൈസ് പ്രസിഡണ്ട്)


ഡോ. ദീപാഞ്ജലി നായർ (ജോ.സെക്രട്ടറി)



നിജിൽ ഉണ്ണിയാൻ (ജോ. ട്രഷറർ)




# ഫാ. മാത്യു വർഗീസ് കരിത്തലയ്ക്കൽ കോറെപ്പിസ്കോപ്പാ പദവിയിലേക്ക്

ഷെവ. ജെയ്മോൻ സ്കറിയ

ന്യൂയോർക്ക്: യാക്കോബായ സഭയുടെ അമേരിക്കൻ ഭദ്രാസനത്തിലെ സീനിയർ വൈദികരിൽ ഒരാളായ റവ. ഫാ. മാത്യു വർഗീസ് കരിത്തലയ്ക്കൽ കോറെപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു. ഡിസംബർ 27-ന് ശനിയാഴ്ച രാവിലെ 9 മണിക്ക് ഓക്‌പാർക്ക് സെന്റ് ജോർജ് യാക്കോബായ പള്ളിയിൽ വെച്ച് വി. കുർബ്ബാനയെത്തുടർന്ന് കോറെപ്പിസ്കോപ്പാ ശുശ്രൂഷകൾ നടത്തപ്പെടും. ശുശ്രൂഷകൾക്ക് അമേരിക്കൻ ഭദ്രാസനാധിപൻ അഭി. യൽദോ മാർ തീത്തോസ് തിരുമേനി പ്രധാന കാർമ്മികനായിരിക്കും. ഭദ്രാസനത്തിലെ വിവിധ ഇടവകകളിലെ വൈദികർ ശുശ്രൂഷയിൽ സംബന്ധിക്കുന്നതാണ്.



വാകത്താനം ഞാലിയാകുഴി സെന്റ് ഇഗ്നാത്തിയോസ് പള്ളി ഇടവകാംഗമായ ബഹുമാനപ്പെട്ട അച്ചൻ 1980-ൽ ശെമ്മാശുപട്ടവും 1986-ൽ വൈദികപട്ടവും സ്വീകരിച്ചു. 1983-84 കാലഘട്ടത്തിൽ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. തുടർന്ന് അഖില മലങ്കര യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡണ്ട്, കോട്ടയം ഭദ്രാസന കൗൺസിൽ അംഗം എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചു. മികച്ച സംഘാടകനും സുവിശേഷ പ്രസംഗകനുമായ അച്ചൻ കേരളത്തിൽ നാലുന്നാക്കൽ, പള്ളം, ഉള്ളായം, ഒളശ്ശ, പൊൻകുന്നം എന്നീ ദേവാലയങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. കഴിഞ്ഞ 31 വർഷമായി അമേരിക്കൻ ഭദ്രാസനത്തിൽ വൈദികനായി സേവനം അനുഷ്ഠിക്കുന്നു. ഇപ്പോൾ ഓക്‌പാർക്ക് സെന്റ് ജോർജ് യാക്കോബായ പള്ളി അസോസിയേറ്റ് വികാരി, മിനെസോട്ട സെന്റ് സൈമൺസ് യാക്കോബായ പള്ളിയുടെ വികാരിയായും പ്രവർത്തിക്കുന്നു. വെട്ടിക്കൽ സെമിനാരി, മലേക്കുരിശ് ദയറ എന്നീ സെമിനാരികളിൽനിന്ന് വൈദിക വിദ്യാഭ്യാസം നേടി.

ഓക്‌പാർക്ക് സെന്റ് ജോർജ് യാക്കോബായ പള്ളിയുടെ എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

വിവരങ്ങൾക്ക്: റവ. ഫാ. ലിജു പോൾ (വികാരി) 224 730 4082

മാമ്മൻ കുരുവിള (വൈസ് പ്രസിഡണ്ട്) 630 205 8887

ജിബിൻ ജേക്കബ് (ട്രഷറർ) 848 248 9288

ജോജോ കെ. ജോയി (സെക്രട്ടറി) 224 610 9652

# സാന്റാ മീറ്റ് ആൻഡ് ഗ്രീറ്റ് ഉത്സവമാക്കി ഡാളസ് ഇടവക



ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക ഹോളി ചൈൽഡ് ഹുഡ് മിനിസ്ട്രി, മിഷൻ ലീഗ് എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ മീറ്റ് ആൻഡ് ഗ്രീറ്റ് സാന്റാ പ്രോഗ്രാം ഇടവകയിൽ കുട്ടികൾക്ക് നവ്യാനുഭവമായി.

വിശുദ്ധ കുർബാനയ്ക്കുശേഷം നേരത്തെ രജിസ്റ്റർ ചെയ്ത മാതാപിതാക്കൾ കുട്ടികളോടൊപ്പം ഹാളിൽ പ്രവേശിച്ചു.

തുടർന്ന് കുടുംബസമേതം സാന്റായോടൊപ്പം ഫോട്ടോയെടുക്കാൻ അവസരം ഒരുക്കി. പിന്നീട് കുട്ടികൾക്ക് പുതുമയാർന്നതും വ്യത്യസ്തവുമായ മത്സരങ്ങൾ ഒരുക്കി. ഈ സാന്റാ കൂട്ടായ്മ വികാരി ഫാ. ബിൻസ് ചേത്തലിൽ ഉദ്ഘാടനം ചെയ്തു.

എല്ലാ കുട്ടികൾക്കും സാന്റായോടൊപ്പം സ്നേഹവിരുന്നും ക്രമീകരിച്ചു.

മാതാപിതാക്കളും കുട്ടികളും ഒരുമിച്ച് ആനന്ദിച്ച് സാന്റായോടൊപ്പം പ്രോഗ്രാമിന് മിഷൻലീഗ് ഹോളി ചൈൽഡ് ഹുഡ് എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നല്കി.

# സീറോ മലബാർ കൺവൻഷൻ: ഹൂസ്റ്റൺ സെന്റ് ജോസഫ് പള്ളിയിൽ കിക്കോഫ്

**ബീനാ വള്ളിക്കളം**

ചിക്കാഗോ: അമേരിക്കയിലെ സീറോമലബാർ രൂപത 25 വർഷം പിന്നിടുന്ന സുപ്രധാനമായ നാഴികക്കല്ലിൽ എത്തി നിൽക്കുന്ന അവസരത്തിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ജൂബിലി ആഘോഷങ്ങൾ തുടരുകയാണ്. 2026 ജൂലൈ 9 മുതൽ 12 വരെ നടത്തപ്പെടുന്ന കൺവൻഷനോടു കൂടിയാണ് ഈ ആഘോഷങ്ങൾക്ക് തിരശ്ശീല വീഴുക. അമേരിക്കയിലെ എല്ലാ ഇടവകളിലും ജൂബിലിയുടെ സന്ദേശവും കൺവൻഷൻ വിവരങ്ങളും നേരിട്ട് നല്കുവാനായി കൺവൻഷൻ പ്രതിനിധികൾ സന്ദർശനം നടത്തിവരുന്നു.



രജിസ്ട്രേഷൻ കിക്കോഫിനു വേണ്ടി ഹൂസ്റ്റണിലെ സെന്റ് ജോസഫ് പള്ളിയിൽ എത്തിയ രൂപതാ പ്രൊക്യുറേറ്ററും ഈ പള്ളിയിലെ തന്നെ മുൻ വികാരിയുമായിരുന്ന ഫാ. കുര്യൻ നെടുവേലിചാലുങ്കലും കൺവൻഷൻ ടീമിനും ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ വലിയപറമ്പിലിന്റെയും അസി. വികാരി ഫാ. ജോർജ് പാറയിലിന്റെയും നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദയപൂർവമായ വരവേല്പ് നല്കി. ഫാ. കുര്യൻ ഏവരെയും കൺവൻഷനിൽ പങ്കുചേരാനായി ക്ഷണിക്കുകയുണ്ടായി. 2019-ൽ ഹൂസ്റ്റണിൽ വിജയകരമായി നടത്തപ്പെട്ട കൺവൻഷന്റെ കൺവീനർ കൂടിയായ ഫാ. കുര്യൻ ചിക്കാഗോയിൽ നടക്കുന്ന ജൂബിലി കൺവൻഷൻ വിജയിപ്പിക്കുവാൻ സഹകരിക്കണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. കൺവൻഷൻ സെക്രട്ടറി ബീനാ വള്ളിക്കളം, ഐടി നാഷണൽ ചീഫ് കോ-ഓർഡിനേറ്റർ ജോർജ് നെല്ലിക്കുന്നേൽ, രജിസ്ട്രേഷൻ കോ-ഓർഡിനേറ്റർ സണ്ണി വള്ളിക്കളം എന്നിവർ കൺവൻഷൻ പരിപാടികളുടെ ഹ്രസ്വമായ രൂപരേഖ അവതരിപ്പിക്കുകയും ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

ട്രസ്റ്റിമാരായ പ്രിൻസ് ജേക്കബ്, സിജോ ജോസ്, ജോജോ തുണ്ടിയിൽ, വർഗീസ് കുര്യൻ എന്നിവർ കിക്കോഫ് അതിമനോഹരമാക്കുവാൻ നേതൃത്വം







നല്കി. അമ്പതോളം രജിസ്ട്രേഷൻ തദവസരത്തിൽതന്നെ കൺവൻഷൻ ടീമിന് കൈമാറാനായത് ഇടവകാംഗങ്ങളുടെ താല്പര്യത്തെയും സഹകരണത്തെയും സൂചിപ്പിക്കുന്നതായും കൂടുതൽ രജിസ്ട്രേഷൻ പ്രതീക്ഷിക്കുന്നുവെന്നും ഇടവക വികാരിയും കൺവൻഷൻ പ്രതിനിധികളും സന്തോഷപൂർവം അറിയിച്ചു. കൺവൻഷന്റെ വിജയത്തിനായി ഇടവകയുടെ പരിപൂർണ്ണ പിന്തുണ വികാരിയച്ചനും അസിസ്റ്റന്റ് വികാരിയച്ചനും ഉറപ്പു നല്കി. 2026 ജൂലൈ മാസം 9 മുതൽ 12 വരെ അതിമനോഹരമായ ചിക്കാഗോ നഗരത്തിൽ സ്ഥിതിചെയ്യുന്ന പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലാണ് സീറോമലബാർ യുഎസ്എ കൺവൻഷൻ നടക്കുന്നത്. രൂപതയുടെ പ്രഥമ ഇടയൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലി കൂടി ഇതോടൊപ്പം ആഘോഷിക്കുകയാണ്. ദിവസേനയുള്ള ദിവ്യബലി, ആരാധന എന്നിവയോടൊപ്പം വിദഗ്ദ്ധർ നയിക്കുന്ന ക്ലാസുകളും ബിസിനസ് മീറ്റുകളും വിവിധ സംഘടനകളും കൂട്ടായ്മകളും നാളിതുവരെ ഇടവകയെ നയിച്ചവർക്കുള്ള ആദരവും വൈവിധ്യമാർന്ന കലാപരിപാടികളും മത്സരങ്ങളും ഒരുക്കിയിരിക്കുന്ന യുവജനങ്ങൾക്കും മുതിർന്നവർക്കും അവരുടെ താല്പര്യങ്ങൾക്ക് ഉതകുന്ന വിധത്തിൽ പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്.




അമേരിക്കയിലെ സീറോമലബാർ വിശ്വാസികളെ ഒന്നിച്ചു ചേർക്കുന്ന ഈ സംഗമം ഒന്നിച്ചു ചേരാനും ആശയവിനിമയത്തിനും പ്രവാസലോകത്തെ സഭയുടെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി ഒരു പുതിയ ദിശാബോധം നല്കുവാനുമുള്ള ഒരു അവസരമായിരിക്കും. മനോഹരമായ ഈ ആത്മീയ, സാംസ്കാരിക സംഗമത്തിൽ പങ്കെടുക്കുവാൻ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് എല്ലാ വിശ്വാസികളെയും ക്ഷണിക്കുന്നു.

രൂപതയിലെ എല്ലാ പള്ളികളിലെയും കൺവൻഷൻ പ്രതിനിധികളോട് ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സംവിധാനത്തിന്റെ ഭാഗമായി എല്ലാ ഇടവകകളും സന്ദർശിക്കുവാൻ ശ്രമിക്കുന്നതായി കൺവൻഷൻ ടീം അറിയിച്ചു. വിവരങ്ങൾ പങ്കുവെക്കുക വഴി കൺവൻഷൻ രജിസ്ട്രേഷൻ എളുപ്പമാവുകയും കൂടുതൽ വിശ്വാസികളെ ഈ മഹാകൂട്ടായ്മയിൽ പങ്കുചേർക്കാൻ കഴിയുകയും ചെയ്യുമെന്ന് ടീം വിശ്വസിക്കുന്നു.

ഹൂസ്റ്റൺ സീറോമലബാർ ഇടവകയിലെ വികാരിയച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroconvention.-org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# FROM PRINCIPLED LEFT TO POWER WITHOUT PURPOSE: THE CPM'S CRISIS IN KERALA

**George Abraham**

The people of Kerala have spoken decisively in the recent Panchayat and Municipal elections, delivering a clear rebuke to the corrupt and authoritarian style of governance under Pinarayi Vijayan and his close coterie within the CPM. As one surveys the damage inflicted on a party that was once a credible voice for the poor and the disadvantaged, it is evident how far it has fallen and reduced to an empty shell, stripped of ideological coherence and moral authority.

It is therefore worth revisiting whether the CPM's past misjudgments continue to haunt it today, accelerating its steady decline and pushing the party toward political irrelevance. Once a formidable force in West Bengal since Independence, the CPM governed the state uninterrupted for 34 years. The turning point came during the final phase of its rule, when land acquisition controversy severely undermined its credibility. The violence in Nandigram proved to be a fatal blow, exposing a governance model increasingly associated with intimidation, favoritism, and corruption at both local and state levels.

At the national level, the CPM remained a powerhouse even as the UPA-1 wrested power from the NDA in 2004. Together, the CPI and CPM commanded more than 61 seats in the Lok Sabha. With such significant representation, the Left could have demanded key portfolios in the Manmohan Singh cabinet, strengthening its national influence while delivering transformative projects to its strongholds in West Bengal and Kerala. Instead, the party squandered this historic opportunity by staying on the sidelines and ultimately withdrawing support from the government over the Indo–U.S. Civil Nuclear Agreement, a landmark deal that legitimized India's entry into the global nuclear order.

Prakash Karat, then General Secretary of the CPM, will likely be remembered as one of the principal architects of the party's marginalization in national politics, having presided over decisions that sacrificed strategic influence at the altar of ideological rigidity. His insistence on party discipline culminated in the unfortunate and widely criticized action against a leader of immense stature, the then Speaker of the Lok Sabha, Mr. Somnath Chatterjee, an episode many viewed as a display of political arrogance that further eroded the party's credibility. What we are witnessing today appears to be a continuation of that decline, now unfolding under the stewardship of Pinarayi Vijayan, with the CPM steadily losing its remaining footholds and diminishing its relevance in contemporary Indian politics.

The Pinarayi Vijayan regime is not only eroding the party's legacy as a populist force but is also widely perceived as one of the most corrupt administrations in Kerala's history. It is a striking paradox that a leader who rose from modest beginnings is now seen as embracing luxury and fostering a culture of nepotism. Power is widely believed to be heavily centralized in the Chief Minister's Office, with cabinet ministers and party functionaries frequently sidelined, thereby weakening collective decision-making. Critics further argue that transparency and accountability have been severely compromised, and that dissent or questioning of authority is met with little tolerance, marking a sharp departure from the Left's traditional democratic ethos.

Over time, a series of controversies have significantly dented the public image of the Pinarayi Vijayan administration. The gold smuggling case, which involved individuals with alleged links to the Chief Minister's Office, raised serious questions about oversight and accountability. The LIFE Mission controversy further called attention to possible procedural violations, while irregularities in cooperative banks—allegedly involving party cadres—have reinforced perceptions of entrenched corruption within the system.

Adding to these concerns, T. Veena, the Chief Minister's daughter, has been named in an ongoing corporate fraud case linked to Cochin Minerals and Rutile Limited (CMRL). The Serious Fraud Investigation Office (SFIO) has alleged that Veena and her firm, Exalogic Solutions, received approximately Rs.2.7 crore from CMRL without providing corresponding services, amounting to alleged fraudulent payments under the Companies Act. The Enforcement Directorate has also reportedly registered a case under the



George Abraham

Prevention of Money Laundering Act (PMLA) in connection with these transactions. These matters remain under investigation.

Equally troubling for the people of Kerala is what critics describe as economic mismanagement by the current government. Rising public debt and increasing dependence on borrowing point to a growing fiscal strain. The administration is accused of showing limited regard for fiscal discipline and offering little clarity on sustainable revenue generation. Despite repeated announcements of memoranda of understanding (MoUs), private investment, outside the consumer sector, has remained limited, resulting in inadequate job creation and continued migration of young Keralites in search of better opportunities elsewhere.

Over the years, the CPM has been the principal nemesis of the BJP in Kerala, with youth cadres from both sides frequently engaging in violent clashes that have tragically resulted in loss of life. The CPM also positioned itself as the foremost proponent and defender of secularism, often castigating the Congress for what it perceived as ideological laxity. CPM leaders routinely and vociferously criticized the BJP's policies and its Hindutva-driven politics.

However, what has unfolded during the Pinarayi Vijayan regime has given rise to troubling accusations and narratives suggesting informal or tactical understandings, and even collaboration between the CPM and the BJP. Despite multiple corruption allegations involving Pinarayi Vijayan and his family, the BJP has adopted a noticeably soft approach, raising serious questions among political observers. Even the long-pending Lavalin case involving Pinarayi Vijayan has been deferred repeatedly, not at the behest of the defense but reportedly at the request of the prosecution. These developments prompt an uncomfortable question: whether knowingly or otherwise, the CPM has aligned itself with the BJP's broader objective of creating a Congress-mukt Bharat.

Such short-sightedness is deeply concerning. History shows that the BJP has consistently absorbed or marginalized its partners once it secures a foothold. A compromised and vulnerable Pinarayi Vijayan thus becomes a liability for Kerala, a complacent collaborator who risks opening the door for the BJP to inject communal poison into a state long known for its social harmony.Reports of closed-door meetings between CPM and BJP leaders have further fueled these suspicions. There is widespread speculation that vote transfers or tacit understandings may emerge in the upcoming Assembly elections, serving the interests of both parties. Similar patterns have been observed in West Bengal, where historical accounts from local and panchayat elections describe tactical cooperation between BJP and CPM workers at the grassroots level to counter the Trinamool Congress.

(see page 28)

# മാർ സ്ലീവാ മെഡിസിറ്റിയിൽ അഡ്വാൻസ്ഡ് പെയിൻ ക്ലിനിക് ആരംഭിച്ചു

പാലാ: മാർ സ്ലീവാ മെഡിസിറ്റിയിൽ അഡ്വാൻസ്ഡ് ഇന്റർവെൻഷണൽ പെയിൻ ആൻഡ് സ്പൈൻ കെയർ സെന്റർ പ്രവർത്തനമാരംഭിച്ചു. അത്യാധുനിക സ്ട്രൈക്കർ മൾട്ടിജെൻ-2 റേഡിയോഫ്രീക്വൻസി ജനറേറ്റർ സംവിധാനമാണ് സെന്ററിൽ സ്ഥാപിച്ചിരിക്കുന്നത്. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ സെന്ററിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവഹിച്ചു.

നാഡി, സന്ധി സംബന്ധമായ വേദനകൾക്ക് ഉൾപ്പെടെ ദീർഘകാലമായി തുടരുന്ന വേദനകൾക്കുള്ള ചികിത്സ സെന്ററിലൂടെ ലഭ്യമാകും. വിട്ടുമാറാത്ത വേദനയ്ക്കു കാരണമായ നാഡികളിൽ താപമോ പൾസ് എനർജിയോ നല്കി ഏറ്റവും വേഗത്തിൽ വേദനയ്ക്ക് പരിഹാരം കാണാവുന്ന ചികിത്സയാണ് ലഭ്യമാകുക. നട്ടെല്ല്, നാഡി തകരാറുകൾ മൂലമുള്ള വേദന. സന്ധി, പേശി വേദന, തലവേദന, കാൻസർ സംബന്ധമായ വേദനകൾ, മറ്റ് വിവിധ രോഗങ്ങൾ മൂലമുള്ള വേദനകൾക്കും പെയിൻ സെന്ററിലൂടെ പരിഹാരം കാാൻ സാധിക്കും. ടാർജറ്റഡ് സ്പൈൻ ഇന്റർവെൻഷൻസ്, ജോയിന്റ് പ്രിസർവേഷൻ തെറാപ്പികൾ, അഡ്വാൻസ്ഡ് പെയിൻ മോഡുലേഷൻ, മൈഗ്രേയിനുള്ള ബോട്ടാക്സ്, ഇൻട്രാതെക്കൽ ഡ്രഗ് ഡെലിവറി സിസ്റ്റംസ്, ഡ്രൈ നീഡിംഗ് ആൻഡ് ട്രിഗർ പോയിന്റ് തെറാപ്പി തുടങ്ങിയവയും സെന്ററിലൂടെ ലഭ്യമാകുന്ന ചികിത്സകളാണ്. എട്ട് ആഴ്ചയിൽ അധികമായി നീണ്ടുനിൽക്കുന്ന വേദന അനുഭവപ്പെടുന്നവർ, നടക്കുക, കുനിയുക, ദൈനംദിന ജോലി എന്നിവ ചെയ്യുമ്പോൾ വേദന ഉണ്ടാകുക, ഫിസിയോതെറാപ്പി ചെയ്തിട്ടും കുറയാത്ത വേദന ഉള്ളവർ, നട്ടെല്ല് അല്ലെങ്കിൽ സന്ധി ശസ്ത്രക്രിയയ്ക്ക് ശേഷം വേദന അനുഭവപ്പെടുന്നവർ, തുടർച്ചയായി മൈഗ്രേയിൻ അനുഭവപ്പെടുന്നവർ എന്നിവർക്ക് പെയിൻ സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്താം.

ചടങ്ങിൽ ഹോസ്പിറ്റൽ സിഇഒ റവ.ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ, ഡയറക്ടർമാരായ റവ.ഫാ. ജോസ് കീരഞ്ചിറ, റവ.ഡോ. ഇമ്മാനുവൽ പറേക്കാട്ട്, റവ.ഫാ. ഗർവാസീസ് ആനിത്തോട്ടത്തിൽ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കൊമഡോർ ഡോ. പോളിൻ ബാബു, മെഡിക്കൽ സൂപ്രണ്ട് ഡോ. നിതീഷ് പി.എൻ., ഡോ. അൽക്ക എലിസബത്ത് ജേക്കബ്, വിവിധ വിഭാഗങ്ങളിലെ മേധാവികൾ എന്നിവർ പങ്കെടുത്തു.




മാർ സ്ലീവാ മെഡിസിറ്റിയിൽ ആരംഭിച്ച അഡ്വാൻസ്ഡ് ഇന്റർവെൻഷണൽ പെയിൻ ആൻഡ് സ്പൈൻ കെയർ സെന്ററിന്റെ ഉദ്ഘാടനം ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ നിർവഹിക്കുന്നു.

## ചിക്കാഗോ രൂപത സീറോ മലബാർ കൺവൻഷൻ കിക്കോഫിന്


# ന്യൂയോർക്ക്–ബുക്കാനൻ സെയിന്റ് ജോസഫ് മിഷനിൽ മികച്ച പ്രതികരണം

ന്യൂയോർക്ക്: സിൽവർ ജൂബിലി നിറവിൽ നിൽക്കുന്ന ചിക്കാഗോ സീറോ മലബാർ രൂപതയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് 2026 ജൂലൈ 9, 10, 11 തീയതികളിൽ ചിക്കാഗോയിൽ വെച്ചു നടക്കുന്ന

**ഷോളി കുമ്പിളുവേലി**

സീറോമലബാർ കൺവൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് ഡിസംബർ 14-ന് ഞായറാഴ്ച ന്യൂയോർക്കിലെ ബുക്കാനൻ സെയിന്റ് ജോസഫ് മിഷനിൽ വിജയകരമായി നടന്നു.







വിശുദ്ധ കുർബനയ്ക്കുശേഷം നടന്ന ചടങ്ങിൽ വികാരി ജനറാൾ റവ. ഫാ. ജോൺ മേലേപ്പുറം വിശ്വാസികളിൽനിന്നും രജിസ്ട്രേഷനുകൾ ഏറ്റുവാങ്ങി. നിരവധിപ്പേർ കൺവൻഷനിൽ പങ്കെടുക്കുന്നതിൽ താൽപ്പര്യം അറിയിച്ചു മുന്നോട്ടുവന്നു. ചിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലാണ് സീറോ മലബാർ യുഎസ്എ കൺവൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ആഘോഷിക്കുന്നു.

പരസ്പരം പരിചയപ്പെടുന്നതിനും, പരിചയങ്ങൾ പുതുക്കുന്നതിനും, സുഹൃത് ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമെല്ലാം അവസരം നൽകുന്ന ഈ കൺവൻഷനിൽ എല്ലാവരും പങ്കെടുക്കണമെന്ന് വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറം അഭ്യർത്ഥിച്ചു. അമേരിക്കയിൽ വളരുന്ന നമ്മുടെ മക്കളേയും മഹത്തായ സീറോ മലബാർ വിശ്വാസത്തിന്റെയും പൈതൃകത്തിന്റെയും ഭാഗമായി നിലനിർത്തുന്നതിനും ചിക്കാഗോ കൺവൻഷൻ ഉപകരിക്കുമെന്ന് വികാരി ജനറാൾ പറഞ്ഞു. ജൂബിലി കമ്മിറ്റി ചെയർമാൻ ജോസഫ് ചാമക്കാല കൺവൻഷനെപ്പറ്റി വിശദമായി പ്രതിപാദിച്ചു. 2026 ജൂലൈ മാസം നടക്കുന്ന സീറോ മലബാർ കൺവൻഷൻ രൂപതയുടെ ചരിത്രത്തിൽതന്നെ സ്ഥാനം പിടിക്കുന്ന തലത്തിൽ വിജയകരമാക്കി തീർക്കുവാൻ വിപുലമായ കമ്മിറ്റി പ്രവർത്തിച്ചുവരുന്നതായി അദ്ദേഹം പറഞ്ഞു. കൺവൻഷന്റെ മുന്നോടിയായി രൂപതയിലെ വിവധ പള്ളികളിൽ കൺവൻഷൻ കിക്കോഫുകൾ വിജയകരമായി നടന്നുവരുന്നതായും ജോസഫ് ചാമക്കാല അറിയിച്ചു. ഇപ്പോൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ഹോട്ടൽ ബുക്കിങ് നിരക്കിൽ ഇളവ് ലഭിക്കുന്നതാണ്. ഈ ഇളവ് ഡിസംബർ 31 വരെ മാത്രമെ ലഭിക്കൂ. ഈ അവസരം എല്ലാവരും ഉപയോഗിക്കണമെന്ന് ജൂബിലി കമ്മിറ്റി ചെയർമാൻ അറിയിച്ചു. മിഷൻ ഡയറക്ടർ റവ. ഫാ. റോയ്സൺ മേനോലിക്കൽ, വികാരി ജനറാളിനേയും, കൺവൻഷൻ ഭാരവാഹികളേയും സ്വാഗതം ചെയ്തു. കൈക്കാരൻ ജോഷി വാളിയംപ്ലാക്കൽ, ജോസഫ് മാത്യു തെള്ളിയാങ്കൽ, സ്മിത ജോൺ തുടങ്ങിയവർ കിക്കോഫിന് നേതൃത്വം നൽകി. കൺവൻഷനെപ്പറ്റി കൂടുതൽ അറിയുവാനും രജിസ്റ്റർ ചെയ്യുവാനും താഴെപ്പറയുന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. www.syrocovention.org

# ഭാരത് ബോട്ട് ക്ലബിന് നവനേതൃത്വം

**ജയപ്രകാശ് നായർ**

ന്യൂയോർക്ക്: ഭാരത് ബോട്ട്ക്ലബ് യുഎസ്എയുടെ വാർഷിക പൊതുയോഗവും 2026-ലെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഡിസംബർ 14-ന് ഞായറാഴ്ച വൈകിട്ട് 5 മണിക്ക് ഓറഞ്ച്ബർഗിലുള്ള സിത്താർ പാലസ് റസ്റ്റോറന്റിൽ വെച്ച് നടന്നു. വൈസ് പ്രസിഡണ്ട് ജയപ്രകാശ് നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തുകയും ഏവർക്കും സ്വാഗതം ആശംസിക്കുകയും ചെയ്തു. സെക്രട്ടറി വിശ്വനാഥൻ കുഞ്ഞുപിള്ള ഭാവി പരിപാടികളെക്കുറിച്ച് വിശദീകരിക്കുകയും കൂടുതൽ യുവാക്കളെ തുഴച്ചിൽക്കാരായി കണ്ടെത്തേണ്ടതുണ്ടെന്നും പറഞ്ഞു. ട്രഷറർ വിശാൽ വിജയൻ കണക്കുകൾ അവതരിപ്പിച്ചു. തുടർന്ന് ട്രസ്റ്റി ബോർഡ് ചെയർമാൻ അജീഷ് നായരുടെ നേതൃത്വത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ പ്രസിഡണ്ടായി കൃഷ്ണരാജ് മോഹനൻ, വൈസ് പ്രസിഡണ്ടായി രാജേഷ് ഗോപിനാഥ്, സെക്രട്ടറിയായി വിശാൽ വിജയൻ, ജോയിന്റ് സെക്രട്ടറിയായി രാധാകൃഷ്ണൻ കുഞ്ഞുപിള്ള, ട്രഷററായി ബാബുരാജ് പിള്ള, ക്യാപ്റ്റനായി എബിൻ തോമസ്, വൈസ് ക്യാപ്റ്റനായി രോഹിത് രാധാകൃഷ്ണൻ, ടീം മാനേജരായി വിശ്വനാഥൻ കുഞ്ഞുപിള്ള എന്നിവരെയും തെരഞ്ഞെടുത്തു. കമ്മിറ്റി അംഗങ്ങളായ വിന്നി വിശ്വനാഥൻ, റ്റിനോ തമ്പി, ഗിരീഷ് സുരേഷ് എന്നിവരെയും തെരഞ്ഞെടുത്തു. ട്രസ്റ്റി ബോർഡ് ചെയർമാനായി അപ്പുക്കുട്ടൻ നായർ, ബോർഡ് മെംബർമാരായി മധു പിള്ള, ജയപ്രകാശ് നായർ, സാജു ഏബ്രഹാം, അജീഷ് നായർ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഓഡിറ്ററായി അലക്സ് തോമസ് പ്രവർത്തിക്കും. പ്രഫ. ജോസഫ് ചെറുവേലി അഡ്വൈസറി ബോർഡിന്റെ ചെയർപേഴ്സണായി തുടരും. ക്ലബ് പ്രവർത്തനങ്ങൾ വിവരിച്ച് യുവതലമുറയെ സജീവമായി പങ്കെടുപ്പിക്കുന്ന തരത്തിലുള്ള പരിപാടികൾക്ക് പ്രാമുഖ്യം നല്കുമെന്ന് സ്ഥാനാരോഹണം ചെയ്തുകൊണ്ട് പ്രസിഡണ്ട് കൃഷ്ണരാജ് മോഹനൻ അറിയിച്ചു. രാധാകൃഷ്ണൻ കുഞ്ഞുപിള്ളയുടെ കൃതജ്ഞതാ പ്രസംഗത്തോടെ യോഗം അവസാനിച്ചു.






# ഹൂസ്റ്റൺ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു



**ഡോ. ജോർജ് എം. കാക്കനാട്ട്**

ഹൂസ്റ്റൺ-ടെക്സസ്: ഹൂസ്റ്റണിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഇന്ത്യൻ ക്രൈസ്തവ സമൂഹത്തിലെ അംഗങ്ങൾക്കായി ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. പ്രാദേശിക വൈദികർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, കമ്യൂണിറ്റി നേതാക്കൾ, കുടുംബങ്ങൾ എന്നിവർ ഒത്തുചേർന്ന ആഘോഷരാവ് സൗഹൃദത്തിന്റെയും ഐക്യത്തിന്റെയും വേദിയായി മാറി. വൈവിധ്യമാർന്ന ഇന്ത്യൻ പ്രവാസികളുമായി സമ്പർക്കം പുലർത്തുന്നതിനും കമ്യൂണിറ്റി ഔട്ട്റീച്ച് ശക്തിപ്പെടുത്തുന്നതിനുമുള്ള കോൺസുലേറ്റിന്റെ ശ്രമങ്ങളുടെ ഭാഗമായി കോൺസുൽ ജനറൽ ഡി.സി. മഞ്ജുനാഥ് അതിഥികളെ സ്വാഗതം ചെയ്തു.

എ.ഡി. 52-ൽ സെന്റ് തോമസ് അപ്പസ്തോലൻ മലബാർ തീരത്ത് എത്തിയതോടെ തുടങ്ങിയ സുദീർഘവും ചരിത്രപരവുമായ ക്രൈസ്തവ പാരമ്പര്യം ഇന്ത്യക്കുണ്ട്. അന്നു മുതൽ ഇന്ത്യയുടെ സാംസ്കാരികവും സാമൂഹികവുമായ ഘടനയുടെ അവിഭാജ്യ ഘടകമായി ക്രിസ്തുമതം മാറിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യരംഗത്തും സാമൂഹിക പരിഷ്കരണങ്ങളിലും സാംസ്കാരിക ഉണർവിലും ക്രൈസ്തവസമൂഹം നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് ചടങ്ങിൽ അനുസ്മരിക്കപ്പെട്ടു.

ഇന്ത്യൻ ക്രൈസ്തവ സമൂഹം ചരിത്രപരമായും അല്ലാതെയും നല്കി വരുന്ന സംഭാവനകളെ കോൺസുൽ ജനറൽ പ്രസംഗത്തിൽ അഭിനന്ദിച്ചു. കൂടാതെ ഹൂസ്റ്റണിലും അമേരിക്കയിലുടനീളമുള്ള ക്രൈസ്തവ സമൂഹത്തിന്റെ സജീവമായ ഇടപെടലുകളെയും അദ്ദേഹം പ്രകീർത്തിച്ചു.

ആഘോഷങ്ങളുടെ ഭാഗമായി സംഗീതപരിപാടികളും കരോളും സംഘടിപ്പിച്ചു. തമിഴ് കത്തോലിക്കാ കമ്യൂണിറ്റി അവതരിപ്പിച്ച ക്രിസ്മസ് കരോളുകൾ പരിപാടിക്ക് മാറ്റുകൂട്ടി. വിവിധ സഭകളിലെ വൈദികരും ജനപ്രതിനിധികളും ക്രിസ്മസ് ആശംസകളും സന്ദേശങ്ങളും പങ്കുവെച്ചു.

നാസ സിഇഒ ജാരെഡ് ഐസക്മാൻ, സെനറ്റർ കോർണിന്റെ, റീജിയണൽ ഡയറക്ടർ ജെയ് ഗ്വെരേറോ തുടങ്ങി നിരവധി പ്രമുഖർ ചടങ്ങിൽ സംബന്ധിക്കുകയും ആശംസകൾ നേർന്ന് സംസാരിക്കുകയും ചെയ്തു. സാംസ്കാരിക വൈവിധ്യം ഉറപ്പാക്കുന്നതിനും കമ്യൂണിറ്റി ഐക്യം നിലനിർത്തുന്നതിനുമുള്ള കോൺസുലേറ്റിന്റെ ദൗത്യത്തിൽ ക്രൈസ്തവ സമൂഹത്തെ ഉൾപ്പെടുത്തിയതിന് പങ്കെടുത്ത വൈദികർ കോൺസുൽ ജനറൽ മഞ്ജുനാഥിന് നന്ദി അറിയിച്ചു. കോൺസുലേറ്റിന്റെ ഈ ഉദ്യമത്തെ മതനേതാക്കളും കമ്യൂണിറ്റി അംഗങ്ങളും അഭിനന്ദിച്ചു. ഹൂസ്റ്റൺ ഇന്ത്യൻ ക്രിസ്ത്യൻ കൗൺസിലിനെ പ്രതിനിധീകരിച്ച് റവ.ഫാ. ഡോ. ഐസക് പ്രകാശ് കോൺസിൽ ജനറലിന് നന്ദി രേഖപ്പെടുത്തി.




# ദൂരം – 2

ആക്ഷനും വികാരങ്ങൾക്കും നടുവിൽ ഒരു ആകർഷകമായ ദൂരയാത്ര ദൂരം-2-ലൂടെ തുടരുന്നു. ഹൂസ്റ്റൺ ടെക്സസ് സൈന യൂട്യൂബ് ചാനലിൽ ദശലക്ഷക്കണക്കിന് കാഴ്ചക്കാരെ നേടിയ ദൂരം ആദ്യഭാഗത്തിന്റെ അതിശയകരമായ വിജയത്തിനുശേഷം പ്രശസ്ത സംവിധായകൻ വിമൽ കുമാർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന രണ്ടാം ഭാഗവുമായി വീണ്ടും പ്രേക്ഷകരെ ആകർഷിക്കാൻ ഒരുങ്ങുന്നു. സമ്പത്തും നിരവധി ബന്ധുക്കളും ചുറ്റപ്പെട്ടിട്ടും സ്വയം അഗാധമായി ഏകാന്തത അനുഭവിക്കുന്ന ഒരു പെൺകുട്ടിയുടെ ജീവിതത്തിലേക്ക് ആഴത്തിൽ കടക്കാൻ ഈ പുതിയ ദൂരം-2 നിങ്ങൾക്കായി അവതരിപ്പിക്കുന്നു.

കുടുംബ ചലനാത്മകതയുടെയും വ്യക്തിപരമായ പോരാട്ടങ്ങളുടെയും സങ്കീർണ്ണമായ ചിത്രരചന DOORAM-2 പര്യവേക്ഷണം ചെയ്യുന്നത് തുടരുന്നു. പ്രേക്ഷകരെ അവരുടെ ഇരിപ്പിടങ്ങളിൽ പിടിച്ചിരുത്താൻ രൂപകല്പന ചെയ്തിരിക്കുന്ന ത്രില്ലിംഗ് ആക്ഷനും സസ്പെൻസും നിറഞ്ഞതാണ് ചിത്രം. കഴിഞ്ഞയാഴ്ച ട്രെയ്‌ലർ പുറത്തിറങ്ങിയതോടെ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രത്യേകിച്ച് ഷാജി കൈലാസ്, ജിത്തു ജോസഫ്, വൈശാഖ്, അജയ് വാസുദേവ് തുടങ്ങിയ പ്രമുഖ വ്യക്തികളുടെ ചാനലുകളിലൂടെ ആവേശം കുതിച്ചുയരുകയാണ്. ടെക്സസിലെ ഹൂസ്റ്റണിലെ ഊർജ്ജസ്വലമായ പ്രദേശങ്ങളിൽ ടെക്നിക്കൽ ബ്രില്യൻസിനാൽ പൂർണ്ണമായും ചിത്രീകരിച്ച DOORAM-2, സമർപ്പിതരായ ഒരു ടീമിന്റെ കഴിവുകൾ പ്രദർശിപ്പിക്കുന്നു. കഥ, തിരക്കഥ, സംവിധാനം: വിമൽ കുമാർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ: പ്രസാദ് അയ്യർ, ഫൈറ്റ് സൂപ്പർവൈസർ: കലൈ കിംഗ്സ്റ്റോൺ, ഛായാഗ്രഹണ ഡയറക്ടർ (DOP): റീജന്റ് റോയ്, ഛായാഗ്രാഹകൻ: ശ്യാംജിത്ത് ജയദേവൻ, എഡിറ്റർ: പ്രേം സായ്, ഗാനരചന: വിദ്യ രതീഷ്, സംഗീതവും ഒറിജിനൽ പശ്ചാത്തല സ്കോറും: റിതിക് എസ്. ചന്ദ്, നൃത്തസംവിധാനം: ലക്ഷ്മി ഹരിദാസ്.






ആറ് വ്യത്യസ്തതരം ക്യാമറകൾ ഉപയോഗിച്ച് അതിശയിപ്പിക്കുന്ന ദൃശ്യങ്ങൾ പകർത്തിയ ഈ ചിത്രം ആകർഷകമായ ഒരു സിനിമാറ്റിക് അനുഭവം ഉറപ്പാക്കുന്നു. മനോഹരമായി രചിച്ച രണ്ട് ഗാനങ്ങൾ ഉൾക്കൊള്ളുന്ന ഈ ചിത്രത്തിന്റെ സംഗീതം പ്രേക്ഷകരിൽ പ്രതിദ്ധ്വനിക്കും. ആഖ്യാനത്തിന് വൈകാരിക ആഴത്തിന്റെ ഒരു അധിക പാളി കൂടി നല്കുന്നു. കലാപ്രേമികൾക്കുള്ള ഒരു ആഹ്വാനം ലോകമെമ്പാടുമുള്ള കലാപ്രേമികൾക്ക് ഞങ്ങളുടെ ആത്മാർത്ഥവും മനോഹരവുമായ ചിത്രീകരണ സിനിമയെ പിന്തുണയ്ക്കാനും പ്രോത്സാഹിപ്പിക്കാനും ഞങ്ങൾ ഹൃദയംഗമമായ ക്ഷണം നല്കുന്നു. മികച്ച അഭിനേതാക്കളും അണിയറ പ്രവർത്തകരും ആകർഷകമായ കലാസന്ദർഭവും ഉൾക്കൊള്ളുന്ന DOORAM-2 മറക്കാനാവാത്ത ഒരു സിനിമാറ്റിക് അനുഭവമായിരിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. ആക്ഷൻ വികാരങ്ങളെ ഒന്നിപ്പിക്കുന്ന ഈ ആവേശകരമായ ദൂരയാത്രയിൽ ഞങ്ങൾ ആരംഭിക്കുമ്പോൾ ഞങ്ങളോടൊപ്പം ചേരൂ, പലരുമായും പ്രതിധ്വനിക്കുന്ന ഒരു ദൂരയാത്രകഥയുടെ പാളികൾ അനാവരണം ചെയ്യൂ.

**വാർത്ത: ശങ്കരൻകുട്ടി**

# അച്ചോ, അച്ചനിതു വാങ്ങേണ്ട!

ഉമ്മൻ കാപ്പിൽ



### വിളവെടുപ്പിനപ്പുറം:

സസ്യങ്ങളെയും വൃക്ഷങ്ങളെയും അതിയായി സ്നേഹിച്ചിരുന്ന ഒരു വൈദികൻ ഒരു ദിവസം രാവിലെ അയൽപക്കത്തെ ഒരു ചെറിയ നേഴ്സറിയിലേക്ക് നടന്നു. തൈകളുടെ നിരകൾക്കിടയിൽ അലഞ്ഞുനടന്ന അദ്ദേഹം ഒരു ചെറിയ ഫലവൃക്ഷ തൈ കണ്ട് അടുത്തു ചെന്നു. അതിന്റെ ഇളം ശാഖകളും പുതിയ ഇലകളും അദ്ദേഹത്തെ ഒന്ന് ഉണർത്തി. ഒരുപക്ഷേ പ്രതീക്ഷ, ഒരുപക്ഷേ ശീലം! അങ്ങനെ അദ്ദേഹം അത് കരുതലോടെ ഉയർത്തി പണം കൊടുക്കാനായി കൗണ്ടറിലേക്ക് കൊണ്ടുപോയി.

വില അന്വേഷിച്ചപ്പോൾ കടയുടമ അദ്ദേഹത്തെയും ആ ഫലവൃക്ഷത്തെയും ഒന്നു നോക്കി. മുന്നിൽ നിൽക്കുന്ന ആൾ സുപരിചിതനും ആദരണീയനുമായ ഒരു പുരോഹിതൻ. പ്രായം എൺപതിനു മുകളിൽ. ഈ ചെടി വിറ്റാൽ അല്പം പണം ലഭിക്കും. എങ്കിലും അല്പം മടിയോടെ അയാൾ പറഞ്ഞു: "അച്ചോ, അച്ചനിതു വാങ്ങേണ്ടാ!"



ലേഖകൻ

വൈദികൻ അല്പം അമ്പരന്നു. ആദ്യമായിട്ടാണ് ഒരു കടക്കാരൻ വാങ്ങരുത് എന്ന് പറയുന്നത്.

മനസ്സിലൂറി വന്ന നീരസം പുറത്തു കാണിക്കാതെ അദ്ദേഹം ചോദിച്ചു: "അതെന്താ ഞാൻ വാങ്ങിയാൽ? എനിക്ക് ഈ ചെടി ഇഷ്ടമാണ്."

ധൈര്യം സംഭരിച്ച് കടക്കാരൻ വിശദീകരിച്ചു. "അച്ചാ, ഈ മരം ഫലം കായ്ക്കാൻ കുറഞ്ഞത് അഞ്ചു വർഷമെടുക്കും."

വൈദികൻ സൗമ്യമായ പുഞ്ചിരിയോടെ പറഞ്ഞു: അഞ്ചു വർഷമെടുത്താലും സാരമില്ല. ആർക്കെങ്കിലും ഫലം കിട്ടുമല്ലോ. ഞാൻ വാങ്ങിക്കോളാം.

മരം നടുന്നത് സ്നേഹത്തിന്റെയും പ്രത്യാശയുടെയും കരുതലിന്റെയും പ്രവൃത്തിയായിരുന്നു ആ വൈദികന്. അത് പ്രതിഫലം കിട്ടുന്നതിനെപ്പറ്റിയല്ല, അത് കൊടുക്കുന്നതിനെക്കുറിച്ചായിരുന്നു.

### നടീലിന്റെ ആഴമേറിയ ലക്ഷ്യം

നാം പലപ്പോഴും നടീലിനെ വിളവെടുപ്പുമായും പ്രവൃത്തിയെ പ്രതിഫലവുമായും അദ്ധ്വാനത്തെ ഫലങ്ങളുമായും ബന്ധപ്പെടുത്തുന്നു. എന്നിരുന്നാലും ഒരു മരം നടുന്നതിന്റെ യഥാർത്ഥ ലക്ഷ്യം അത് ഒരു ദിവസം ഉല്പാദിപ്പിച്ചേക്കാവുന്ന ഫലങ്ങളേക്കാൾ വളരെ കൂടുതലാണ്. ഒരു വൃക്ഷം ഭൂമിക്കും ഭാവി തലമുറകൾക്കും ഒരു ദിവസം അതിന്റെ തണലിൽ നിന്ന് പ്രയോജനം നേടുന്ന അദൃശ്യമായ കൈകൾക്കും ഒരു സമ്മാനമായി നിലകൊള്ളുന്നു.

ഈ ആശയം ഹിന്ദു തത്വചിന്തയിൽ കാണപ്പെടുന്ന നിഷ്കാമ കർമ്മം എന്ന ആശയവുമായി ആഴത്തിൽ പ്രതിദ്ധ്വനിക്കുന്നു. ഒരാളുടെ പ്രവൃത്തികളുടെ ഫലങ്ങളോട് ആസക്തി ഇല്ലാതെ പ്രവർത്തിക്കുക. നമ്മുടെ ഉത്തരവാദിത്തങ്ങൾ ആത്മാർത്ഥതയോടെ നിറവേറ്റാൻ ഇത് നമ്മെ പ്രോത്സാഹിപ്പിക്കുന്നു. അതേ സമയം, നമ്മൾ പോയി വളരെക്കാലം കഴിഞ്ഞാലും ഫലങ്ങൾ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കും എന്ന് ഓർമ്മിക്കേണ്ടതാണ്.

മറ്റുള്ളവരുടെ അദ്ധ്വാനത്തിന്റെ ഫലം അനുഭവിക്കുന്നവരാണ് നമ്മൾ എല്ലാം. ഇന്നത്തെ നമ്മുടെ ജീവിതം നമുക്ക് ഒരിക്കലും അറിയാത്ത എണ്ണമറ്റ ആളുകളാൽ രൂപപ്പെടുത്തുന്നു.

നാം സഞ്ചരിക്കുന്ന വഴികൾ, നമ്മൾ ആശ്രയിക്കുന്ന സ്ഥാപനങ്ങൾ, നമുക്ക് അവകാശമായി ലഭിക്കുന്ന സമൂഹങ്ങൾ എന്നിവ പലപ്പോഴും സ്വന്തം അദ്ധ്വാനത്തിന്റെ ഫലം ഒരിക്കലും ആസ്വദിക്കാത്ത വ്യക്തികളാണ് നിർമ്മിച്ചത്. പലരും കഷ്ടപ്പാടുകൾ, ത്യാഗങ്ങൾ, സമർപ്പണം എന്നിവയിലൂടെ സംഭാവന നല്കി. ചിലർ അവരുടെ ശ്രമങ്ങൾ ഒടുവിൽ എന്തായിത്തീർന്നു എന്ന് കാണുന്നതിനു മുമ്പ് മരിച്ചു.

എന്നിട്ടും അവർ വിശ്വാസത്തോടെ പ്രവർത്തിച്ചു-ആരെങ്കിലും എപ്പോഴെങ്കിലും നേട്ടങ്ങൾ കൊയ്യുമെന്ന വിശ്വാസം.

നിസ്വാർത്ഥ പ്രവർത്തനത്തിന്റെ ശാന്തമായ ശക്തി.:

പ്രതിഫലം പ്രതീക്ഷിക്കാതെ പ്രവർത്തിക്കുക എന്നത് സ്വയം നിഷേധിക്കലല്ല. അത് നമ്മുടെ പ്രവൃത്തിക്ക് മുകളിൽ ഉയർന്നു വന്ന് ലക്ഷ്യത്തെ സ്വീകരിക്കുക എന്നതാണ്.

### ഇത് നമ്മെ പഠിപ്പിക്കുന്നത്:

* ആരും കൈയടിക്കാത്തപ്പോഴും സേവിക്കുക.
* നന്മ ചെയ്യാൻ അവസരമുള്ളപ്പോൾ അത് ചെയ്യുക.

ആ മുതിർന്ന വൈദികൻ ഇത് നന്നായി മനസ്സിലാക്കി. ഫലം ആസ്വദിക്കാൻ അദ്ദേഹം ജീവിച്ചോ ഇല്ലയോ എന്നത് പ്രസക്തമല്ല. പ്രധാനം പ്രവൃത്തി തന്നെയാണ്.-നടീൽ, കരുതൽ, ദാനം, പ്രത്യാശ.


ഒരു മരം നടുന്നത് പോലുള്ള ഏറ്റവും ലളിതമായ പ്രവൃത്തികൾ പലപ്പോഴും ആഴമേറിയ അർത്ഥം വഹിക്കുന്നു. നമ്മുടെ അദ്ധ്വാനത്തിന്റെ ഫലം എപ്പോഴും നമുക്ക് കാണാൻ കഴിഞ്ഞെന്നു വരില്ല. എന്നാൽ, പ്രതിഫലേച്ഛ ഇല്ലാതെ ആത്മാർത്ഥയോടെ പ്രവർത്തിക്കാനുള്ള നമ്മുടെ സന്നദ്ധത നമ്മൾ കണ്ടെത്തിയതിനേക്കാൾ അല്പം മെച്ചപ്പെട്ട രീതിയിൽ ഈ ലോകം വിട്ടുപോകാൻ നമ്മെ സഹായിക്കുന്നു.

ചിലപ്പോൾ, അതാണ് ഏറ്റവും വലിയ പ്രതിഫലം!

*കടപ്പാട് സ്വാനുഭവം പങ്കുവെച്ച ആരാധ്യനായ ഫാ.ഡോ. കെ.എം. ജോർജിനോട് . (ഐക്കൺ ചാരിറ്റീസ് മീറ്റിംഗ്, 2025 നവംബർ 6, കോട്ടയം)*

## മോൺ. ജോസഫ് പഞ്ഞിക്കാരൻ ധന്യപദവിയിൽ

കൊച്ചി: ദൈവദാസൻ മോൺ. ജോസഫ് പഞ്ഞിക്കാരനെ ലെയോ പതിനാലാമൻ മാർപാപ്പ ധന്യപദവിയിലേക്ക് ഉയർത്തി. 1888 സെപ്റ്റംബർ പത്തിന് ചേർത്തലയിൽ ഉഴുവയിൽ പഞ്ഞിക്കാരൻ ചാക്കോച്ചന്റെയും മറിയത്തിന്റെയും മൂന്നാമത്തെ മകനായാണ് മോൺ. ജോസഫ് ജനിച്ചത്. എറണാകുളത്ത് സെമിനാരി പഠനത്തിനുശേഷം കാൻഡി സെമിനാരിയിൽ പഠനം പൂർത്തിയാക്കി 1918 ഡിസംബർ 21-ന് വൈദികപട്ടം സ്വീകരിച്ചു. ആലുവ സെ. മേരീസ് സ്കൂളിൽ അദ്ധ്യാപകനായി പൗരോഹിത്യജീവിതം ആരംഭിച്ചു. അദ്ധ്യാപനജീവിതം മതിയാക്കിയ അദ്ദേഹം ദരിദ്രരുടെ ഉന്നമനത്തിനായി പ്രേഷിത പ്രവർത്തനം തുടങ്ങി.



എറണാകുളം, കോതമംഗലം, ഇടുക്കി രൂപതകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ രോഗികളും അവശരും ആലംബഹീനരുമായ മനുഷ്യരുടെ ഇടയിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം. 1925-ൽ റോമിൽ നടന്ന ഇന്റർനാഷണൽ മിഷൻ എക്സിബിഷനിൽ സീറോമലബാർ സഭയുടെ പ്രതിനിധിയായി അദ്ദേഹം വത്തിക്കാനിൽ പ്രവർത്തിച്ചു. ഫിലോസഫി, തിയോളജി, കാനൻ നിയമം തുടങ്ങിയ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടി. യൂറോപ്പിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ മതസംവാദത്തിനായി ഒരു കേന്ദ്രവും സത്യദീപം വാരികയും അദ്ദേഹം ആരംഭിച്ചു.1949 നവംബർ 4-ന് അദ്ദേഹം അന്തരിച്ചു.

2010 ജൂലൈ 18-ന് മോൺ. ജോസഫ് പഞ്ഞിക്കാരനെ ദൈവദാസനായി പ്രഖ്യാപിച്ചു രൂപതാതല പഠനങ്ങൾ തുടങ്ങി. 2020 ജൂലൈ 27-ന് പഠനഗ്രന്ഥം സമർപ്പിച്ചു. പരിശോധനകൾക്കു ശേഷം കർദ്ദിനാൾമാരുടെ സംഘം പഠനഗ്രന്ഥം മാർപാപ്പയ്ക്കു കൈമാറുകയായിരുന്നു.

ഇറ്റലിയിൽ നിന്നുള്ള ഫ്രാൻസിസ്കൻ സന്യാസ വൈദികൻ ബെരാർദോ അത്തൊണ്ണ, ഇറ്റലിയിലെ ജനോവയിലെ ഡൊമിനിക്കൻ സന്യാസസമൂഹത്തിന്റെ സ്ഥാപക ഡൊമിനിക്ക കാതറീന എന്നിവരെയും മോൺ. ജോസഫ് പഞ്ഞിക്കാരനൊപ്പം ധന്യപദവിയിലേക്ക് ഉയർത്തിയിട്ടുണ്ട്.

## പിസിനാക് ചിക്കാഗോ കോൺഫറൻസ്: ഡോ. സതീഷ് കുമാർ മുഖ്യ പ്രസംഗകൻ

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: അടുത്തവർഷം ജൂലൈ ആദ്യവാരം ചിക്കാഗോയിൽ നടക്കുന്ന നാല്പതാമത് മലയാളി പെന്തെക്കോസ്ത് കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രധാന പ്രസംഗകരുടെ പ്രാഥമിക ലിസ്റ്റിനു എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നല്കി. ഡോ. സതീഷ് കുമാർ, ഡോ. ജോ തോമസ്, ഡോ. ജോൺ ബിവിയർ, ഡോ. ആനി ജോർജ് എന്നിവരാണ് പ്രാഥമിക ലിസ്റ്റിൽ ഇടംപിടിച്ചത്.

ഇന്ത്യയിലെ ഏറ്റവും വലിയ കരിസ്മാറ്റിക് സഭയായ ഹൈദരാബാദിലെ കാൽവറി ടെമ്പിൾ ചർച്ചിന്റെ സ്ഥാപകനും സീനിയർ പാസ്റ്ററുമാണ് ഡോ. സതീഷ് കുമാർ. അന്തർദേശീയ പ്രസംഗകനും നിരവധി ജനപ്രിയ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ജോൺ ബിവിയർ മെസഞ്ചർ ഇന്റർനാഷണൽ എന്ന സംഘടനയുടെ സഹസ്ഥാപകനാണ്. സതേൺ ഏഷ്യ ബൈബിൾ കോളജിലെ അദ്ധ്യാപകനും പ്രശസ്ത ബൈബിൾ പ്രഭാഷകനുമാണ് ഡോ. ജോ തോമസ്. ഡോ. ആനി ജോർജ് മണക്കാല ഫെയ്ത് തിയോളജിക്കൽ സെമിനാരിയുടെ പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിക്കുന്നു.

അമേരിക്കയിലെ പ്രസിദ്ധ ഗായകനും ഗാനരചയിതാവും വർഷിപ് ലീഡറുമായ ജോൺ വൈൽഡ്സ് പ്രയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നൽകും. വേ മേക്കർ ഉൾപ്പെടെ നിരവധി വർഷിപ്പ് ഗാനങ്ങൾ ഉൾക്കൊള്ളുന്ന ആൽബങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അമേരിക്കയിലെ മലയാളികളുടെ ഏറ്റവും വലിയ ആത്മീയ കൂട്ടായ്മയാണ് പിസിനാക് കോൺഫറൻസ്. എണ്ണായിരത്തിലധികം വിശ്വാസികൾ പങ്കെടുക്കുന്ന സമ്മേളനത്തിന് വിപുലമായ ക്രമീകരണങ്ങളാണ് ചെയ്തുവരുന്നത്.

പിസിനാക് നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൻ, സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ്, ഡോ. ജോനാഥൻ ജോർജ്, ജീന വിൽസൺ എന്നിവർ ഉൾപ്പെട്ട നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു.



ഡോ. സതീഷ് കുമാർ



ഡോ. ജോ തോമസ്



ഡോ. ജോൺ ബിവിയർ



ഡോ. ആനി ജോർജ്



ജോൺ വൈൽഡ്സ്

# ബ്രൂവറിയിൽ സർക്കാരിന് തിരിച്ചടി

തിരുവനന്തപുരം: ബ്രുവറി, ഡിസ്റ്റിലറി ഇടപാടിൽ എപ്പോൾ തൊട്ടാലും പിണറായിസർക്കാരിന് പിഴയ്ക്കും.

തട്ടിക്കൂട്ടുകമ്പനികൾക്ക് അനുമതി നൽകിയതാണ് 2018–ൽ ഒന്നാം പിണറായിസർക്കാരിനെ കുഴക്കിയത്. ഉത്തരവിൽ കടലാസുകമ്പനികളും ഉൾപ്പെട്ടതോടെ സർക്കാർ കുരുക്കിലായി. വിവാദമുയർന്നപ്പോൾ പിൻവലിച്ചു.

രണ്ടാം പിണറായിസർക്കാർ 2025 ജനുവരിയിലാണ് പാലക്കാട് എലപ്പുള്ളിയിൽ ഒയാസിസിന്റെ മദ്യനിർമാണ പ്ലാന്റിന് അനുമതി നൽകിയത്. അപേക്ഷ സ്വീകരിക്കുന്നത് സർക്കാർ പരസ്യപ്പെടുത്തിയില്ലെന്നതാണ് രഹസ്യ ഇടപാടെന്ന ആരോപണത്തിന് ബലമേകിയത്.

നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന ഹൈക്കോടതിയുടെ കണ്ടെത്തൽ, ഇടപാടിൽ സർക്കാരിന് പ്രത്യേകതാത്പര്യം ഉണ്ടായിരുന്നെന്ന പ്രതിപക്ഷ ആരോപണം ശരിവെക്കുന്നതാണ്.

ആഭ്യന്തര മദ്യ ഉത്പാദനം വർധിപ്പിക്കുമെന്ന് മദ്യനയത്തിൽ മാറ്റംവരുത്തിയശേഷമാണ് എലപ്പുള്ളി ഇടപാടിന് സർക്കാർ പച്ചക്കൊടി കാട്ടിയത്. ഒയാസിസ് മാത്രമാണ് അപേക്ഷിച്ചത്. ഡിസ്റ്റിലറിയും ബ്രൂവറിയും ഉൾപ്പെട്ട എഥനോൾ പ്ലാന്റ് എന്നായിരുന്നു രേഖകളിലുണ്ടായിരുന്നത്. സർക്കാർതീരുമാനം ഒരു കമ്പനിമാത്രം അറിഞ്ഞതെങ്ങനെയെന്നായിരുന്നു പ്രതിപക്ഷത്തിന്റെ ചോദ്യം.

മദ്യനയത്തിലെ മാറ്റം എല്ലാവരുമറിയുന്ന കാര്യമാണ് എന്നായിരുന്നു സർക്കാരിന്റെ പ്രതിരോധം.

എലപ്പുള്ളി പഞ്ചായത്തിൽ എഥനോൾ പ്ലാന്റ് ആരംഭിക്കാൻ ഒയാസിസ് കമ്പനിക്കു നൽകിയ പ്രാഥമികാനുമതി റദ്ദാക്കിയ കോടതി തീരുമാനം സർക്കാരിനു തിരിച്ചടിയല്ലെന്ന് മന്ത്രി എം.ബി. രാജേഷ്.

സർക്കാരിനെതിരെ കോടതി വിമർശനമുന്നയിച്ചിട്ടില്ലെന്നും നിയമവിരുദ്ധമായി സർക്കാർ എന്തെങ്കിലും ചെയ്തതായി വിധിയിൽ പറയുന്നില്ലെന്നും മന്ത്രി പറഞ്ഞു.

# ഇൻഷ്വറൻസ് ഭേദഗതി ബിൽ പാസാക്കി

ന്യൂഡൽഹി: ഇൻഷ്വറൻസ് മേഖലയിൽ നിലവിലുള്ള 74 ശതമാനത്തിൽ നിന്നും 100 ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദിക്കുന്ന ഇൻഷ്വറൻസ് ഭേദഗതി ബില്ല് 'സബ്കോ ബീമാ സബ്കി രക്ഷ' ലോക്സഭ പാസാക്കി. ധനമന്ത്രി നിർമല സീതാരാമനാണു ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത്.

പോളിസി ഉടമകളുടെ സംരക്ഷണം ശക്തിപ്പെടുത്തുക, ഇൻഷ്വറൻസ് വ്യാപനം വർധിപ്പിക്കുക, ഇന്ത്യയിലെ ഇൻഷ്വറൻസ് മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യങ്ങളോടെയാണു കേന്ദ്രസർക്കാർ ബില്ല് അവതരിപ്പിക്കുന്നതെന്ന് നിർമല സീതാരാമൻ വ്യക്തമാക്കി.

1938–ലെ ഇൻഷ്വറൻസ് നിയമം, 1956–ലെ ലൈഫ് ഇൻഷ്വറൻസ് കോർപറേഷൻ നിയമം, 1999–ലെ ഇൻഷ്വറൻസ് റഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി നിയമം എന്നിവയിൽ പുതിയ ബില്ല് ഭേദഗതി വരുത്തുന്നുണ്ട്.

ഇൻഷ്വറൻസ് ഭേദഗതി ബിൽ സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ താത്പര്യം പരിരക്ഷിക്കുന്നതല്ലെന്നും ഇൻഷ്വറൻസ് കമ്പനികളുടെ കച്ചവടതാത്പര്യം കണക്കിലെടുത്തുള്ളതാണെന്നും ബില്ലിനെ എതിർത്തുകൊണ്ട് എൻ.കെ. പ്രേമചന്ദ്രൻ ലോക്സഭയിൽ പറഞ്ഞു.

നിയമത്തിന്റെ തലക്കെട്ട് നിയമത്തിലെ വ്യവസ്ഥകളും ഉദ്ദേശലക്ഷ്യങ്ങളും പ്രതിഫലിപ്പിക്കുന്നതായിരിക്കണമെന്നു വ്യക്തമായ നടപടിക്രമം ഉള്ളപ്പോൾ അതിനു വിരുദ്ധമായി യാതൊരു ബന്ധവുമില്ലാത്ത തലക്കെട്ടാണു നൽകിയിരിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

ഇൻഷ്വറൻസ് ഏജന്റുമാരുടെ കമ്മീഷൻ നിശ്ചയിക്കുന്നതിനുള്ള അവകാശം ഇൻഷ്വറൻസ് കമ്പനികൾക്കു നൽകുന്നത് നീതീകരിക്കാവുന്നതല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇൻഷ്വറൻസ് മേഖലയിൽ നൂറുശതമാനം വിദേശ നിക്ഷേപത്തെ ടിഎംസിയും എതിർത്തു.

# ടാഗോർ പെയിന്റിങ് ലേലത്തിൽ വിറ്റുപോയത് 10.73 കോടി രൂപയ്ക്ക്

ന്യൂഡൽഹി: അൽമോറയിലെ ഏകാന്തവാസത്തിനിടെ ഇരുളും വെളിച്ചവും ഹൃദയനൊമ്പരവും സാന്ത്വനവും നിറക്കൂട്ടിൽ ചാലിച്ച് ഇന്ത്യയുടെ വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോർ ഒരുക്കിയ മാസ്റ്റർപീസ് പെയിന്റിങ് ലേലത്തുകയിൽ റെക്കോർഡിട്ടു. ടാഗോർ 1937 ജൂണിൽ ചെയ്ത 'ഫ്രം



ഫ്രം എക്രോസ് ദ് ഡാർക്ക്

എക്രോസ് ദ് ഡാർക്ക്' എന്ന പെയിന്റിങ്ങാണ് 10.73 കോടി രൂപയ്ക്ക് ആസ്റ്റഗുരു ലേലത്തിൽ വിറ്റു പോയത്. ടാഗോറിന്റെ ഒരു പെയിന്റിങ്ങിനു ലഭിക്കുന്ന ഏറ്റവും വലിയ തുകയാണിത്. 1937–ലെ അൽമോറ സന്ദർശനത്തിൽ ടാഗോർ ഈ പെയിന്റിങ് രാജകുമാരി വിദ്യാവതിക്കുദേവിക്കു സമ്മാനിക്കുകയായിരുന്നു. കുഞ്ഞു മരിച്ച ദുഃഖത്തിൽ ഹൃദയം നുറുങ്ങി കഴിയുകയായിരുന്ന വിദ്യാദേവിക്കും ഭർത്താവ് ദിവാകർ പ്രകാശ് സിങ്ങിനും ടാഗോറിന്റെ സാന്ത്വന സ്പർശമായിരുന്നു ആ സമ്മാനം.

2023–ൽ 5.7 കോടി രൂപയ്ക്കു വിറ്റുപോയ ത്രീ ബാവുൾസ് എന്ന പെയിന്റിങ്ങായിരുന്നു ടാഗോർ സൃഷ്ടികളിൽ റെക്കോർഡ് ലേലത്തുക ഇതുവരെ.

# ഛത്തീസ്ഗഢ് സ്വദേശിയുടെ കൊലപാതകം: 10 ലക്ഷം നഷ്ടപരിഹാരം നൽകും

പാലക്കാട്: വാളയാറിലെ ആൾക്കൂട്ട കൊലപാതകത്തിൽ കൊല്ലപ്പെട്ട രാംനാരായണന്റെ ബന്ധുക്കളുമായി നടത്തിയ ചർച്ച വിജയകരം. മന്ത്രി കെ. രാജനും ജില്ലാ ഭരണകൂടവും ബന്ധുക്കളുമായി നടത്തിയ ചർച്ചയിലാണ് ആവശ്യം അംഗീകരിച്ചത്. 10 ലക്ഷം രൂപയിൽ കുറയാത്ത തുക നഷ്ടപരിഹാരം നൽകാമെന്നു മന്ത്രി രാജൻ ചർച്ചയിൽ ഉറപ്പ് നൽകി. മൃതദേഹം എംബാം ചെയ്തശേഷം ഛത്തീസ്ഗഡിലേക്ക് സർക്കാർ ചെലവിൽ എത്തിക്കും. രാംനാരായണന്റെ ബന്ധുക്കളെയും വിമാനമാർഗം നാട്ടിലെത്തിക്കും. കേസിൽ ആൾക്കൂട്ട കൊലപാതകം, പട്ടികജാതി–പട്ടികവർഗ പീഡന നിരോധന നിയമം എന്നീ വകുപ്പുകൾ ഉൾപ്പെടുത്താമെന്നും ഉറപ്പ് നൽകിയിട്ടുണ്ട്.

തൃശൂർ മെഡിക്കൽ കോളജിനു മുന്നിൽ നടത്തിവന്ന പ്രതിഷേധം അവസാനിപ്പിച്ചെങ്കിലും കുടുംബം മൃതദേഹം ഏറ്റുവാങ്ങാൻ തയാറായിരുന്നില്ല. ഇതോടെയാണു സർക്കാർ ചർച്ചയ്ക്ക് തയാറായത്. അനുകൂലമായ തീരുമാനം ഉണ്ടായാൽ മാത്രമേ മൃതദേഹം ഏറ്റെടുക്കുകയുള്ളൂ എന്ന് ബന്ധുക്കൾ നിലപാടെടുത്തിരുന്നു. ഇതോടെ മൃതദേഹം തൃശൂർ മെഡിക്കൽ കോളജ് മോർച്ചറിയിൽതന്നെ സൂക്ഷിക്കുകയായിരുന്നു.

കൊലപാതകകുറ്റം ആരോപിച്ച് അട്ടപ്പള്ളം മഹാളിക്കാട് സ്വദേശികളായ സി. പ്രസാദ് (34), സി. മുരളി (38), കിഴക്കേ അട്ടപ്പള്ളം സ്വദേശികളായ കെ. ബിബിൻ (30), അനന്തൻ (55), അട്ടപ്പള്ളം കല്ലങ്കാട് എ. അനു (38) എന്നിവരെയാണ് ഡിസംബർ 18–ന് വ്യാഴാഴ്ച രാത്രി വൈകി പോലീസ് അറസ്റ്റുചെയ്തത്. പ്രസാദ്, മുരളി, ബിബിൻ, അനു എന്നിവർ ബിജെപി–ആർഎസ്എസ് പ്രവർത്തകരും അനന്തൻ സിഐടിയു പ്രവർത്തകനുമാണെന്ന്



പോലീസ് പറഞ്ഞു. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ്ചെയ്തു. ഛത്തിസ്ഗഢിലെ ബിലാസ്പുർ സ്വദേശി രാംനാരായൺ ഭയ്യാറാണ് (31) ഡിസംബർ 17–ന് ബുധനാഴ്ച വൈകിട്ടാണ് മർദനമേറ്റതിനെത്തുടർന്ന് മരിച്ചത്. കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി.

സാമൂഹികമാധ്യമത്തിൽ പ്രചരിച്ച മർദനദൃശ്യങ്ങളിൽ ഉൾപ്പെട്ടവരടക്കം അറസ്റ്റിലായിട്ടുണ്ട്. കേസിൽ കൂടുതൽ പ്രതികളുണ്ടാകുമെന്ന് പോലീസ് സൂചിപ്പിച്ചു. 15–ഓളം പേർ പലസമയങ്ങളിലായി മർദിച്ചിട്ടുണ്ടെന്നു സൂചനയുണ്ട്.

17–ന് ഉച്ചയ്ക്ക് മൂന്നരയോടെയാണ് കിഴക്കേ അട്ടപ്പള്ളത്തെ മാതാളികാട്ട് രാംനാരായൺ ഭയ്യാറിനെ ആൾക്കൂട്ടം ആക്രമിച്ചത്. സംഭവത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തിരുന്നു. പാലക്കാട് ജില്ലാ പോലീസ് മേധാവി സമഗ്രമായ അന്വേഷണം നടത്തി മൂന്നാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദേശിച്ചു.

രാംനാരായൺ ഭയ്യാർ നാട്ടിൽ ഒരു കേസിൽപ്പോലും പ്രതിയല്ലെന്ന് ബന്ധു ശശികാന്ത് ബഗേൽ മാധ്യമങ്ങളോട് പറഞ്ഞു. കെട്ടിടനിർമാണ ജോലിക്കായാണ് പാലക്കാട്ടെത്തിയത്. ജോലി ഇഷ്ടപ്പെടാത്തതിനാൽ നാട്ടിലേക്ക് തിരിച്ചുപോകാനിരുന്നതാണ്.

പ്രദേശത്ത് പുതിയ ആളായതിനാൽ വഴിയറിയുമായിരുന്നില്ല. വഴിതെറ്റി നടക്കുന്നതിനിടെ എങ്ങനെയോ മർദനം നടന്ന സ്ഥലത്ത് എത്തിപ്പെട്ടതാകാം.

രാംനാരായൺ മദ്യപിക്കാറുണ്ടെങ്കിലും ആരുമായും വഴക്കിന് പോകാറില്ല– ശശികാന്ത് ബഗേൽ പറഞ്ഞു. എട്ടും പത്തും വയസ്സുള്ള രണ്ടുമക്കളുണ്ടെന്നും കുടുംബം പോറ്റുന്നതിന് പണിക്കായാണ് രാംനാരായൺ പാലക്കാട്ട് വന്നതെന്നും അദ്ദേഹം പറഞ്ഞു.

# ആര്യയ്ക്കും ഭർത്താവിനും നോട്ടീസ്

തിരുവനന്തപുരം: കെഎസ്ആർടിസി മുൻ ഡ്രൈവറും നേമം സ്വദേശിയുമായ യദുവിനെ ആക്രമിച്ച കേസിൽ തിരുവനന്തപുരം മുൻ മേയർ ആര്യാ രാജേന്ദ്രൻ, ബാലുശേരി എംഎൽഎ സച്ചിൻദേവ്, മേയറുടെ സഹോദരൻ അരവിന്ദന്റെ ഭാര്യ ആര്യ എന്നിവർക്ക് നോട്ടീസ്. ഇവരെ ഒഴിവാക്കി കുറ്റപത്രം സമർപ്പിച്ചതിനെതിരെ യദു നല്കിയ ഹർജി ഫയലിൽ സ്വീകരിച്ചാണ് കോടതി നോട്ടീസയച്ചത്. തിരുവനന്തപുരം ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് ടാനിയ മറിയം ജോസാണ് കേസ് പരിഗണിക്കുന്നത്. ജനുവരി 21–ന് നേരിട്ടോ അഭിഭാഷകൻ മുഖേനയോ ഹാജരാകണം. എഫ്ഐആറിൽ പേരുള്ള എല്ലാവരെയും പ്രതിയാക്കണമെന്നും ഇപ്പോൾ സമർപ്പിച്ച കുറ്റപത്രം തള്ളണമെന്നും ആവശ്യപ്പെട്ട് യദു പുതിയ ഹർജി നല്കിയിരുന്നു. തന്നോടൊപ്പം ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന കണ്ടക്ടർ സുബിനെക്കൂടി പ്രതിയാക്കണം എന്നാണ് പുതിയ ഹർജിയിൽ യദുവിന്റെ ആവശ്യം. സുബിനാണ് ബസിൽ ഉണ്ടായിരുന്ന മെമ്മറി കാർഡ് മേയർ അടക്കമുള്ള പ്രതികളുടെ സമ്മർദ്ദത്തെ തുടർന്ന് നശിപ്പിച്ചതെന്നാണ് യദുവിന്റെ ആരോപണം.

ആദ്യംമുതൽ ഈ വിഷയത്തിൽ കേസെടുക്കാൻ പോലീസ് വിമുഖത



കാണിച്ചിരുന്നു. യദു നല്കിയ സ്വകാര്യ ഹർജി പരിഗണിച്ച കോടതി നേരിട്ട് കേസ് എടുക്കാൻ നിർദ്ദേശിച്ചത് അനുസരിച്ചാണ് കന്റോൺമെന്റ് പോലീസ് കേസ് എടുക്കാൻപോലും തയ്യാറായത്. നിലവിൽ മേയറുടെ സഹോദരൻ അരവിന്ദ് എന്ന നന്ദു മാത്രമാണ് പ്രതി. നിഷ്പക്ഷവും നീതിയുക്തവുമായ അന്വേഷണം ഉണ്ടാകണമെന്നു കർശന നിർദേശം കോടതി നല്കിയിരുന്നു. എന്നാൽ, മേയർ അടക്കമുള്ളവരെ ഒഴിവാക്കിയാണ് പോലീസ് കുറ്റപത്രം നല്കിയത്.

2024 ഏപ്രിൽ 27–ന് രാത്രി പത്തിനായിരുന്നു പാളയം സാഫല്യം കോംപ്ലക്സിനു മുന്നിൽ വെച്ച് മേയറും ഭർത്താവും അടക്കമുള്ളവർ സഞ്ചരിച്ചിരുന്ന സ്വകാര്യ വാഹനം കെഎസ്ആർടിസി ബസ് തടഞ്ഞ് ഡ്രൈവർ യദുവിനെ അസഭ്യം പറഞ്ഞ് ആക്രമിച്ചുവെന്നാണ് പരാതി. ഹർജിക്കാരനു വേണ്ടി അഡ്വ. അശോക് പി. നായർ ഹാജരായി.

## പാകിസ്താന് യുഎന്നിൽ ഇന്ത്യയുടെ രൂക്ഷവിമർശനം

യുഎൻ: പാകിസ്താന്റെ വിഭാഗീയ അജൻഡകളെ യുഎൻ രക്ഷാസമിതിയിൽ തുറന്നുകാണിച്ച് ഇന്ത്യ. ജനതയുടെ ഇച്ഛയെ മാനിക്കാൻ പാകിസ്താന് സവിശേഷമായ രീതികളുണ്ടെന്നും മുൻപ്രധാനമന്ത്രിയെ ജയിലിലടയ്ക്കുക, സൈന്യാധിപന് ആജീവനാന്തപരിരക്ഷ നൽകുക, ഭരണകക്ഷിയെ നിരോധിക്കുക, ഭരണഘടനാ അട്ടിമറി ആസൂത്രണം ചെയ്യുക എന്നിവയൊക്കെയാണതെന്നും യുഎന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പർവതനേനി ഹരീഷ് പരിഹസിച്ചു. 'സമാധാനത്തിനുവേണ്ടി നേതൃത്വം' എന്ന വിഷയത്തിൽ രക്ഷാസമിതിയിൽ നടന്ന തുറന്ന സംവാദത്തിനിടെ പാകിസ്താന്റെ സ്ഥാനപതി അസിം ഇഫ്തിക്കർ അഹമ്മദ് കശ്മീർപ്രശ്നവും സിന്ധുനദീജല ഉടമ്പടി ഇന്ത്യ മരവിപ്പിച്ച കാര്യവും ഉന്നയിച്ചിരുന്നു.

കശ്മീർക്കാര്യം വീണ്ടും അനാവശ്യമായി പരാമർശിച്ചതിലൂടെ ഇന്ത്യക്കെതിരെ ദോഷകരമായി പ്രവർത്തിക്കണമെന്ന പാകിസ്താന്റെ അമിതാസക്തിയാണ് പ്രകടമായതെന്ന് ഹരീഷ് കുറ്റപ്പെടുത്തി. യുഎൻ പ്രമാണരേഖ, രക്ഷാസമിതി പ്രമേയങ്ങൾ, കശ്മീർ ജനതയുടെ ഇച്ഛ എന്നിവയുടെ അടിസ്ഥാനത്തിൽ കശ്മീർപ്രശ്നം പരിഹരിക്കണമെന്ന പാക് വാദവും ഇന്ത്യ തള്ളി.ജമ്മു-കശ്മീരും ലഡാക്കും ഇന്ത്യയുടെ അവിഭാജ്യഭാഗങ്ങളാണെന്നും അത് എക്കാലവും അങ്ങനെ തുടരുമെന്നും പറഞ്ഞു. 65 വർഷം മുൻപ് സിന്ധു നദീജലക്കരാറിൽ ഇന്ത്യ ഭാഗമായത് നല്ല വിശ്വാസത്തോടെയാണെന്നും എന്നാൽ ഈ ആറുപതിറ്റാണ്ടിനിടെ ഇന്ത്യക്കുനേരെ മൂന്നു യുദ്ധങ്ങളും ആയിരക്കണക്കിന് ഭീകരാക്രമണങ്ങളും നടത്തി ഉടമ്പടിയുടെ ആത്മാവ് പാകിസ്താൻ ലംഘിച്ചെന്നും ഇന്ത്യ പറഞ്ഞു.

### കിഫ്ബി മസാലബോണ്ട്:

## ഇഡി നോട്ടീസിനുള്ള സ്റ്റേ ഡിവിഷൻ ബെഞ്ച് തടഞ്ഞു

കൊച്ചി: കിഫ്ബി മസാല ബോണ്ടുമായി ബന്ധപ്പെട്ട ഇഡി നോട്ടീസിലെ തുടർനടപടികൾ തടഞ്ഞ സിംഗിൾബെഞ്ച് ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു. ഇഡി നൽകിയ അപ്പീൽ പരിഗണിച്ചാണു നടപടി. ഹർജി വീണ്ടു പരിഗണിക്കുന്ന ജനുവരി അഞ്ചുവരെയാണ് സ്റ്റേ. വിദേശ വിനിമയ നിയന്ത്രണ നിയമം ലംഘിച്ചുവെന്ന് ചൂണ്ടിക്കാട്ടി മുഖ്യമന്ത്രി പിണറായി വിജയൻ, മുൻ മന്ത്രി തോമസ് ഐസക്, കിഫ്ബി മുൻ സിഇഒ കെ.എം. ഏബ്രഹാം എന്നിവർക്കെതിരേ ഇഡി നൽകിയ കാരണം കാണിക്കൽ നോട്ടീസിനെതിരായ ഹർജിയിൽ കഴിഞ്ഞദിവസമാണ് തുടർനടപടികൾ മൂന്നുമാസത്തേക്ക് സിംഗിൾ ബെഞ്ച് സ്റ്റേ ചെയ്തത്. ഇതിനെതിരേയാണ് ഇഡി അപ്പീൽ ഹർജി നൽകിയത്.

ഫെമ ലംഘനം നടന്നതായ റിപ്പോർട്ടിൽ അഡ്ജുഡിക്കേറ്റിംഗ് അഥോറിറ്റി നൽകിയതു കാരണം കാണിക്കൽ നോട്ടീസാണെന്നും തുടർനടപടികൾ തടഞ്ഞ സിംഗിൾ ബെഞ്ച് നടപടി തെറ്റാണെന്നുമായിരുന്നു ഇഡിയുടെ വാദം. ഫെമ നിയമപ്രകാരം ബന്ധപ്പെട്ട അപ്പലേറ്റ് അഥോറിറ്റിയെയാണു സമീപിക്കേണ്ടത്.

വസ്തുതാപരവും നിയമപരവുമായുള്ള തർക്കം ഇവിടെ ഉന്നയിക്കാൻ കഴിയുമെന്ന വസ്തുത പരിഗണിക്കാതെയാണു സിംഗിൾബെഞ്ചിന്റെ നടപടി. പ്രാഥമികമായ പരിശോധനാഘട്ടത്തിലാണ് അഡ്ജുഡിക്കേഷൻ നടപടികളുള്ളത്. അതു തുടരാൻ അനുവദിക്കണമെന്നും ഹർജിക്കാർ ആവശ്യപ്പെട്ടു.

എന്നാൽ, റിസർവ് ബാങ്ക് മാനദണ്ഡമനുസരിച്ച് കിഫ്ബി ചെയ്യുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളെ റിയൽ എസ്റ്റേറ്റ് പ്രവർത്തനമായി കാണാനാകില്ലെന്നാണു സർക്കാരിന്റെ വാദം. റിയൽ എസ്റ്റേറ്റ് പ്രവർത്തനം നടത്തിയതിനാൽ പിഴ ഈടാക്കാതിരിക്കാനും നടപടിയെടുക്കാതിരിക്കാനും കാരണമുണ്ടെങ്കിൽ കാണിക്കാനാണു നോട്ടീസ്.

## വഖഫ് സ്വത്തുക്കൾ ചേർക്കാനുള്ള സമയപരിധി അഞ്ച് മാസം നീട്ടി

കൊച്ചി: വഖഫ് ഭേദഗതി നിയമപ്രകാരമുള്ള ഉമീദ് സെൻട്രൽ പോർട്ടലിൽ, കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫ് സ്വത്തുകൾ ചേർക്കാനുള്ള സമയപരിധി അഞ്ച് മാസത്തേക്ക് കൂടി നീട്ടി സംസ്ഥാന വഖഫ് ട്രിബ്യൂണൽ. നേരത്തേ ഡിസംബർ ആറിന് സമയപരിധി അവസാനിച്ചതിനെ തുടർന്ന് കേരളത്തിലുൾപ്പെടെ നിരവധി വഖഫ് സ്വത്തുക്കൾ പോർട്ടലിൽ ചേർക്കാൻ സാധിച്ചിരുന്നില്ല. കേരളത്തിൽ 40 ശതമാനം രജിസ്ട്രേഷൻ മാത്രമേ ഈ സമയത്ത് പൂർത്തിയാക്കിയിരുന്നുള്ളൂ.

ഇതേത്തുടർന്ന് സംസ്ഥാന വഖഫ് ബോർഡ് സുപ്രീം കോടതിയെ സമീപിക്കുകയായിരുന്നു. സംസ്ഥാന വഖഫ് ട്രിബ്യൂണലിനെ സമീപിക്കാനായിരുന്നു സുപ്രീംകോടതിയുടെ നിർദേശം.

ഉത്തരവിന് പിന്നാലെ ഒരാഴ്ചയ്ക്കകം പോർട്ടൽ വീണ്ടും തുറക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടെ കേരളത്തിലെ മുഴുവൻ വഖഫ് സ്വത്തുക്കളും പോർട്ടലിൽ രജിസ്റ്റർ ചെയ്യാനാകുമെന്നാണ് സംസ്ഥാന വഖഫ് ബോർഡിന്റെ പ്രതീക്ഷ. കേരള വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത വഖഫ് സ്ഥാപനങ്ങൾക്ക് മാത്രമായിരിക്കും സംസ്ഥാന ട്രിബ്യൂണലിന്റെ ഉത്തരവ് ബാധകമാവുക.

അഞ്ച് മാസം സമയപരിധിയുണ്ടെങ്കിലും വഖഫ് മുത്തവല്ലിമാർ മൂന്നു മാസത്തിനുള്ളിൽതന്നെ ഉമീദ് പോർട്ടലിൽ വഖഫ് സ്വത്തുക്കൾ സംബന്ധിച്ച വിവരങ്ങളും രേഖകളും അപ്‌ലോഡ് ചെയ്യാൻ ശ്രമിക്കണമെന്ന് സംസ്ഥാന വഖഫ് ബോർഡ് ചെയർമാൻ അഡ്വ. എം.കെ. സക്കീർ അഭ്യർത്ഥിച്ചു.

ബോർഡിൽ ഇത് വരെ രജിസ്റ്റർ ചെയ്യാതിരുന്ന വഖഫ് സ്ഥാപനങ്ങൾക്കും രജിസ്ട്രേഷന് വേണ്ടി ന്യൂ വഖഫ് ഓപ്ഷൻ വഴി പോർട്ടലിൽ അപേക്ഷ സമർപ്പിക്കാം.

ഇതിനായി കേരളത്തിലെ വഖഫ് ബോർഡിന്റെ എല്ലാ ഡിവിഷൻ ഓഫീസുകളിലും ഹെൽപ് ഡെസ്ക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇനിയും സമയപരിധി നീട്ടാൻ ഉമീദ് നിയമപ്രകാരം സാധ്യതയില്ലാത്തതിനാൽ പരമാവധി വേഗത്തിൽ വഖഫ് സ്വത്തുക്കളുടെ അപ്‌ലോഡിങ് പൂർത്തിയാക്കണമെന്നാണ് വഖഫ് ബോർഡിന്റെ നിർദേശം.

## സസ്യശാസ്ത്രജ്ഞൻ പൽപ്പു പുഷ്പാംഗദൻ അന്തരിച്ചു



തിരുവനന്തപുരം: പത്മശ്രീ പുരസ്കാര ജേതാവും പ്രസിദ്ധ സസ്യശാസ്ത്രജ്ഞനുമായ പൽപ്പു പുഷ്പാംഗദൻ എന്ന ഡോ. പി. പുഷ്പാംഗദൻ (81) അന്തരിച്ചു.

വംശീയ സസ്യശാസ്ത്രത്തിൽ (എത്നോ ബോട്ടണി) വിലപ്പെട്ട സംഭാവനകൾ നൽകിയ പുഷ്പാംഗദൻ ഇന്ത്യയിലെ പ്രശസ്ത ശാസ്ത്രസ്ഥാപനങ്ങളിൽ പ്രമുഖ പദവികൾ വഹിച്ചിട്ടുണ്ട്.

ലോകത്തിൽ ആദ്യമായി ഇക്വിറ്റബിൾ ബെനിഫിറ്റ് ഷെയറിംഗ് മോഡൽ വികസിപ്പിച്ചെടുത്തതിന് ഐക്യരാഷ്ട്രസഭയുടെ ഇക്വേറ്റർ ഇനിഷ്യേറ്റീവ് അവാർഡ് ലഭിച്ചിട്ടുണ്ട്. ലക്നൗവിലെ നാഷണൽ ബൊട്ടാണിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (NBRI) ഡയറക്ടറായിരുന്നു. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി ഡയറക്ടറുടെ പ്രത്യേക ചുമതലയും വഹിച്ചിട്ടുണ്ട്.

വിവിധ ദേശീയ-അന്തർദേശീയ ജേർണലുകളിലായി 317 ഗവേഷണ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹം വികസിപ്പിച്ചെടുത്ത, പേറ്റന്റ് ലഭിച്ച 15 ഉത്പന്നങ്ങൾ ഇതിനോടകം വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലെത്തിയിട്ടുണ്ട്.

ശാസ്ത്രത്തിനും സമൂഹത്തിനും നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചിരുന്നു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 89.58 |
| യൂറോ | 104.94 |
| സ്റ്റെർലിംഗ്പൗണ്ട് | 119.98 |
| സ്വിസ് ഫ്രാങ്ക് | 112.67 |
| സിംഗപ്പൂർ ഡോളർ | 69.13 |
| കനേഡിയൻ ഡോളർ | 64.91 |
| ഒമാൻ റിയാൽ | 232.98 |
| ബഹ്റൈൻ ദിനാർ | 237.95 |
| സൗദി റിയാൽ | 23.88 |
| യു.എ.ഇ. ദിർഹം | 24.39 |
| കുവൈത്ത് ദിനാർ | 291.64 |



# ഇലക്ടറൽ ട്രസ്റ്റ് സംഭാവനയിൽ 82 ശതമാനവും ബിജെപിക്ക്

ന്യൂഡൽഹി: സുപ്രീംകോടതി ഇലക്ടറൽ ബോണ്ട് റദ്ദാക്കിയിട്ടും രാഷ്ട്രീയ പാർട്ടികൾക്ക് ഇലക്ടറൽ ട്രസ്റ്റ് വഴി സംഭാവനകളുടെ ഒഴുക്ക് തുടരുകയാണ്. 2024-25 വർഷം ഇലക്ടറൽ ട്രസ്റ്റ് വഴി ലഭിച്ചത് 3811 കോടി രൂപയാണ്. ഇതിൽ 82 ശതമാനവും (3112 കോടി) ഭരണകക്ഷിയായ ബിജെപിക്കാണ് ലഭിച്ചത്. കോൺഗ്രസിന് എട്ടു ശതമാന (299 കോടി) ത്തിൽ താഴെയും. ബാക്കി 400 കോടി മറ്റെല്ലാ പാർട്ടികൾക്കുമായി ലഭിച്ചു. ഒൻപത് ഇലക്ടറൽ ട്രസ്റ്റുകൾ നല്കിയ സംഭാവന തെരഞ്ഞെടുപ്പ് കമ്മീഷനാണ് പുറത്തുവിട്ടത്.

2023-24 വർഷത്തിൽ ഇത് 1218 കോടി രൂപയായിരുന്നു. ബിജെപിക്ക് പ്രധാന സംഭാവന നല്കിയത് പ്രൂഡന്റ് ഇലക്ടറൽ ട്രസ്റ്റാണ്-2180.07 കോടി രൂപ. കോൺഗ്രസ്, ടിഎംസി, എഎപി, ടിഡിപി, മറ്റു പാർട്ടികൾ എന്നിവയ്ക്കും പ്രൂഡന്റ് സംഭാവന നല്കി. എന്നാൽ, അവരുടെ മൊത്തം സംഭാവനയായ 2668 കോടി രൂപയുടെ 82 ശതവും ബിജെപിക്കാണ്. പ്രോഗ്രസീവ് ഇലക്ടറൽ ട്രസ്റ്റ് 914.97 കോടി രൂപ സംഭാവന നല്കി. ഇതിൽ 80.82 ശതമാനം ബിജെപിക്കായിരുന്നു.

ടാറ്റാ സൺസ് പ്രൈവറ്റ് ലിമിറ്റഡ്, ടാറ്റ കൺസൾട്ടൻസി സർവീസസ് (ടിസിഎസ്), ടാറ്റാ സ്റ്റീൽസ് ലിമിറ്റഡ്, ടാറ്റാ മോട്ടോഴ്സ് ലിമിറ്റഡ്, ടാറ്റ പവർ കമ്പനി ലിമിറ്റഡ് എന്നിവ ഉൾപ്പെടെയുള്ള ടാറ്റ ഗ്രൂപ്പ് കമ്പനികളാണ് പ്രോഗ്രസീവ് ഇലക്ടറൽ ട്രസ്റ്റിലേക്ക് പ്രധാനമായും സംഭാവന നല്കിയത്.

നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന ഇലക്ടറൽ ട്രസ്റ്റുകൾക്ക് വ്യക്തികളിൽനിന്നും കമ്പനികളിൽ നിന്നും സംഭാവന സ്വീകരിക്കാം. ഇതിൽ 95 ശതമാനം തെരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്ത പാർട്ടികൾക്ക് കൈമാറണം.

2023-24 വർഷം ബിജെപിക്ക് 3967.14 കോടി രൂപയായിരുന്നു വിവിധ കേന്ദ്രങ്ങൾ സംഭാവന നല്കിയത്. ഇതിൽ 43 ശതമാനം (1685.62 കോടി രൂപ) ഇലക്ടറൽ ബോണ്ട് വഴിയായിരുന്നു. ഭരണഘടനാ വിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടി 2024-ൽ സുപ്രീംകോടതി ഇലക്ടറൽ ബോണ്ട് റദ്ദാക്കിയിരുന്നു.

നിലവിൽ കോർപ്പറേറ്റുകൾക്ക് ചെക്ക്, ഡിഡി, യുപിഐ, ബാങ്ക് ട്രാൻസ്ഫർ വഴികളിലൂടെ രാഷ്ട്രീയ പാർട്ടികൾക്ക് സംഭാവന നല്കാം.

# കടുവയാക്രമണത്തിൽ ഗൃഹനാഥന് ദാരുണാന്ത്യം

പുൽപ്പള്ളി: വയനാട് വണ്ടിക്കടവിൽ കടുവയുടെ ആക്രമണത്തിൽ വയോധികൻ കൊല്ലപ്പെട്ടു. ദേവർഗദ്ദ കാട്ടുനായ്ക്ക ഉന്നതിയിലെ കൂമൻ എന്ന മാര (65) നാണു മരിച്ചത്. ഡിസംബർ 20-ന് ഉച്ചയ്ക്ക് പന്ത്രണ്ടോടെ വണ്ടിക്കടവ് കന്നാരം പുഴയോരത്ത് സഹോദരി കുള്ളിക്കൊപ്പം വിറക് ശേഖരിക്കുന്നതിനിടെയാണ് കൂമനെ കടുവ പിടികൂടി വനത്തിലേക്കു വലിച്ചിഴച്ചത്. ഇതുകണ്ട് സഹോദരി ബഹളംവെച്ചപ്പോൾ നാട്ടുകാരും പിന്നാലെ വനം ഉദ്യോഗസ്ഥരുമെത്തി.

തെരച്ചിലിൽ വനാതിർത്തിയിൽനിന്നും മുക്കാൽ കിലോമീറ്റർ മാറി പാറയുടെ മുകളിലാണ് കൂമന്റെ മൃതദേഹം കണ്ടെത്തിയത്. വനം ഉദ്യോഗസ്ഥർ വണ്ടിക്കടവ് ഫോറസ്റ്റ് ഓഫീസിൽ മൃതദേഹം എത്തിച്ചപ്പോൾ നാട്ടുകാർ രോഷാകുലരായി. മൃതദേഹം തുടർനടപടികൾക്ക് കൊണ്ടുപോകാനുള്ള ശ്രമം തടഞ്ഞു. വനം ഉദ്യോഗസ്ഥരും നാട്ടുകാരുമായുള്ള വാക്കേറ്റം സംഘർഷത്തിലേക്കു നീങ്ങി.

ഇതിനിടെ, ബത്തേരി ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തി. പിന്നീട് ഡിവൈഎസ്പിയുടെയും എസിഎഫ് ജോഷിലിന്റെയും തഹസിൽദാർ പി. പ്രശാന്തിന്റെയും നേതൃത്വത്തിൽ വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളുമായും കൂമന്റെ കുടുംബാംഗങ്ങളുമായും ചർച്ച നടത്തി. കൂമന്റെ കുടുംബത്തിന് പത്തു ലക്ഷം രൂപ നഷ്ടപരിഹാരവും രണ്ടു മക്കൾക്ക് താത്കാലിക ജോലിയും നൽകുമെന്ന് ഉദ്യോഗസ്ഥർ ഉറപ്പു നൽകി. ആറു ലക്ഷം രൂപയുടെ ചെക്ക് ഉടൻ കൈമാറുമെന്നും അടിയന്തര ആവശ്യത്തിന് 10,000 രൂപ അനുവദിക്കുമെന്നും ഉറപ്പുനൽകി. ഇതേത്തുടർന്നാണ് മൃതദേഹം തുടർനടപടികൾക്കായി വിട്ടുനൽകാൻ നാട്ടുകാർ തയാറായത്. പരേതയായ ദേവിയാണ് കൂമന്റെ ഭാര്യ. മക്കൾ: ഗീത, രവി.

# THE CPM'S CRISIS IN KERALA

**(from page 22)**

Until now, BJP's failure to gain a strong foothold in Kerala has largely been due to a vigilant electorate that instinctively shifts support between the UDF and the LDF whenever communal politics appears to gain ground. This delicate voter equilibrium, however, is being severely undermined by the CPM's alleged attempts to protect the private interests of the Vijayan family.

Pinarayi Vijayan and the present CPM leadership have strayed far from the values and principles upheld by stalwarts such as E. M. S. Namboothiripadand A.K. Gopalan, leaders who dedicated their lives selflessly to the upliftment of the poor and the marginalized without seeking personal gain. While I am not an admirer of communist philosophy, I have always respected those leaders for their idealism, personal sacrifice, and moral integrity, which deserve universal admiration. Pinarayi Vijayan, however, has rewritten that script, sacrificing ideological purity for personal and political survival, pushing the party toward irrelevance and plunging the state into deep uncertainty.

The CPM today stands at a crossroads. Socialism in its classical form has failed across much of the world, and in Kerala the party appears increasingly devoid of a coherent political philosophy. Instead, it seems intent on perpetuating power through policies that erode the state's financial stability, disturb social peace, and foster opportunistic alliances with communal forces for short-term gains, often accompanied by reckless populism and vote-oriented freebies.

The verdict delivered by the people of Kerala in recent local body elections is not merely an electoral setback; it is a moral indictment.The people of Kerala are no longer blind to these ploys.History offers the CPM a sobering lesson. In West Bengal, prolonged rule bred arrogance, intolerance of dissent, and ultimately collapse. In national politics, ideological inflexibility squandered historic opportunities and hastened marginalization. Kerala now stands at a similar inflection point. The persistence of alleged compromises, whether ideological, ethical, or tactical, threatens not only the party's future but also the delicate secular and social fabric of the state.

# ഇന്ത്യയും എത്യോപ്യയും ഒരുമിച്ചു പ്രവർത്തിക്കും: നരേന്ദ്ര മോദി

അഡിസ് അബാബ: പ്രാദേശിക സമാധാനം, സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ ഇന്ത്യയും എത്യോപ്യയും സ്വാഭാവിക പങ്കാളികളാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കൂടുതൽ നീതിയുക്തവും സമത്വപൂർണവും സമാധാപരവുമായ ഒരു ലോകത്തിനായി ഇരുദ്യം പ്രതിരോധ സഹകരണ കരാർ ഒപ്പിട്ടതോടെ പരസ്പര സുരക്ഷയോടുള്ള നമ്മുടെ പ്രതിബദ്ധത കൂടുതൽ ശക്തമായി. കൂടുതൽ അടുത്ത സൈനിക സഹകരണത്തിലാണ് കരാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സൈബർ സുരക്ഷ, പ്രതിരോധ വ്യവസായങ്ങൾ, സംതിലധികം അംഗങ്ങൾ പാർലമെന്റിൽ കൈയടിച്ചു.എത്യോപ്യയുടെ ധൈര്യത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായ അദ്വ വിജയ സ്മാരകത്തിൽ മോദി പുഷ്പ ചക്രം അർപ്പിച്ചു. എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലിയുമായി മോദി ചർച്ചകൾ നട



എത്യോപ്യൻ പാർലമെന്റ് സന്ദർശിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി അവിടുത്തെ എംപിമാർക്കൊപ്പം.

രാജ്യങ്ങളും ഒന്നിച്ചു പ്രവർത്തിക്കണമെന്നും എത്യോപ്യൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് മോദി പറഞ്ഞു. പാർലമെന്റ് അംഗങ്ങളെ എത്യോപ്യൻ പ്രാദേശിക ഭാഷയിൽ അഭിസംബോധന ചെയ്തു കൊണ്ടാണ് മോദി പ്രസംഗം തുടങ്ങിയത്. മോദി അഭിസംബോധന ചെയ്യുന്ന ലോകത്തിലെ 18-ാമത് പാർലമെന്റാണിത്.

എത്യോപ്യ സിംഹങ്ങളുടെ നാടാണ്. എന്റെ മാതൃ സംസ്ഥാനമായ ഗുജറാത്തും സിംഹങ്ങളുടെ ആവാസ കേന്ദ്രമായതിനാൽ ഇവിടെ എത്തിയപ്പോൾ എനിക്കു വീട്ടിലെത്തിയപോലെയാണ് തോന്നുന്നത്. ആഫ്രിക്കയുടെ ഒരു നാൽക്കവലയിലാണ് എത്യോപ്യ സ്ഥിതി ചെയ്യുന്നത്. ഇന്ത്യ, ഇന്ത്യൻ മഹാസമുദ്രത്തിന്റെ ഹൃദയഭാഗത്തും. പ്രാദേശിക സമാധാനം, സുരക്ഷ, പരസ്പര ബന്ധം എന്നിവയിൽ നമ്മൾ സ്വാഭാവിക പങ്കാളികളാണ്. ഈ വർഷം ആയുക്ത ഗവേഷണം, ശേഷി വികസനം എന്നിവയിലുള്ള സഹകരണവും ഇതിൽ ഉൾപ്പെടുമെന്ന് മോദി പറഞ്ഞു. മോദിയുടെ പ്രസംഗത്തിനിടെ അമ്പത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധത്തെ തന്ത്രപരമായ പങ്കാളിത്തത്തിന്റെ തലത്തിലേക്ക് ഉയർത്തുമെന്ന് ഇരുരാജ്യങ്ങളും പറഞ്ഞു.

# വാതുവെപ്പ് കേസ് : യുവരാജ് സിങ്ങിന്റെ സ്വത്ത് കണ്ടുകെട്ടി

ന്യൂഡൽഹി: നിയമവിരുദ്ധമായി വാതുവെപ്പ് ആപ്പുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഇന്ത്യൻ ക്രിക്കറ്റ് താരങ്ങളായ യുവരാജ് സിങ്, റോബിൻ ഉത്തപ്പ, സിനിമ താരങ്ങളായ ഉർവശി റൗട്ടേല, സോനു സൂദ്, ടി.എം.സി: മുൻ മന്ത്രി മിനി ചക്രബർത്തി എന്നുവരുടേതായി മൊത്തം 7.9 കോടി രൂപയുടെ സ്വത്തുക്കൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കണ്ടുകെട്ടി. നടി നേഹ ശർമ, ബംഗാളി നടൻ അംഗുഷ് ഹസ്ര എന്നിവരുടെ സ്വത്തുക്കളും കണ്ടുകെട്ടി. വാതുവെപ്പ് ആപ്പുമായി ബന്ധപ്പെട്ട 1,000 കോടിയിലധികം രൂപയുടെ കള്ളപ്പണം വെളുപ്പിക്കൽ നടന്നെന്നാണ് ഇഡിയുടെ വിലയിരുത്തൽ. നിയമവിരുദ്ധമായ ഓഫ്ഷോർ വാതുവെപ്പ് പ്ലാറ്റ്ഫോമായ '1റ്റ ബെറ്റി'ന്റെ നടത്തിപ്പുകാർക്കെതിരേ വിവിധ സംസ്ഥാനങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത എഫ്ഐആറുകളുടെ അടിസ്ഥാനത്തിലാണ് ഇഡി അന്വേഷണം ആരംഭിച്ചത്. യുവരാജ് സിങ്ങിന്റെ 2.5 കോടിയുടെ സ്വത്താണു കണ്ടുകെട്ടിയത്. സൂദ്-ഒരു കോടി, മിമി ചക്രവർത്തി-59 ലക്ഷം, നേഹ ശർമ-1.26 കോടി, ഉത്തപ്പ-8.26 ലക്ഷം, ഹസ്ര-47 ലക്ഷം. റൗട്ടേലയുടെ അമ്മയുടെ 2.02 കോടിയുടെ സ്വത്തും കണ്ടുകെട്ടി.

# SEEKING BRIDEGROOM

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

## SEEKING BRIDEGROOM CONTD.....

was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

## കെ.വി. മാത്യു

**തൊമ്മൻകുത്ത്:** കൊല്ലറാത്ത് കെ.വി. മാത്യു (ബേബി-73) അന്തരിച്ചു. ഭാര്യ ചമ്പക്കുളം ആയക്കരക്കളം സൂസി മാത്യു. മക്കൾ: ബിനി മാത്യു, അന്ന ജെഫറി (ഇരുവരും യുഎസ്). മരുമക്കൾ: ഫെസ്റ്റിജി ബിന്നി (യുഎസ്), ജെഫറി (പുനലൂർ).

## തോമസ് ഏബ്രഹാം

**കോഴഞ്ചേരി:** ചെറുകോൽ മനാട്ട് കുമ്പംകുഴി ആലുനിൽക്കുന്നതിൽ തോമസ് ഏബ്രഹാം (കുഞ്ഞൂഞ്ഞ്-96) അന്തരിച്ചു. ഭാര്യ: റാന്നി ചെമ്പകത്തിനാൽ പരേതയായ കുഞ്ഞമ്മ തോമസ്. മക്കൾ: ലിസി, റോയി (യുഎസ്), കുഞ്ഞുമോൻ, ജോസ് (യുകെ), ലില്ലിക്കുട്ടി. മരുമക്കൾ: കുറത്തിക്കാട് പേരുകുറ്റിയിൽ ഷേർളി (യുഎസ്), തോട്ടപ്പുഴ കാട്ടൂർ വീട്ടിൽ ജോളി (റിട്ട. പ്രധാനാദ്ധ്യാപിക എംഡി എൽപിഎസ് നാരങ്ങാനം), പുന്നക്കാട് കൊച്ചുപറമ്പിൽ ബീന (യുകെ), കടമ്പനാട് പാറയിൽ കുഞ്ഞുമോൻ, പരേതനായ ആഞ്ചലീസ്.

## സാം നിലംപള്ളി



**സൗത്ത് കരോലിന:** അദ്ധ്യാപകനും എഴുത്തുകാരനും സ്വതന്ത്ര ചിന്തകനുമായ ഏബ്രഹാം സാംകുട്ടി (സാം നിലംപള്ളി-83) സൗത്ത് കരോലിനയിലെ ലെക്സിങ്ടണിൽ അന്തരിച്ചു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം ശാസ്താംകോട്ടയിൽ ഗുരുകുലം എന്ന പേരിൽ ട്യൂട്ടോറിയൽ ആരംഭിച്ച് ഒട്ടേറെ വിദ്യാർത്ഥികൾക്ക് വഴികാട്ടിയും ഗുരുനാഥനുമായിരുന്നു സാംകുട്ടി സാർ. സാം നിലംപള്ളിൽ എന്ന തൂലികാ നാമത്തിൽ അറിയപ്പെട്ടിരുന്ന അദ്ദേഹം ഇ-മലയാളിയിൽ സ്ഥിരം എഴുത്തുകാരനായിരുന്നു. ഭാര്യ പരേതയായ ശാന്തമ്മ വർഗീസ്. മക്കൾ: സ്മിത ജിയാനോലാക്കിസ്, സിമി ജോൺ. മരുമക്കൾ: സ്റ്റീവൻ ജിയാനോലാക്കിസ്, ജോസഫ് ജോൺ.

**കൊല്ലം:** കെപിസിസി മുൻ എക്സിക്യൂട്ടീവ് അംഗവും ഡിസിസി മുൻ വൈസ് പ്രസിഡണ്ടും ഐഎൻടിയുസി നേതാവുമായ മുളങ്കാടകം നെല്ലിമുക്ക് കൈതവാരം നഗർ പുത്തേത്ത് കെ. സോമയാജി (87) അന്തരിച്ചു.

**മേവട:** തോണക്കര (ചെത്തിമറ്റം) സക്കറിയാസിന്റെയും ലൈസമ്മയുടെയും മകൾ ഡോ. നീനു ടി. സക്കറിയാസ് (32) അന്തരിച്ചു.

## പൊൻമേലിൽ ഏബ്രഹാം

**കോഴഞ്ചേരി:** വയലത്തല പൊൻമേലിൽ ഏബ്രഹാം (കുഞ്ഞുമോൻ-77) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ അയിരൂർ തെങ്ങുംതോട്ടത്തിൽ ഇളവട്ടം കുടുംബാംഗം ലില്ലിക്കുട്ടി. (യുഎസ്). മക്കൾ: ഫിലിപ്സ്, ജിമ്മി, അമ്പിളി. ടോം (എല്ലാവരും യുഎസ്).

## സി.എം. മത്തായി



**ളാക്കാട്ടൂർ:** മംഗളം ദിനപത്രം കോട്ടയം ബ്യൂറോ ചീഫും കോട്ടയം പ്രസ്ക്ലബ് മുൻ സെക്രട്ടറിയുമായിരുന്ന ഷാലു മാത്യുവിന്റെ പിതാവും കൂരോപ്പട ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡണ്ടുമായിരുന്ന ഉതുപ്പാൻപറമ്പിൽ കുടുംബാംഗമായ ചിലമ്പശ്ശേരിൽ സി.എം. മത്തായി (തങ്കച്ചൻ-80) അന്തരിച്ചു. ഭാര്യ പരേതയായ മറിയാമ്മ ഒറവയ്ക്കൽ കുടുംബാംഗം. മറ്റു മക്കൾ: റെയ്ച്ചൽ (പ്രീത, കാരിത്താസ് ആശുപത്രി), ഷാജി മാത്യു (ഷാർജ). മരുമക്കൾ ഫിലിപ്പോസ് കുളത്തിങ്കൽ (കൂരോപ്പട), ജിനു ഐസക് തേരാടിയിൽ മല്ലപ്പള്ളി (ഷാർജ), പിറവം ഏഴക്കരനാട് വേമ്പനാട്ട് കല്ലുക്കുഴിയിൽ സ്മിത കെ. തോമസ് (ടീച്ചർ എംഡി സെമിനാരി സ്കൂൾ കോട്ടയം).

**തൃശൂർ:** സിഎസ്എസ്ടി കോൺഗ്രിഗേഷൻ മതിലകം ഇമ്മാക്കുലേറ്റ് കോൺവന്റ് അംഗവും റിട്ട. അദ്ധ്യാപികയുമായ സിസ്റ്റർ ലൂസിയ (96) അന്തരിച്ചു.

## എം.സി. തോമസ്

**കരിങ്കുന്നം:** സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ മുണ്ടുകുഴയ്ക്കൽ (പൂവത്തേൽ) എം.സി. തോമസ് (82) അന്തരിച്ചു. ഭാര്യ കണ്ണങ്കര പാലയ്ക്കൽ ലീലാമ്മ. മക്കൾ: ദീപ (യുകെ), ദീപ്തി (അദ്ധ്യാപിക, കല്ലറ), ദിബിൻ (യുഎസ്). മരുമക്കൾ: കരിങ്കുന്നം കാരുപ്ലായിക്കൽ ലോജി, കുളത്തൂപ്പുഴ ഉണ്ണീറ്റുതറയിൽ ശില്പ, പുതുവേലി ചിറയത്ത് പരേതനായ ബ്ലെസൻ.

**അതിരമ്പുഴ:** പി.ഡബ്ല്യു.ഡി റിട്ട. എൻജിനീയർ മനയ്ക്കപ്പാടം കല്പന ഹൗസിൽ കെ.എ. നാരായണൻ (87) അന്തരിച്ചു.

**കുറ്റൂർ:** ഡവലപ്മെന്റ് വിഭാഗം റിട്ട. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ തലയാർ വാലുപറമ്പിൽ കെ.കെ. ശോശാമ്മ (88) അന്തരിച്ചു.

## പി.സി. ചാക്കോ

**കിടങ്ങൂർ:** പുതുകാടത്ത് (പെല്ലത്താൽ പി.സി. ചാക്കോ (69) അന്തരിച്ചു. ഭാര്യ നീഴൂർ തടത്തിൽ ലിസമ്മ ജോൺ. മക്കൾ: ഗ്ലാഡ്‌വിൻ ചാക്കോ (യുകെ), ജോബിൻ ചാക്കോ (യുഎസ്), ഗ്ലോറി ചാക്കോ (യുഎസ്). മരുമക്കൾ: തുഷാര സ്റ്റീഫൻ വെള്ളാംപാട്ടേൽ (ഉഴവൂർ), അന്ന മാത്യു കാഞ്ഞിരമറ്റത്തിൽ (കിടങ്ങൂർ), ലിനു ഡാനിയേൽ പുന്നേൽ പിസ്ഗ (കായംകുളം).

**തിരുവല്ല:** മാവേലിക്കര ബിഷപ് മൂർ കോളജ് റിട്ട. ഉദ്യോഗസ്ഥൻ തുകലശേരി വളപ്പിൽ വി.ജെ. തമ്പി (74) അന്തരിച്ചു.

## ആലീസ് വർഗീസ്

**പരിയാരം:** പാലക്കുളത്ത് പി.എം. വർഗീസിന്റെ ഭാര്യ ആലീസ് വർഗീസ് (76) അന്തരിച്ചു. മണർകാട് കീച്ചാൽ വാണിയപ്പുരയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: സൂസൻ ജോർജ് (യുഎസ്), പ്രദീപ് വർഗീസ്. മരുമക്കൾ: സജി ജോർജ് ഇലക്കാട്ടായ മുലേട്ട് (യുഎസ്), മേർലി പ്രദീപ് (ഓത്താപ്പറമ്പിൽ).

## കെ.എം. മത്തായി

**ചെങ്ങന്നൂർ:** വിമുക്തഭടൻ പുത്തൻകാവ് കുറിയന്നൂർ കുഴിമണ്ണിൽ കെ.എം. മത്തായി (92) അന്തരിച്ചു. ഭാര്യ പരേതയായ അന്നമ്മ മത്തായി. മക്കൾ: ജോജി മാത്യു, വർഗീസ് മാത്യു (ഇരുവരും യുഎസ്), മരുമക്കൾ: ബിന്ദു ജോർജ്, എമിലി മാത്യു (ഇരുവരും യുഎസ്).

## ലീലമ്മ കുര്യാക്കോസ്



**ഡാളസ്:** നീലമ്പേരൂർ (ചിങ്ങവനം) ആലുങ്കൽ സ്കറിയ കുര്യാക്കോസിന്റെ ഭാര്യ ലീലമ്മ കുര്യാക്കോസ് (69) ടെക്സസിലെ (അലൻ) അന്തരിച്ചു. റാന്നി തെക്കേത്ത് കുടുംബാംഗമാണ്. ഇർവിങ് സെ. തോമസ് ക്നാനായ യാക്കോബായ പള്ളിയിലെ സജീവ അംഗമായിരുന്നു. മക്കൾ: മെറിൽ ആലുങ്കൽ, റോബിൻ ആലുങ്കൽ. മരുമക്കൾ: അനു ആലുങ്കൽ, മീഖ ആലുങ്കൽ.

**തിരുവനന്തപുരം:** ശ്രീകാര്യം ലൊയോള റോഡ് ചരിവുപറമ്പിൽ അന്നമ്മ തോമസ് (93) അന്തരിച്ചു.

**മല്ലപ്പള്ളി:** ആനിക്കാട് പാറയ്ക്കൽ പരേതനായ കെ.എ. ചാക്കോയുടെയും ശോശാമ്മ ചാക്കോയുടെയും (റിട്ട. ടീച്ചർ പുതുശേരി) മകൻ എബി ജേക്കബ് (48) അന്തരിച്ചു.

## എൻ.എം. ജോസ്

**കോട്ടയം:** മള്ളൂശേരി നെടിയപ്പള്ളിയിൽ എൻ.എം. ജോസ് (തങ്കച്ചൻ-88) അന്തരിച്ചു. ഭാര്യ കിടങ്ങൂർ തേക്കുംകാട്ടിൽ വത്സമ്മ. മക്കൾ: ജോബി (യുഎസ്), ജോജി (ഓസ്ട്രേലിയ). മരുമക്കൾ: ഷാജി പഴുക്കായിൽ (യുഎസ്), പ്രീതി പാലകുന്നേൽ അരീക്കര (ഓസ്ട്രേലിയ).

## ഏലിയാമ്മ ചെറിയാൻ



**ഡാളസ്:** മുട്ടം ചാങ്ങോത്ത് വടക്കേതിൽ പരേതനായ സി.എം. ചെറിയാന്റെ ഭാര്യ ഏലിയാമ്മ ചെറിയാൻ (ചിന്നമ്മ-87) ടെക്സസിൽ അന്തരിച്ചു. പരേത തുമ്പമൺ പെരുമ്പലത്ത് കിഴക്കതിൽ കുടുംബാംഗമാണ്. മക്കൾ: സണ്ണി ചെറിയാൻ (തുമ്പമൺ), സോമി ലൂക്കോസ് (ഡാളസ്). മരുമക്കൾ: മിനി സണ്ണി (തുമ്പമൺ), യോഹന്നാൻ ലൂക്കോസ് (ബേബിക്കുട്ടി-ഡാളസ്).

**വാരിയാനിക്കാട്:** കണിപറമ്പിൽ കെ.വി. ജോർജിന്റെയും അച്ചാമ്മയുടെയും മകൻ തിടനാട് സർവീസ് സഹകരണ ബാങ്ക് ഭരണസമിതി അംഗം മാർട്ടിൻ ജോർജ് (51) അന്തരിച്ചു.

## സൂസൻ വർഗീസ്

**മല്ലപ്പുഴശേരി:** പുന്നക്കാട് പുത്തേത്ത് കോട്ടുരേത്ത് തെക്കേപുരയിൽ സൂസൻ വർഗീസ് (90) അന്തരിച്ചു. മാങ്ങാനം ചെമ്മരപ്പള്ളിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഏബ്രഹാം വർഗീസ്. മക്കൾ: സുധ, എബി (യുഎസ്). മരുമക്കൾ: ലെനി, മോൻസൺ (യുഎസ്).

**പട്ടിത്താനം:** തിരുവനന്തപുരം മുട്ടട സെന്റ് ആൻസ് കോൺഗ്രിഗേഷൻ സഭാംഗം സിസ്റ്റർ യുജീനിയ മേരി (കത്രിക്കുട്ടി-90) അന്തരിച്ചു.

**പുതുപ്പള്ളി:** വടശ്ശേരിയിലായ പെരുവേലിൽ പരേതനായ പി.ജെ. ജേക്കബിന്റെ ഭാര്യ ശോശാമ്മ ജേക്കബ് (85) അന്തരിച്ചു.

**പൈക:** വിമുക്തഭടൻ വിളക്കുമാടം കൊട്ടാരത്തിൽ വിനോദ് ജേക്കബ് (ബിനു-51) അന്തരിച്ചു.

**കരിക്കോട്ടക്കരി:** തലശ്ശേരി അതിരൂപതയിലെ മുതിർന്ന വൈദികൻ ഫാ. മാണി (ഇമ്മാനുവൽ-93) കണ്ടത്തിൽ അന്തരിച്ചു.

**പാക്കിൽ:** കൃഷിവകുപ്പ് റിട്ട. ഡപ്യൂട്ടി ഡയറക്ടർ അനിലഭവനിൽ പി.ജെ. ദാസപ്പൻ (86) അന്തരിച്ചു.

## മറിയാമ്മ പോൾ

**തൊടുപുഴ:** തെക്കുംഭാഗം കല്ലാനിക്കൽ വന്യംപറമ്പിൽ മറിയാമ്മ പോൾ (96) അന്തരിച്ചു. ഭർത്താവ് പരേതനായ ജോൺ പൈലോ. മക്കൾ: അമ്മിണി (ജർമനി), ജോർജ് (തൊടുപുഴ), ജോയി (റിട്ട. വാട്ടർ അതോറിറ്റി), മേഴ്സി ജോസ്, ബേബി, ഷൈനി, ആൻസി, സോണി (ഇരുവരും യുഎസ്), പരേതരായ ജോൺ, എൽസമ്മ ജോസഫ്. മരുമക്കൾ: കോതമംഗലം വെട്ടിക്കുഴ പുന്നൂസ്, മുട്ടം പാങ്ങിയാംമാക്കൽ ഗ്രേസി, തൊമ്മൻകുത്ത് പാലത്തിങ്കൽ ജോസഫ് ആന്റണി, (റിട്ട. ആർഡിഒ), വാഴക്കുളം ഓലിക്കുന്നേൽ എൽസി തോമസ് (റിട്ട. എച്ച്.എം), മുതലക്കോടം കുരുക്കൂർ ജോൺ, കരിങ്കുന്നം ഈഴക്കുന്നേൽ ജോളി, ചൊവ്വര പുത്തനങ്ങാടി സിസി, ചെങ്കര ചെറായിൽ ബിജു, സണ്ണി മുക്കാട്ട്, പാറമ്പുഴ മുക്കുടിമാലിൽ ദീപ (ഇരുവരും യുഎസ്), പരേതയായ റിറ്റി അമ്പഴക്കാട്ട്.

## ടി.ഒ. ഉമ്മൻ

**ഇരവിപേരൂർ:** തോട്ടപ്പുഴ തുണ്ടിയിൽ ടി.ഒ. ഉമ്മൻ (കുഞ്ഞുമോൻ-79) അന്തരിച്ചു. ഭാര്യ കല്ലൂപ്പാറ കുറ്റിക്കണ്ടത്തിൽ പരേതയായ ശോശാമ്മ ഉമ്മൻ. മക്കൾ: ഡോ. ബെറ്റി എലിസബത്ത് ഉമ്മൻ, ബിജിനി റബേക്ക ഉമ്മൻ (ഇരുവരും യുഎസ്), ഡോ. ബിനിത മേരി ഉമ്മൻ (അസി. പ്രഫ. സെ.മേരീസ് കോളജ് തിരുവല്ല). മരുമക്കൾ: മാത്തിൽ ബോബിവില്ലയിൽ ബോബി ജോൺ, തട്ടാരുഴത്തിൽ അഞ്ചനാട്ട് ബിജു കോശി( ഇരുവരും യുഎസ്), തോട്ടഭാഗം മഞ്ഞാടിയിൽ അഭിലാഷ് ജോർജ്.

**വരിക്കോലി:** വെണ്ണിക്കുളം സെന്റ് ജോർജ് എച്ച്എസ്എസ് റിട്ട. അദ്ധ്യാപിക പാടിയിൽ എം.കെ. അന്നമ്മ (83) അന്തരിച്ചു.

**പായിപ്പാട്:** കണിയാന്ത്ര പരേതനായ ജോർജ് ജോസഫിന്റെ ഭാര്യ മറിയാമ്മ ജോർജ് (കുഞ്ഞുമോൾ-82) അന്തരിച്ചു.

**ചെങ്ങളം:** പണിക്കശ്ശേരിയിൽ ജോസഫ് കുര്യൻ (സാബു-61) അന്തരിച്ചു.

## ഗോപാലകൃഷ്ണൻ നായർ

**റാന്നി:** വരവൂർ മണ്ണേത്ത് ഗോപാലകൃഷ്ണൻ നായർ (79) അന്തരിച്ചു. ഭാര്യ സരസമ്മ. മക്കൾ: സജികുമാർ (യുഎസ്), ശ്രീജ, അഖില (കുവൈറ്റ്). മരുമക്കൾ: ലേഖ നായർ (യുഎസ്), കെ.ജെ. രാജു, സതീഷ് നായർ.

## മേരിക്കുട്ടി തോമസ്

**റാന്നി:** നെല്ലിക്കമൺ ചിറക്കാട്ട് മേരിക്കുട്ടി തോമസ് (86) ബെംഗ്ളൂരുവിൽ അന്തരിച്ചു. ഭർത്താവ് കുമ്പനാട് ചിറ്റേഴത്ത് പരേതനായ എസ്.സി. തോമസ്. മക്കൾ: ആനി ഫിലിപ്പ് (യുഎസ്), റോബി തോമസ്, രാജൻ തോമസ് (ഇരുവരും ബെംഗ്ളൂരു), മോഹൻ തോമസ് (ഹൊസൂർ), ജോസ് തോമസ് (യുഎസ്). മരുമക്കൾ: ജോർജ് ഫിലിപ്പ്, മേഴ്സി റോബി, ബീന രാജൻ, ലൈസ മോഹൻ, അനിത ജോസ്.

**ചെങ്ങളം:** സെ. ആന്റണീസ് എച്ച്എസ്. റിട്ട. ടീച്ചർ കുഴിക്കൊമ്പിൽ ത്രേസ്യാമ്മ മാത്യു (93) അന്തരിച്ചു.

**കടുത്തുരുത്തി:** പാലകര ഏറ്റുമാനൂർക്കാരനായ പങ്കോട്ട് പരേതനായ പി.വി. കുര്യന്റെ ഭാര്യ ലില്ലി (92) അന്തരിച്ചു.

## ശോശാമ്മ ഫിലിപ്പോസ്

**കോതല:** പാടത്തുമാപ്പിള തറക്കുന്നേൽ പരേതനായ ടി.എസ്. ഫിലിപ്പോസിന്റെ ഭാര്യ ശോശാമ്മ ഫിലിപ്പോസ് (കുഞ്ഞുഞ്ഞമ്മ-85) അന്തരിച്ചു. മല്ലപ്പള്ളി പനച്ചിക്കൽ കുടുംബാംഗമാണ്. മക്കൾ: സണ്ണി, പാസ്റ്റർ സജി (അസംബ്ലി ഓഫ് ഗോഡ് സഭ മാവേലിക്കര), സാറാ (യുഎസ്), ജോൺസൺ. മരുമക്കൾ: സെറിൻ പുളിക്കമറ്റത്തിൽ (വേളൂർ), ഫെബിൻ കണിയാംപറമ്പിൽ (ചിങ്ങവനം), ബിജു വരിക്കമാക്കൽ (കറുകച്ചാൽ), ദീപിക പള്ളിത്തറയിൽ (വിളപ്പിൽശാല).

**പനമറ്റം:** ഗവ. ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക കല്ലായിൽ വീട്ടിൽ പി.എസ്. ശാന്തമ്മ (83) അന്തരിച്ചു.

## ഉഷാ സൈമൺ അന്തരിച്ചു



**ടൊറന്റോ:** കൊച്ചി കലൂരിൽ കതൃക്കടവ്, വാദ്ധ്യാർ റോഡിൽ പൊയ്കയിൽ കലംപൊട്ടുവിളയിൽ ഉഷാ സൈമൺ (72) അന്തരിച്ചു. കുണ്ടറ ആറുമുറിക്കട കലംപൊട്ടുവിളയിൽ തോമസ് സൈമൺ ആണ് ഭർത്താവ്. തുമ്പമൺ വടക്കിടത്തു വീട്ടിൽ അന്തരിച്ച വി.സി. തോമസിന്റെയും ചിന്നമ്മയുടെയും മൂത്തമകളാണ്. മക്കൾ: ആൻ ഷേമ ജോയ് (കാനഡ), ഷെറിൻ മീന സോബേഴ്സ് (കൊച്ചി). മരുമക്കൾ: ജോയ് കുരുവിള (കാനഡ), സോബേഴ്സ് ജോർജ് (കൊച്ചി). സഹോദരങ്ങൾ: വത്സാ രാജു, ചെറിയാൻ തോമസ്. ഡിസംബർ 23-ന് ചൊവ്വാഴ്ച 4 മുതൽ പൊതുദർശനവും 24-ന് ബുധനാഴ്ച രാവിലെ 11-ന് കുണ്ടറ ബഥേൽ മാർത്തോമ്മാ പള്ളിയിൽ സംസ്കാരവും നടക്കും.

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

## ഉണ്ണീശോയോടുള്ള പ്രാർത്ഥന



കാലിത്തൊഴുത്തിൽ പിറന്ന ദൈവപുത്രനായ ഉണ്ണീശോയെ ഞങ്ങൾ അവിടുത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അവിടുന്ന് ഞങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്ന എല്ലാവിധ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. നസ്രസ്സിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ഉണ്ണീശോയെ, ദൈവതിരുമനസ്സിന് വിധേയരായി വിശുദ്ധിയിലും വിജ്ഞാനത്തിലും വളരുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളിപ്പോൾ അങ്ങയോട് അപേക്ഷിക്കുന്ന ............... അനുഗ്രഹം സാധിച്ചുതരണമേ. അവിടുത്തെ തിരുഹിതം നിറവേറ്റി ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ ജീവിക്കുവാൻ ഞങ്ങൾക്ക് ശക്തി തരണമേ. ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

*Inserted by: Firm Believer, New York*

## ഉണ്ണീശോയോടുള്ള പ്രാർത്ഥന



കാലിത്തൊഴുത്തിൽ പിറന്ന ദൈവപുത്രനായ ഉണ്ണീശോയെ ഞങ്ങൾ അവിടുത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. അവിടുന്ന് ഞങ്ങൾക്ക് നല്കിക്കൊണ്ടിരിക്കുന്ന എല്ലാവിധ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. നസ്രസ്സിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ഉണ്ണീശോയെ, ദൈവതിരുമനസ്സിന് വിധേയരായി വിശുദ്ധിയിലും വിജ്ഞാനത്തിലും വളരുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളിപ്പോൾ അങ്ങയോട് അപേക്ഷിക്കുന്ന ............... അനുഗ്രഹം സാധിച്ചുതരണമേ. അവിടുത്തെ തിരുഹിതം നിറവേറ്റി ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ ജീവിക്കുവാൻ ഞങ്ങൾക്ക് ശക്തി തരണമേ. ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Dallas*

## *Favors Received*



*Inserted by: Firm Believer, Houston*

## *Favors Received*



*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ



*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**





# 'ഡീയസ് ഈറെ', 'കളങ്കാവൽ', 'ഭഭബ' എന്നീ ചിത്രങ്ങളിലൂടെ മാസ് സിനിമകളുടെ ഭാഗമായ ജിബിൻ ഗോപിനാഥ് സംസാരിക്കുന്നു

'ഡീയസ് ഈറെ'യിൽ പ്രണവിനൊപ്പം പ്രാധാന്യമുള്ള മധുസൂദനൻ പോറ്റി എന്ന കഥാപാത്രം. 'കളങ്കാവലി'ൽ മമ്മൂട്ടിക്കും വിനായകനുമൊപ്പം ആനന്ദ് എന്ന പോലീസ് വേഷം. ദിലീപ് ചിത്രം 'ഭഭബ'യിൽ നിർണായക കഥാപാത്രം. മോഹൻലാലിന്റെ മകൾ വിസ്മയയുടെ ആദ്യചിത്രം 'തുടക്ക'ത്തിലും മോഹൻലാൽ-മമ്മൂട്ടി-മഹേഷ് നാരായണൻ സിനിമ 'പേട്രിയറ്റി'ലും വേഷങ്ങൾ. കരിയറിൽ തുടർച്ചയായി സൂപ്പർതാര, മാസ് സിനിമകളുടെ ഭാഗമാവുകയാണ് ജിബിൻ ഗോപിനാഥ്.

'ഒരു നടനെ സംബന്ധിച്ചിടത്തോളം ജനം തിയറ്ററിൽ കാണുന്ന സിനിമകളിൽ സ്ഥിരമായി വരാനാകുന്നതു വലിയ ഭാഗ്യമാണ്. മമ്മൂട്ടി സാറിനും ലാൽ സാറിനുമൊപ്പം അവസരം കിട്ടുമ്പോൾ ഇന്ന കഥാപാത്രം എന്നൊന്നും നോക്കാതെ സന്തോഷത്തോടെ ചെയ്യും. കാരണം, അതൊക്കെ നമ്മളെ വിളിച്ചു തരുന്ന വേഷങ്ങളാണ്, വലിയ ഭാഗ്യവുമാണ്- ജിബിൻ ഗോപിനാഥ് പറഞ്ഞു.

ഡീയസ് ഈറെയിലെ ഒന്നു രണ്ടു വലിയ നടന്മാരെയാണ് ആദ്യം പരിഗണിച്ചത്. ഗിരീഷ് പുത്തഞ്ചേരി സാറിന്റെ മകൻ ദിൻനാഥാണ് ഒരു ഓപ്ഷൻ എന്ന നിലയ്ക്ക് എന്റെ പേര് ഡയറക്ടർ രാഹുൽ സദാശിവനു നിർദേശിച്ചത്. നേരിട്ടുള്ള കൂടിക്കാഴ്ചയ്ക്കുശേഷം ഞാൻതന്നെ മതിയെന്നു രാഹുൽ ഉറപ്പിച്ചു. എന്നെ താടിയില്ലാതെയാണു ഡയറക്ടർ കണ്ടത്. മിക്ക പടങ്ങളിലും അതാണു ലുക്ക്. ഒരു മാറ്റം എന്ന നിലയ്ക്ക് ഈ കഥാപാത്രത്തിനുവേണ്ടി താടിവളർത്താൻ രാഹുൽ നിർദേശിച്ചു. കഥാപാത്രത്തെക്കുറിച്ചു വായിച്ചു മനസിലാക്കുന്നതിലുപരി മറ്റു തയാറെടുപ്പുകളൊന്നും വേണ്ടെന്നും പ്രത്യേകം പറഞ്ഞു. പ്രണവിനും എനിക്കും മാത്രമാണ് ഷൂട്ടിംഗ് തുടങ്ങുംമുമ്പ് ഫുൾ സ്ക്രിപ്റ്റ് വായിക്കാൻ കിട്ടിയത്. മധുസൂദനൻ പോറ്റിക്ക് കഥാഗതിയിലെ പ്രാധാന്യം തിരക്കഥയിൽനിന്നു ബോധ്യമായി. അതിനോടു നീതിപുലർത്തുന്ന പ്രകടനം പടത്തിൽ ചെയ്യാനായെന്നു കരുതുന്നു.

ഈ പടത്തിന്റെ സെറ്റിലാണ് ആദ്യമായി പ്രണവിനെ നേരിൽ കണ്ടത്. ആദ്യദിവസം തന്നെ ഞങ്ങൾ നല്ല സുഹൃത്തുക്കളായി. പ്രത്യേക ഡിമാൻഡുകളൊന്നുമില്ലാത്ത ഒരു സാധാരണക്കാരൻ, ഒരു നല്ല കൂട്ടുകാരൻ - അതാണു പ്രണവ്. ഞങ്ങളുടെ കഥാപാത്രങ്ങളെക്കുറിച്ചും എങ്ങനെ, ഏതുവരെ ചെയ്യാം, എന്തൊക്കെയാണു പരിമിതികൾ എന്നതും രാഹുൽ കൃത്യമായി പറഞ്ഞുതന്നു. ഇടവേളകളിൽ ഞാനും പ്രണവും സംഭാഷണങ്ങൾ ഇന്ന രീതിയിൽ, ഇത്ര ടൈം ഗ്യാപ്പിൽ എന്നൊക്കെ ശ്രദ്ധിച്ചു പരിശീലിച്ചിരുന്നു. പക്ഷേ, രാഹുൽ ഉദ്ദേശിച്ചത് ആ രീതിയിലല്ലെങ്കിൽ വേണ്ട മാറ്റങ്ങൾ നിർദേശിക്കുമായിരുന്നു.

ഡീയസ് ഈറെയിലെ മധുസൂദനൻ പോറ്റി ഒരു കോൺട്രാക്ടറാണ്. അയാൾക്ക് അമ്മ മാത്രമേയുള്ളൂ. എല്ലാം വളരെ സമാധാനത്തോടെ കണ്ടു പെരുമാറുന്ന ഒരാളാണ്. അയാളുടെ സാഹചര്യങ്ങളും ജീവിതവും അങ്ങനെയാണ്... എന്നൊക്കെ രാഹുൽ പറഞ്ഞിരുന്നു. ഞാനാണ് ആ വേഷം ചെയ്തതെന്ന് എന്നെ അറിയുന്ന ആരും തന്നെ പെട്ടെന്ന് ഉൾക്കൊണ്ടിട്ടില്ല. ഞാൻ കുറച്ചുകൂടി എല്ലാവരോടും സംസാരിക്കുന്നയാളാണ്. എന്തിനോടും പെട്ടെന്നുതന്നെ പ്രതികരിക്കാറുമുണ്ട്. കഥാപാത്രത്തിൽ ആദ്യാവസാനം ഇത്തരമൊരു മാറ്റം കൊണ്ടുവന്നപ്പോൾ എല്ലാവർക്കും അതിശയമായി. ഇത്തരം കഥാപാത്രങ്ങൾ എനിക്ക് ചെയ്തെടുക്കാനാകുമെന്ന വലിയ ആത്മവിശ്വാസമാണ് വാസ്തവത്തിൽ രാഹുൽ തന്നത്. പഴയ വേഷങ്ങളുമായി ഒരു ഛായയും തോന്നിപ്പിക്കാതെ, പുതിയ തരത്തിൽ എനിക്കതു ചെയ്യാനായി എന്നു കേൾക്കുന്നതിൽ സന്തോഷം.

കൊടുമൺ പോറ്റിയുമായി എന്റെ കഥാപാത്രത്തിനുള്ള ബന്ധത്തെപ്പറ്റിയാണ് എല്ലാവരും ചോദിക്കുന്നത്. സിനിമ കഴിഞ്ഞപ്പോഴാണ് അങ്ങനെയൊരു സാധ്യതയുണ്ടല്ലോ എന്നു തോന്നിയത്. അതേപ്പറ്റി സംവിധായകൻ കൂടുതലൊന്നും പറഞ്ഞിട്ടില്ല. ചിലപ്പോൾ ഉണ്ടായേക്കാം. സൈജു കുറുപ്പിന്റെ ജോർജ് എന്ന കഥാപാത്രം മധുസൂദനൻ പോറ്റിയെ വന്നു കാണുന്ന സീൻ 'ഭൂതകാലം' സിനിമയുമായുള്ള ബന്ധമാണെന്ന് എനിക്കു വ്യക്തമായി അറിയാമായിരുന്നു.

'ഭഭബ' യിൽ എനിക്ക് ഏറെ പ്രതീക്ഷയുള്ള വേഷമായിരുന്നു. ദിലീപേട്ടനും ലാൽ സാറുമുള്ള ചിത്രം. വിനീത് ശ്രീനിവാസൻ, ധ്യാൻ, ബാലു വർഗീസ് തുടങ്ങിയവരുമുണ്ട്. വിനീതിന്റെ അസോസിയേറ്റായിരുന്ന ധനഞ്ജയ് ആണു ഡയറക്ടർ. എഴുതിയതു നടൻ ഫാഹിമും ഭാര്യ നൂറിനുമാണ്. ഇരുവരും ഇതിൽ അഭിനയിക്കുന്നുമുണ്ട്. കൂടുതൽ ചിന്തിക്കാനുള്ള കാര്യങ്ങളൊന്നുമില്ല. നമ്മുടെ ബൗദ്ധികശേഷി അളക്കുന്ന സിനിമയുമല്ല. പ്രത്യേകിച്ചു ജോണറൊന്നും പറയാനില്ല. ലോജിക്കിനപ്പുറം മാഡ്നെസ് വിളയാട്ടത്തിന്റെ ഒരു ലോകം.

ഈയടുത്തകാലത്തൊന്നും ഇത്രയും രസകരമായ, പവർഫുൾ സിനിമ വന്നിട്ടില്ലെന്നു പറയാം. തുറന്ന മനസോടെ വന്ന്, രണ്ടു രണ്ടര മണിക്കൂർ വേറെ ടെൻഷനൊന്നുമില്ലാതെയിരുന്നു കാണാൻ പറ്റുന്ന, കുറച്ച് എനർജിയുമായി വീട്ടിലേക്കു മടങ്ങാനാകുന്ന അനുഭവമാകും അത്. ആദ്യാവസാനം ചിരിപ്പിച്ച് കുറച്ച് ആക്ഷൻ സീക്വൻസുകളിലൂടെയാണു കഥാസഞ്ചാരം. നമ്മളെ ത്രില്ലടിപ്പിച്ചിട്ടുള്ള ഒന്നുരണ്ടു പാട്ടുകൾ ഇതിൽ റീമിക്സായി വരുന്നുണ്ട്. അവയിൽ ലാൽ സാറും ദിലീപേട്ടനുമൊക്കെയുള്ള പാട്ടുകളുമുണ്ട്.

'കളങ്കാവി'ലിൽ മമ്മൂട്ടി സാർ തന്നെയാണ് എന്നെ പടത്തിലേക്കു വിളിച്ചത്. വിനായകൻ ചേട്ടനും മമ്മൂക്കയ്ക്കുമൊപ്പം ആദ്യാവസാനമുള്ള കഥാപാത്രം. യൂണിഫോമില്ലാത്ത പോലീസ് വേഷം, സ്പെഷൽ ബ്രാഞ്ച് ഉദ്യോഗസ്ഥൻ ആനന്ദ്. ഏറെ രസകരമായി സംസാരിക്കുന്ന, നമ്മളെ വളരെ കൂളാക്കുന്ന നല്ല ഒരു മനുഷ്യനാണു വിനായകൻ ചേട്ടൻ. അദ്ദേഹവുമായി നല്ല അടുപ്പമായി. മമ്മൂട്ടി സാർ എപ്പോഴും സെറ്റിലുണ്ടാവും. അടുത്തു സംസാരിച്ചും കാര്യങ്ങൾ ചോദിച്ചും പറഞ്ഞും... അങ്ങനെ അദ്ദേഹത്തോടൊപ്പം 45 ദിവസങ്ങൾ. നമ്മൾ ചെറിയ പ്രായംതൊട്ടു കണ്ടുവരുന്ന മമ്മൂട്ടി സാർ. തന്റെ കഴിവു തെളിയിച്ച വിനായകൻ ചേട്ടൻ. ഇവർക്കൊപ്പം സീനിൽ



നിൽക്കാനായതുതന്നെ വലിയ അനുഭവമാണ്, ഭാഗ്യമാണ്.

ഒരിക്കലും പോലീസ് വേഷം എനിക്ക് അനായാസമായി തോന്നാറില്ല. ഞാൻ ചെയ്തിരുന്ന ജോലിയിലെ പോലീസുകാരനല്ല സിനിമയിലെ പോലീസുകാരൻ. നമ്മൾ എത്രതന്നെ സാമാന്യവത്കരിച്ചു കാണിച്ചാലും ഒറിജിനൽ പോലീസുകാരനെ സിനിമയിൽ കൊണ്ടുവരാൻ ബുദ്ധിമുട്ടാണ്. മാത്രമല്ല സീനിൽ ഒറിജിനൽ പോലീസുകാരനായി നിൽക്കാനും എനിക്കു ബുദ്ധിമുട്ടാണ്.

ജോലിയിൽനിന്നും അഭിനയത്തിനായി എടുത്ത അഞ്ച് വർഷത്തെ ലീവിൽ രണ്ടു കൊല്ലം കഴിഞ്ഞു. ഡീയസ് ഈറെ, കളങ്കാവൽ, ഭഭബ... ഇവയുടെ അടുത്തടുത്തുള്ള റിലീസ് എനിക്കു നല്ല രീതിയിൽ റീച്ച് നല്കുന്നുണ്ട്. ഒരു ആർട്ടിസ്റ്റെന്ന നിലയിൽ നല്ല കഥാപാത്രങ്ങൾക്കുവേണ്ടി ഇപ്പോൾ പലരും വിളിക്കുന്നതിൽ സന്തോഷം. എനിക്കു ചെയ്യാൻ പറ്റുന്ന തരത്തിലുള്ള വേഷങ്ങൾ ചെയ്തു നല്ല സിനിമകളുടെ ഭാഗമായി ഇവിടെ തുടരണമെന്നാണ് ആഗ്രഹം. ഈസ്റ്റ് കോസ്റ്റ് വിജയന്റെ 'ഭീഷ്മർ', അരുൺലാൽ രാമചന്ദ്രന്റെ 'സുഖമാണോ സുഖമാണ്', സുനിൽ ഇബ്രാഹിമിന്റെ 'തേഡ് മർഡർ' എന്നിങ്ങനെ ഞാൻ ഭാഗമായ സിനിമകൾ റിലീസിനൊരുങ്ങുന്നു. ലിയോണയ്ക്കൊപ്പം ഞാൻ പ്രധാന വേഷം ചെയ്ത മിഥുൻ മാനുവൽ തോമസിന്റെ ആദ്യത്തെ ഹോട്ട്സ്റ്റാർ വെബ് സീരീസ് 'അണലി' റിലീസിനൊരുങ്ങി.


ഇപ്പോൾ ഞാൻ അഭിനയിക്കുന്നത് ജൂഡ് ആന്റണി സാറിന്റെ 'തുടക്കം' എന്ന സിനിമയിലാണ്. അതിൽ പ്രണവിന്റെ സഹോദരി, ലാൽ സാറിന്റെ മകളാണു നായിക. എല്ലാത്തരം പ്രേക്ഷകർക്കും വർക്കാകുന്ന രസകരമായ ഒരു പ്രമേയം. അതിൽ ഒരു നല്ല വേഷം ചെയ്യുന്നുണ്ട്. ആശീർവാദാണു നിർമാണം. ആന്റണിച്ചേട്ടന്റെ മകൻ ആശിഷ് ആന്റണി ഒരു പ്രധാന വേഷത്തിലെത്തുന്നു. മഹേഷ് നാരായണൻ സാറിന്റെ 'പേട്രിയറ്റാ'ണ് ഇപ്പോൾ ഞാൻ അഭിനയിക്കുന്ന മറ്റൊരു സിനിമ.

ലാലേട്ടനും മമ്മൂക്കയും കുഞ്ചാക്കോ ബോബനും ഫഹദ് ഫാസിലുമൊക്കെയുള്ള വൻ ബജറ്റ് പടം. പുതിയ രണ്ടു മൂന്നു സിനിമകൾ ചർച്ചകളിലാണ്.




# അടിനാശം വെള്ളപ്പൊക്കം പ്രദർശനത്തിനെത്തി

സൂര്യഭാരതി ക്രിയേഷൻസിന്റെ ബാനറിൽ മനോജ് കുമാർ കെ.പി. നിർമ്മിച്ച്, അടി കപ്യാരെ കൂട്ടമണി, ഉറിയടി എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്ത എ.ജെ. വർഗീസ് ഒരുക്കുന്ന അടിനാശം വെള്ളപ്പൊക്കം സിനിമയിലെ പുതിയ ഗാനം പുറത്തിറങ്ങി. ലിറിക്കൽ ആയി പുറത്തിറങ്ങിയ ഭൂകമ്പം എന്ന ഗാനത്തിന് സംഗീത സംവിധാനം നിർവഹിച്ചത് ഇലക്ട്രോണിക് കിളിയാണ്. മുത്തുവിന്റെ വരികൾ ആലപിച്ചത് ഇലക്ട്രോണിക് കിളിയും വിഷ്ണുദാസും ചേർന്നാണ്. ഇതിനു മുൻപ് പുറത്തിറങ്ങിയ ചിത്രത്തിലെ 'ലക്ക ലക്ക' എന്ന ഗാനം ട്രെൻഡിങ്ങിൽ തുടരുകയാണ്. ഒരിടവേളയ്ക്കുശേഷം സുരേഷ് പീറ്റേഴ്സ് മ്യൂസിക്കൽ ആയി പുറത്തുവന്ന ഗാനം എനർജെറ്റിക് ബീറ്റ്, ഈ സി-ടു ഹം ഫീൽ എന്നിവയാൽ ഉടനടി ട്രെൻഡായി മാറുകയായിരുന്നു. 12- ന് ചിത്രം പ്രദർശനത്തിനെത്തി.




കാമ്പസ് ജീവിതം എങ്ങനെ ആഘോഷമാക്കാം എന്നു കരുതുന്ന ഒരു സംഘം വിദ്യാർത്ഥികളുടെ ജീവതത്തിനിടയിൽ അരങ്ങേറുന്ന സംഭവവികാസങ്ങളാണ് ചിത്രത്തിലൂടെ പറയുന്നത്. ഷൈൻ ടോം ചാക്കോ, ബൈജു സന്തോഷ്, ബാബു ആന്റണി, അശോകൻ, പ്രേംകുമാർ, മഞ്ജു പിള്ള, ജോൺ വിജയ്, ശ്രീകാന്ത് വെട്ടിയാർ, വിനീത് മോഹൻ, രാജ് കിരൺ തോമസ്, സജിത്ത് തോമസ്, സഞ്ജയ് തോമസ്, പ്രിൻസ്, ലിസബേത് ടോമി തുടങ്ങിയവർ ചിത്രത്തിൽ പ്രധാന വേഷങ്ങളിലെത്തുന്നു.

പ്രൊജക്ട് ഡിസൈനർ- ആർ. ജയചന്ദ്രൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ്- എസ്. ബി. മധു, താര അതിയാടത്ത്, ഛായാഗ്രഹണം- സൂരജ് എസ്. ആനന്ദ്, എഡിറ്റർ- കാ.കാ, കലാ സംവിധാനം- ശ്യം, വസ്ത്രാലങ്കാരം- സൂര്യശേഖർ, ഗസ്റ്റ് മ്യൂസിക് ഡയറക്ടർ- സുരേഷ് പീറ്റേഴ്സ്, രാമ കൃഷ്ണൻ ഹരീഷ്, സൗണ്ട് മിക്സിങ്- ജിജുമോൻ ടി. ബ്രൂസ്, കളറിസ്റ്റ്- ലിജു പ്രഭാകർ, ഗാനരചന- ടിറ്റോ പി. തങ്കച്ചൻ, മുത്തു, ഇലക്ട്രോണിക് കിളി, സുരേഷ് പീറ്റേഴ്സ്, വിജയാനന്ദ്, ആരോമൽ ആർ വി, മേക്കപ്പ്- അനിൽ കുമാർ കെ.സി, പ്രൊഡക്ഷൻ കൺട്രോളർ- സേതു അടൂർ, ക്രിയേറ്റീവ് പ്രൊഡ്യൂസർ-ജെമിൻ ജോം അയ്യനേത്.

ആക്ഷൻ-തവാസി രാജ് മാസ്റ്റർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ- ഷഹദ് സി, സ്റ്റീൽസ്- റിഷാജ് മുഹമ്മദ്, ബോയക് അജിത് കുമാർ, ജിത്തു ഫ്രാൻസിസ്, വിതരണം- ശ്രീപ്രിയ കോംബിൻസ്.

# 'പെണ്ണും പൊറാട്ടും' ചലച്ചിത്രമേളയിൽ

പ്രശസ്ത നടൻ രാജേഷ് മാധവൻ ആദ്യമായി സംവിധാനം ചെയ്ത 'പെണ്ണും പൊറാട്ടും' കേരളാ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിൽ. മലയാളം സിനിമ ടുഡേ എന്ന വിഭാഗത്തിലാണ് ചിത്രം ഐഎഫ്എഫ്കെയിൽ പ്രദർശനത്തിനെത്തുന്നത്. മൂന്നു തവണയാണ് ചിത്രം ഇവിടെ പ്രദർശിപ്പിക്കുക.

രവിശങ്കറിന്റെ തിരക്കഥയിൽ, രാജേഷ് മാധവൻ സംവിധാനം ചെയ്ത ചിത്രം, 2026 ജനുവരിയിൽ തിയറ്ററുകളിൽ എത്തും. ഗോവയിൽ നടന്ന ഇന്ത്യൻ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ആയിരുന്ന കഴിഞ്ഞമാസം ഈ ചിത്രത്തിന്റെ പ്രീമിയർ അരങ്ങേറിയത്. ഗോവയിൽ വലിയ പ്രേക്ഷക പിന്തുണയോടെയാണ് ചിത്രത്തിന്റെ പ്രീമിയർ നടന്നത്. വലിയ പ്രശംസയാണ് അവിടെ ചിത്രം സ്വന്തമാക്കിയത്. ഗാല പ്രീമിയർ വിഭാഗത്തിൽ ഒട്ടേറെ മികച്ച അന്തർദ്ദേശീയ, രാജ്യന്തര ചലച്ചിത്രങ്ങൾക്കൊപ്പം ഈ വിഭാഗത്തിൽ ഈ വർഷം പ്രദർശിപ്പിച്ച ഒരേയൊരു മലയാള സിനിമയാണ് പെണ്ണും പൊറാട്ടും.






സാമൂഹിക- ആക്ഷേപ ഹാസ്യം എന്ന ജോണറിൽ ഒരുക്കിയ ചിത്രത്തിൽ, സുട്ടു എന്ന നായരും നൂറോളം പുതുമുഖ അഭിനേതാക്കളും പരിശീലനം ലഭിച്ച നാനൂറിലധികം മൃഗങ്ങളും ആണ് അഭിനയിച്ചിരിക്കുന്നത്. പട്ടട എന്ന ഗ്രാമത്തിലാണ് ചിത്രത്തിന്റെ കഥ നടക്കുന്നത്.

ഗോപാലൻ മാസ്റ്റർ, ചാരുലത, ബാബുരാജ്, ബാബു രാജിന്റെ നായയായ സുട്ടു എന്നീ കഥാപാത്രങ്ങളെ ചുറ്റിപ്പറ്റിയാണ് ചിത്രത്തിന്റെ കഥ വികസിപ്പിക്കുന്നത്. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള ബന്ധവും ചിത്രത്തിന്റെ ഇതിവൃത്തത്തിന്റെ ഭാഗമാണ്.


ഛായാഗ്രഹണം- സബിൻ ഊരാളിക്കണ്ടി, സംഗീതം- ഡോൺ വിൻസന്റ്, ചിത്രസംയോജനം-ചമൻ ചാക്കോ, കോ-പ്രൊഡ്യൂസർ- ഷെറിൻ റേച്ചൽ സന്തോഷ്, പ്രൊഡക്ഷൻ കൺട്രോളർ-ബെന്നി കട്ടപ്പന, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ- അരുൺ സി.തമ്പി, സൗണ്ട് ഡിസൈനർ- ശ്രീജിത്ത് ശ്രീനിവാസൻ, കലാസംവിധാനം- വിനോദ് പട്ടണക്കാടൻ, മേക്കപ്പ്- റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം- ടിനോ ഡേവിസ് ഡാൻഡ് വിശാഖ് സനൽ കുമാർ, പിആർഒ-വൈശാഖ് വടക്കേവീട് ആൻഡ് ജിജു അനിൽകുമാർ, പോസ്റ്റർ ഡിസൈൻസ്- സർക്കാസനം.

# 'വവ്വാൽ' പൂർത്തിയായി

മലയാളത്തിലെ ആദ്യ പാൻ ഇന്ത്യൻ സിനിമയായ വവ്വാൽ കുട്ടിക്കാനത്ത് ഷൂട്ടിങ് പൂർത്തിയാക്കി. സൗത്ത് ഇന്ത്യൻ സംസ്ക്കാരവും നോർത്ത് ഇന്ത്യൻ സംസ്ക്കാരവും സമന്വയിപ്പിച്ച് നിർമിക്കുന്ന വവ്വാൽ ഒരു പോയട്രിക്കൽ ആക്ഷൻ ത്രില്ലർ ചിത്രമാണ്. താരനിരയിൽ തന്നെ വളരെ ശ്രദ്ധേയമായ ഈ ബിഗ് ബജറ്റ് ചിത്രത്തിന്റെ ഓരോ അപ്ഡേഷനും വളരെ ശ്രദ്ധേയമായിരുന്നു.

പ്രശസ്ത ബോളിവുഡ് നടൻഅഭിമന്യു സിംഗ്, മകരന്ദ് ദേശ്പാണ്ഡേ എന്നിവർ വർക്കൊപ്പം ലെവിൻ സൈമൺ, നായിക ലക്ഷ്മി ചപോർക്കർ എന്നിവരെ പ്രധാനകഥാപാത്രങ്ങളാക്കി ഓൺഡിമാന്റസിന്റെ ബാനറിൽ ഷാഹ്മോൻ ബി. പാറേലിൽ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് വവ്വാൽ.

പ്രവീൺ- മെറിൻ (ഗില്ലാപ്പികൾ) മുത്തു കുമാർ, ഗോകുലൻ, സുധി കോപ്പ, മണികണ്ഠൻ ആചാരി, ദിനേശ് ആലപ്പി, മൻരാജ് തുടങ്ങി മുപ്പതോളം താരങ്ങൾ ഈ ചിത്രത്തിലുണ്ട്. പ്രൊഡ്യൂസർ- ഷാമോൻ പിബി, കോ-പ്രൊഡ്യൂസർ- സുരീന്ദർ യാദവ്, ഛായാഗ്രഹണം- മനോജ് എം.ജെ, പ്രൊഡക്ഷൻ ഡിസൈനർ- ജോസഫ് നെല്ലിക്കൽ, എഡിറ്റർ- ഫാസിൽ പി ഷഹ് മോൻ, സംഗീതം ജോൺസൺ പീറ്റർ, ഗാനരചന- പിബി എസ്, സുധാംശു, പ്രൊഡക്ഷൻ കൺട്രോളർ- അനിൽ മാത്യു, മേക്കപ്പ്- സന്തോഷ് വെൺപകൽ, കോസ്റ്റ്യൂം ഡിസൈനർ- ഭക്തൻ മങ്ങാട്, സംഘട്ടനം നോക്കൗട്ട് നന്ദ, ചീഫ് അസോസിയേറ്റ്- ആഷിഖ് ദിൽജിത്ത്, പിആർഒ- എഎസ് ദിനേശ്, സതീഷ് എരിയാളത്ത്, സ്റ്റിൽസ്- രാഹുൽ തങ്കച്ചൻ, ഡിജിറ്റൽമാർക്കറ്റിംഗ്- ഒപ്പറ, ഹോട്ട് ആന്റ് സോർ, ഡിസൈൻ- കോളിൻസ് ലിയോഫിൽ.




## ഇന്റർനാഷണലുകളാകുന്ന റീജിയണൽ സിനിമ

റീജിയണൽ സിനിമകളാണ് ഇപ്പോൾ ഇന്റർനാഷണലുകളാകുന്നത്. മധുരയിലും മലപ്പുറത്തും മാണ്ഡ്യയിലും മചിലിപട്ടണത്തിലുംനിന്ന് വരുന്ന സിനിമകളാണ് യഥാർത്ഥത്തിൽ ദേശീയ സാംസ്കാരിക അടയാളങ്ങൾ. ഭാഷയുടെ അതിർവരമ്പുകൾ ഭേദിച്ച് അത്തരം സിനിമകളെല്ലാം ലോകത്തിന്റെ വിവിധ കോണുകളിലെത്തുന്നുണ്ട്.

ദക്ഷിണ കർണാടകയുടെ വേരുകളിൽ ആഴ്ന്നിറങ്ങി കഥ പറഞ്ഞ 'കാന്താര' രാജ്യത്തെ മുഴുവൻ കോരിത്തരിപ്പിച്ചു. മലയാളത്തിലെ മിസ്റ്ററി ത്രില്ലറായ 'ദൃശ്യം' ഒരു സാധാരണക്കാരന്റെ അസാധാരണ പവറുകൾ എന്തൊക്കെയാണെന്ന് കാണിച്ച സിനിമ. അത് അനായാസമായി ഭാഷകളുടെ അതിർത്തികൾ താണ്ടി.

മുംബൈ മുതൽ മലേഷ്യവരെ പുഷ്പ, ബാഹുബലി പോലെയുള്ള തെലുങ്ക് ചിത്രങ്ങളിലെ ഡയലോഗുകൾ നിത്യോപയോഗ വാക്കുകളായി മാറി.

# തെരുവുനായ ആക്രമണം ചെറുക്കാൻ സ്കൂൾ കുട്ടികൾക്ക് പരിശീലനം

കൊച്ചി: തെരുവുനായ ആക്രമണമുണ്ടായാൽ നേരിടാൻ കഴിയുംവിധം കേരളത്തിലെ 4,200 സ്കൂളുകളിലെ കുട്ടികൾക്കു പ്രത്യേക പരിശീലനം നൽകാൻ തീരുമാനം. മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്ഥാപനങ്ങളും ചേർന്നാണു പരിശീലനം നൽകുന്നത്.

മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടർമാരുടെയും നോഡൽ ഓഫീസർമാരുടെയും സംയുക്ത സംരംഭമായാണു പരിശീലന പദ്ധതി നടപ്പാക്കുക. തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറി വിളിച്ച യോഗത്തിലാണു തീരുമാനം.

പരിസരം വൃത്തിയാക്കാനായി എല്ലാ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും നോഡൽ ഓഫീസറെ ചുമതലപ്പെടുത്തും. കൂടുതൽ അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) സെന്ററുകൾ ആരംഭിക്കും. എബിസി കേന്ദ്ര നിയമമായതിനാൽ അതു ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടു കേന്ദ്രത്തെ സമീപിക്കാനും യോഗം തീരുമാനിച്ചു.

നടപ്പാക്കാൻ തീരുമാനിച്ച കാര്യങ്ങൾ റിപ്പോർട്ടായി സുപ്രീംകോടതിയെ അറിയിക്കും. ഇന്ത്യയിൽ വർധിച്ചുവരുന്ന തെരുവുനായ പ്രശ്നം ഗൗരവതരമായി പരിഗണിക്കാത്തതിനു കഴിഞ്ഞമാസം കേരളമുൾപ്പെടെയുള്ള ഏതാനും സംസ്ഥാനങ്ങളെ സുപ്രീംകോടതി രൂക്ഷമായി വിമർശിച്ചിരുന്നു. എട്ടാഴ്ചക്കുള്ളിൽ ഈ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാനും നിർദേശിച്ചിരുന്നു. ഇതേതുടർന്നാണു യോഗം വിളിച്ചത്.

മൃഗാശുപത്രികളിലെ പേപ്പട്ടി വാക്സിൻ ക്ഷാമം അടിയന്തരമായി പരിഹരിച്ചു പൂർണ്ണ സജ്ജമാക്കാനും തീരുമാനിച്ചു. ഇതിനായി അഭ്യുദയകാംക്ഷികളുടെ യോഗം സ്ഥിരമായി വിളിച്ചു ചേർക്കും. തദ്ദേശവകുപ്പിന്റെ നേതൃത്വത്തിൽ തെരുവുനായ വിഷയത്തിനായി പ്രത്യേക പോർട്ടൽ ആരംഭിക്കും. ഇതുവഴി പരാതികൾ സ്വീകരിച്ചു പരിഹാരം കണ്ടെത്തും.

തീരുമാനങ്ങൾ ഉടനടി നടപ്പാക്കുമെന്നു സുപ്രീംകോടതിയെ അറിയിക്കാനും യോഗം തീരുമാനിച്ചു. തദ്ദേശവകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണു മറുപടി റിപ്പോർട്ട് സമർപ്പിക്കുക. കഴിഞ്ഞയാഴ്ച കേസ് വന്നെങ്കിലും ബെഞ്ചിനു സമയം ലഭിക്കാതെ മാറ്റുകയുമായിരുന്നു. കേസ് അടുത്തമാസം 13-നു വീണ്ടും പരിഗണിക്കും.

# ഡ്രോഗ് പാരഷൂട്ടിന്റെ പരീക്ഷണം വിജയം

തിരുവനന്തപുരം: ബഹിരാകാശത്തു നിന്ന് ഗഗൻയാൻ യാത്രികരെ ഭൂമിയിലേക്ക് സുരക്ഷിതമായി ഇറക്കാൻ സഹായിക്കുന്ന ഡ്രോഗ് പാരഷൂട്ട് പരീക്ഷണം വിജയമായി. ചണ്ഡിഗഡിൽ ടെർമിനൽ ബാലിസ്റ്റിക് റിസർച്ച് ലബോറട്ടറിയുടെ (ടിബിആർഎൽ) റെയിൽ ട്രാക്ക് റോക്കറ്റ് സ്ലെഡ് (ആർടിആർഎസ്) എന്ന അതിവേഗ റോക്കറ്റ് പരീക്ഷണ സംവിധാനത്തിലായിരുന്നു പരീക്ഷണം.



ബഹിരാകാശ യാത്രികരുമായി ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് തിരികെയെത്തുന്ന പേടകത്തിന്റെ വേഗം കുറയ്ക്കാൻ വിന്യസിക്കുന്ന ഡ്രോഗ് പാരഷൂട്ടുകൾ ചെറുതും കരുത്തുറ്റതുമാണ്. അതിവേഗം ഭൂമിയിലേക്കു പതിക്കുന്ന ബഹിരാകാശ പേടകത്തിന്റെ ആദ്യത്തെ ബ്രേക്ക് ആയിരിക്കും ഇവ. പേടകത്തിനു സ്ഥിരത നല്കി പ്രധാന പാരഷൂട്ടുകൾക്കു സുരക്ഷിതമായി തുറക്കാൻ പാകത്തിനു വേഗം കുറയ്ക്കുന്ന ഡ്രോഗ് പാരഷൂട്ടുകൾ ഇല്ലെങ്കിൽ അതിമർദ്ദം കാരണം പ്രധാന പാരഷൂട്ടുകൾ കീറിപ്പോകാനിടയുണ്ട്.

ഗഗൻയാൻ പേടകത്തിൽ നാല് വ്യത്യസ്ത തരത്തിലുള്ള പത്ത് പാരഷൂട്ടുണ്ട്. പാരഷൂട്ടുകളെ മൂടുന്ന സംരക്ഷണ അടപ്പ് നീക്കുന്ന രണ്ട് എപെക്സ് കവർ പാരഷൂട്ടി, രണ്ട് ഡ്രോഗ് പാരഷൂട്ട്, പ്രധാന പാരഷൂട്ടുകളെ വലിച്ചു പുറത്തെത്തിക്കുന്ന രണ്ട് പൈലറ്റ് പാരഷൂട്ട്, പേടകത്തെ സുരക്ഷിതമായി കടലിൽ ഇറക്കുന്ന മൂന്ന് പ്രധാന പാരഷൂട്ട് എന്നിവയാണവ.

പേടകത്തിന്റെ അതിവേഗത്തിലുള്ള സഞ്ചാരത്തിനു സമാനമായ സാഹചര്യം ആർടിആർഎസ് ഉപയോഗിച്ച് കൃത്രിമമായി ഒരുക്കിയാണ് പരീക്ഷണം നടത്തിയത്. അതിവേഗാവസ്ഥയിൽ പ്രവർത്തനക്ഷമത മാറുന്ന സാഹചര്യങ്ങളിലെ പ്രകടനം, പെട്ടെന്ന് വേഗം കുറയുമ്പോഴുള്ള ഘടനാപരമായ കരുത്ത് തുടങ്ങിയവ അളക്കാനായി. മനുഷ്യർ ഉൾപ്പെടുന്ന ഗഗൻയാൻ ദൗത്യത്തിൽ പിഴവിനുള്ള വിദൂരസാധ്യത പോലും ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്. ഈ വിജയത്തോടെ പാരഷൂട്ട് സംവിധാനം മനുഷ്യദൗത്യത്തിനു യോജിച്ചത് (ഹ്യൂമൻ റേറ്റിങ്) എന്ന സർട്ടിഫിക്കേഷനിലേക്കും അടുത്തു. ഐഎസ്ആർഒ, ഡിആർഡിഒ സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ ചേർന്നാണ് പരീക്ഷണം നടത്തിയത്.

## പി.എം കൗശൽ വികാസ് യോജനയിലും ക്രമക്കേടെന്ന് സിഎജി

ന്യൂഡൽഹി: യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാൻ സ്റ്റൈപ്പെൻഡ് ഉൾപ്പെടെ നല്കി നൈപുണ്യപരിശീലനം നല്കുന്നതിനുള്ള പ്രധാനമന്ത്രി കൗശൽ വികാസ് യോജനയിൽ വ്യാപക ക്രമക്കേടെന്ന് കൺട്രോൾ ആൻഡ് ഓഡിറ്റർ ജനറൽ (സിഎജി). പരിശോധനയ്ക്കെടുത്ത 171 കേസുകളിൽ 131-ലും ഒരേ പരിശീലന കേന്ദ്രത്തിന്റെയും ആളുകളുടെയും ഇ-മെയിൽ വിലാസമെന്നും കേന്ദ്രങ്ങളിൽ പലതും പ്രവർത്തിക്കുന്നില്ലെന്നും കണ്ടെത്തി.

യുപി, ബിഹാർ, മഹാരാഷ്ട്ര, രാജസ്ഥാൻ സംസ്ഥാനങ്ങളിൽ ഒട്ടേറെ ഉപഭോക്താക്കളുടെ അപേക്ഷകളിൽ പതിപ്പിച്ചത് ഒരേ ഫോട്ടോ. ക്രമക്കേടുകൾ കാരണം പദ്ധതി ഗുണഭോക്താക്കളിൽ 34 ലക്ഷം പേർക്കുള്ള പദ്ധതി വിഹിതം തടഞ്ഞുവെച്ചു. പദ്ധതി ആരംഭിച്ച 2015 ജൂലൈ മുതൽ 2022 വരെയുള്ള നടത്തിപ്പാണ് സിഎജി പരിശോധിച്ചത്. 2015-16, 2016-20, 2021-22 എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കിയത്. 1.32 കോടി യുവാക്കൾക്ക് പരിശീലനം നല്കുന്നതിനായി ഏഴു വർഷത്തിനിടയിൽ 14450 കോടി രൂപ കേന്ദ്രം ചെലവഴിച്ചു.

## രാഷ്ട്രപതി ഒപ്പിട്ടു

(3-ാം പേജിൽനിന്നും)

ഇന്ത്യയിലെ ദരിദ്രരുടെ ക്ഷേമത്തിൽ ബില്ല് സുപ്രധാന പങ്ക് വഹിക്കുമെന്നാണ് ബില്ലിന്മേലുള്ള ചർച്ചകൾക്കു മറുപടിയായി കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പാർലമെന്റിനെ അറിയിച്ചത്.

2005-ൽ യുപിഎ സർക്കാർ ആരംഭിച്ച എംജിഎൻആർഇജിഎ (മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി) 20 വർഷം പൂർത്തിയാകുന്ന സാഹചര്യത്തിലാണ് പരിഷ്കരണം എന്നപേരിൽ പുതിയ നിയമം കേന്ദ്രർക്കാർ കൊണ്ടുവന്നത്.

പൂർണമായും കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു എംജിഎൻആർഇജിഎ. വേതനത്തിന്റെ 100 ശതമാനവും കേന്ദ്രമാണു വഹിച്ചിരുന്നത്. എന്നാൽ പുതിയ ബിൽപ്രകാരം വേതനത്തിന്റെ 60 ശതമാനം കേന്ദ്രവും 40 ശതമാനം സംസ്ഥാന സർക്കാരുകളും വഹിക്കണം. കേന്ദ്രഭരണ പ്രദേശങ്ങളിൽ 100 ശതമാനവും കേന്ദ്രം വഹിക്കും.

എംജിഎൻആർഇജിഎ പ്രകാരം ഗ്രാമീണമേഖലകളിലെ തൊഴിലാളികൾക്ക് 100 ദിവസത്തെ തൊഴിലാണ് ഉറപ്പ് നൽകിയിരുന്നത്. പുതിയ ബിൽപ്രകാരം 125 ദിവസത്തെ തൊഴിൽ ഉറപ്പുനൽകുന്നു. ജോലി പൂർത്തിയായതിനുശേഷം 15 ദിവസത്തിനുള്ളിൽ വേതനം നൽകണമെന്നും സമയപരിധി പാലിക്കാത്തപക്ഷം തൊഴിൽരഹിത വേതനത്തിനും ബില്ലിൽ വ്യവസ്ഥയുണ്ട്.

ജലസുരക്ഷ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ, ഉപജീവന അടിസ്ഥാന സൗകര്യങ്ങൾ, ദുരന്ത പ്രതിരോധം എന്നിങ്ങനെ നാലു വിഭാഗങ്ങളായി തിരിച്ചായിരിക്കും പദ്ധതിപ്രകാരം ജോലി നിശ്ചയിക്കുക. സുതാര്യത ഉറപ്പാക്കാൻ ബയോമെട്രിക്സ്, ജിയോടാഗിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തും. പരാതിപരിഹാരത്തിനും വിവിധ തലങ്ങളിൽ വ്യവസ്ഥയുണ്ട്.

# പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ എഞ്ചിനീയറിങ് കോളജ് റോക്കറ്റ് വിക്ഷേപിച്ചു



പീരുമേട്: മാർ ബസേലിയോസ് ക്രിസ്ത്യൻ കോളജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജിയിലെ വിദ്യാർത്ഥികൾ നിർമിച്ച റോക്കറ്റ് 'ബസേലിയൻ 01' വിക്ഷേപിച്ചു. സമുദ്രനിരപ്പിൽനിന്ന് 1800 മീറ്റർ ഉയരത്തിലെത്തുകയായിരുന്നു ലക്ഷ്യം. 1601 മീറ്റർ വരെ റോക്കറ്റ് ഉയർന്നു. വിക്ഷേപണം വിജയകരമാണെന്നു കോളജ് അധികൃതർ അറിയിച്ചു.

പീരുമേട് കുന്നുകളുടെ എയറോസോൾ (വാതകത്തിൽ കലർന്നിരിക്കുന്ന ഖര-ദ്രാവക കണികകളുടെ മിശ്രിതം) ഗുണങ്ങൾ പഠിക്കുക, വിളവു നിരീക്ഷിച്ച് ഉൽപാദനം വർധിപ്പിക്കാനുള്ള മാർഗങ്ങൾ പഠിക്കുക, കാലാവസ്ഥാ വ്യതിയാനം വിലയിരുത്തുക എന്നിവയാണ് ലക്ഷ്യം. ഇവയിലൂടെ സുഗന്ധവ്യഞ്ജന കൃഷി മെച്ചപ്പെടുത്താനുള്ള വഴികൾ കണ്ടെത്തുകയാണ് റോക്കറ്റ് വിക്ഷേപണത്തിലൂടെ വിദ്യാർത്ഥികളും അധ്യാപകരും അടങ്ങുന്ന സംഘം ലക്ഷ്യമിട്ടത്.

തദ്ദേശീയമായി നിർമിച്ചതായിരുന്നു ലോഞ്ച് പ്ലാറ്റ്ഫോം. ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, മെക്കാനിക്കൽ, കംപ്യൂട്ടർ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, സിവിൽ എഞ്ചിനീയറിംഗ് എന്നീ വിവിധ ശാഖകളിലെ നൂറോളം വിദ്യാർത്ഥികളും ഫാക്കൽറ്റി അംഗങ്ങളും ചേർന്നുള്ള പരിശ്രമത്തിന്റെ ഫലമാണ് നേട്ടം. ഐഎസ്ആർഒ മുൻ ശാസ്ത്രജ്ഞനും കോളജ് ഗവേഷണ വിഭാഗം ഡീനുമായ ഡോ. ഉമ്മൻ തരകന്റെ നേതൃത്വത്തിലാണു റോക്കറ്റ് നിർമാണം പൂർത്തിയാക്കിയത്.

## ശ്രീനിവാസൻ ഓർമയായി

(3-ാം പേജിൽനിന്നും)

അദ്ദേഹത്തിന്റെ 'മേള' എന്ന സിനിമയിൽ അഭിനയിക്കാൻ അവസരവും നൽകി. ശ്രീനിവാസൻ വർഷങ്ങളായി ജൈവക്യഷിയുടെ പ്രചാരകൻകൂടിയാണ്. ഏക്കറുകണക്കിന് പാടശേഖരം പാട്ടത്തിനെടുത്ത് നെൽക്കൃഷി ചെയ്തിരുന്നു. കൂത്തുപറമ്പിനടുത്ത് മൂര്യാട് കുഞ്ഞമ്പുസ്മാരക എൽപി സ്കൂൾ അദ്ധ്യാപികയായിരുന്ന വിമലയാണ് ഭാര്യ. നടനും സംവിധായകനും ഗായകനുമായ വിനീത് ശ്രീനിവാസൻ, നടനും സംവിധായകനുമായ ധ്യാൻ ശ്രീനിവാസൻ എന്നിവരാണ് മക്കൾ. ദിവ്യയും അർപ്പിതയുമാണ് മരുമക്കൾ. സഹോദരങ്ങൾ: രവീന്ദ്രൻ (ചെന്നൈ), റിട്ട. പ്രഥമാദ്ധ്യാപിക വനജ, രാജഗോപാലൻ, പരേതയായ പത്മാവതി. സംവിധായകൻ എം. മോഹനൻ ഭാര്യാസഹോദരനാണ്. സത്യൻ അന്തിക്കാടുമൊത്ത് ശ്രീനിവാസൻ ഒട്ടേറെ വിജയചിത്രങ്ങൾ ഒരുക്കിയിട്ടുണ്ട്. സത്യൻ അന്തിക്കാട് സംവിധാനംചെയ്ത 'ഞാൻ പ്രകാശൻ' ആണ് ശ്രീനിവാസൻ തിരക്കഥയെഴുതിയ അവസാനചിത്രം.

ചിരിയിൽ പൊതിഞ്ഞ ചിന്തകളാണ് ശ്രീനിവാസൻ സിനിമകളിലൂടെ പ്രേക്ഷകർക്ക് സമ്മാനിച്ചത്. 1976-ൽ പുറത്തിറങ്ങിയ 'മണിമുഴക്ക'ത്തിലൂടെയാണ് അദ്ദേഹം സിനിമാഭിനയത്തിന് തുടക്കമിട്ടത്. അതേവർഷം നാലഞ്ചു ചിത്രങ്ങളിൽ അഭിനയിച്ചെങ്കിലും 1980-ൽ പുറത്തിറങ്ങിയ 'മേള'യിലാണ് ശ്രദ്ധേയമായ വേഷം ലഭിച്ചത്.

## വിജ്ഞാപനം റദ്ദാക്കി

(3-ാം പേജിൽനിന്നും)


പദ്ധതികളെക്കുറിച്ച് അറിവുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തിയാകണം പഠനമെന്നും കോടതി പറഞ്ഞു.

പദ്ധതിക്കായി 350-ൽപരം കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കാനുള്ള നടപടികളാണ് ആരംഭിച്ചത്. ഇതിനായി സർവേ നടന്നുവരികയായിരുന്നു. എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് നമ്പർ 23, മണിമല വില്ലേജിൽ ബ്ലോക്ക് നമ്പർ 19 എന്നിവിടങ്ങളിലെ ആളുകളുടെ സ്ഥലങ്ങൾ, ബ്ലോക്ക് നമ്പർ 22-ൽ ഉൾപ്പെടെ ഗോസ്പൽ ഫോർ ഏഷ്യയും (ചെറുവള്ളി എസ്റ്റേറ്റ്) സർക്കാരും തമ്മിൽ ഉടമസ്ഥാവകാശ തർക്കം കോടതിയിൽ നിലനിൽക്കുന്ന 811 ഹെക്ടർ, 22-ാം നമ്പർ ബ്ലോക്കിൽ ഉൾപ്പെട്ട 43 ഹെക്ടർ, 22-ാം നമ്പർ ബ്ലോക്കിൽ ഉൾപ്പെട്ട മലയാളം പ്ലാന്റേഷൻ ലിമിറ്റഡും സർക്കാരും തമ്മിൽ കോടതിയിൽ ഉടമസ്ഥാവകാശ തർക്കം നിലനിൽക്കുന്ന 1.8 ഹെക്ടർ, മണിമല വില്ലേജിൽ 21-ാം ബ്ലോക്കിൽ ഉൾപ്പെട്ടതും ഗോസ്പൽ ഫോർ ഏഷ്യയും സർക്കാരും തമ്മിൽ ഉടമസ്ഥാവകാശ തർക്കം കോടതിയിൽ നിലനിൽക്കുന്നതുമായ 60 ഹെക്ടറുമാണ് ഏറ്റെടുക്കുന്നതിന് സർക്കാർ നടപടി ആരംഭിച്ചത്.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


PARADISE AUDIO MINISTRIES
FLORIDA - USA
Presents...
SUSAN B JOHN FLORIDA
(LYRICS, MUSIC & PRODUCER)
വാഗ്ദത്തം ചെയ്ത പരൻ
LYRICS, MUSIC & PRODUCER - SUSAN B JOHN FLORIDA
VOX - NILA JOSEPH | ORCHESTRATION - SERHA COMPANY
MIXED AND MASTERED BY KAY ESS @ SS DIGITAL STUDIOS, THIRUVANANTHAPURAM
CHORUS- SERHA PRAMOD, ANGEL SP JOHANA PRAMOD,
VIJIN S JOSEPH,ROSHINI, NELSON JOHN
... COMING SOON ...


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals, Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your Dreams With Us...
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**